

"നിങ്ങൾ യൗസേപ്പിന്റെ പക്കൽ പോകുവിൻ.
അവൻ നിങ്ങളോടു പറയുന്നത്
നിങ്ങൾ ചെയ്യുവിൻ"
(ഉല്പത്തി 41:55)

# വേദപ്രചാര മദ്ധ്യസ്ഥൻ


ചങ്ങനാശേരി അതിരൂപത

സ്ഥാപിതം: മെയ് 20 1887

വാല്യം 93 ● ലക്കം 09 ● മാർച്ച് 2021

വേദപ്രചാര
മദ്ധ്യസ്ഥൻ
ചങ്ങനാശേരി അതിരൂപതാ മുഖപത്രം

# ഉള്ളടക്കം


ഫ്രാൻസിസ് പാപ്പായുടെ സന്ദേശം (2021-ലെ നോമ്പുകാലസന്ദേശം).............. 05
സിനഡ് അനന്തര സർക്കുലർ ........................................................ 11
KCBC സർക്കുലർ - മദ്യവിരുദ്ധ ഞായർ .................................................. 16
സർക്കുലർ ................................................................................ 19
കച്ചേരിക്കാര്യം........................................................................... 25
പടിയറ പിതാവിന്റെ ജന്മശതാബ്ദി ആചരണ റിപ്പോർട്ട്.................................33
22-ാമത് ചങ്ങനാശേരി അതിരൂപത ബൈബിൾ കൺവൻഷൻ റിപ്പോർട്ട്..........35
പബ്ലിക് റിലേഷൻസ് - ജാഗ്രതാസമിതി ...............................................37
സന്ദേശനിലയം...........................................................................38
ചെറുപുഷ്പ മിഷൻലീഗ്.................................................................41
ബൈബിൾ അപ്പോസ്റ്റലേറ്റ് & കുടുംബക്കൂട്ടായ്മ .......................................... 43
ഫാമിലി അപ്പോസ്റ്റലേറ്റ്.................................................................... 45
യുവദീപ്തി................................................................................. 52
കെ.സി.എസ്.എൽ ........................................................................ 55
ചാസ്.......................................................................................56
ദീപിക ഫ്രണ്ട്സ് ക്ലബ്ബ് ...................................................................... 64
കേരളാ ലേബർ മൂവ്മെന്റ്.................................................................. 67
സെന്റ് തോമസ് ഹോസ്പിറ്റൽ...........................................................68
പ്രവാസി അപ്പോസ്തലേറ്റ് .................................................................69
ആത്മതാകേന്ദ്രം ........................................................................71
ഫ്രാൻസിസ്കൻ അല്മായസഭ.............................................................. 72
വിൻസെൻഷ്യൻ വേദി.................................................................... 74
കരിസ്മാറ്റിക് നവീകരണം................................................................ 76
ദലിത് കത്തോലിക്കാ മഹാജനസഭ ...................................................... 77
പൗരോഹിത്യ ആദ്ധ്യാത്മികത............................................................ 78
അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി.......................................................83
Engagements ...........................................................................91


Annual Subscription: Rs. 120/-


Archbishop's House, P.B. No. 20, Changanacherry - 686 101
Tel: 0481 - 2420040, 2420379, 2420614
Fax: 2422540 E-mail: bpjperumthottam@gmail.com
Website: www.archdiocesechanganacherry.org

Ref: 3445/K-5/KCBC/OL/DS 12.2.2021

### പരിശുദ്ധ പിതാവ് ഫ്രാൻസിസ് പാപ്പായുടെ

# 2021-ലെ നോമ്പുകാലസന്ദേശം

*'ഇതാ ! നമ്മൾ ജറുസലേമിലേക്ക് പോകുന്നു''* (മത്താ 20:18)

### നോമ്പ്: വിശ്വാസം, പ്രത്യാശ, സ്നേഹം എന്നിവയുടെ നവീകരണകാലം

പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ,

ഈശോ തന്റെ പിതാവിന്റെ അഭീഷ്ടനിർവ്വഹണമെന്നോണം അവിടുത്തെ ദൗത്യത്തിന്റെ ആഴമേറിയ അർത്ഥം ശിഷ്യന്മാർക്ക് വെളിപ്പെടുത്തിക്കൊടുത്തത് അവിടുന്നു തന്റെ പീഡാനുഭവം, മരണം, പുനരുത്ഥാനം എന്നിവയെക്കുറിച്ച് അവരോട് സംസാരിച്ചപ്പോഴാണ്. അതിൽപ്പിന്നെയാണ് ലോകത്തിന്റെ രക്ഷയ്ക്കായി ആ ദൗത്യത്തിൽ പങ്കുചേരുവാൻ അവിടന്നു ശിഷ്യന്മാരെ വിളിച്ചത്.

ഉയിർപ്പുതിരുനാളിനെ ലക്ഷ്യംവച്ചുള്ള നമ്മുടെ ഈ നോമ്പുകാലയാത്രയിൽ 'മരണംവരെ, അതെ, കുരിശുമരണംവരെ, അനുസരണയുള്ളവനായി, തന്നെത്തന്നെ താഴ്ത്തിയവനെ' (ഫിലി 2:8) നമുക്കു അനുസ്മരിക്കാം. മാനസാന്തരത്തിനുള്ള ഈ കാലയളവിൽ നമുക്കു നമ്മുടെ വിശ്വാസത്തെ നവീകരിക്കുകയും പ്രത്യാശയുടെ 'ജീവജല' ത്തിൽനിന്നു പാനം ചെയ്യുകയും മിശിഹായിൽ നമ്മെ സഹോദരങ്ങളാക്കുന്ന ദൈവത്തിന്റെ സ്നേഹം തുറന്ന ഹൃദയത്തോടെ സ്വീകരിക്കുകയും ചെയ്യാം. ഉയിർപ്പിന്റെ ജാഗരണത്തിൽ നാം നമ്മുടെ ജ്ഞാനസ്നാനവ്രതങ്ങൾ നവീകരിക്കുകയും പരിശുദ്ധാത്മാവിന്റെ പ്രവർത്തനത്താൽ പുതിയ മനുഷ്യരായിത്തീർന്നുകൊണ്ട് പുതുജന്മാനുഭവം കൈവരിക്കുകയും ചെയ്യുന്നു. ഈ നോമ്പുകാലയാത്ര, ക്രിസ്തീയ ജീവിതം ഒരു മുഴുവൻ തീർത്ഥാടനമായിരിക്കുന്നതുപോലെ, ഉത്ഥാനത്തിന്റെ വെളിച്ചത്താൽ പ്രകാശിതവും മിശിഹായുടെ പിൻഗാമികളുടെ ചിന്തകളെയും മനോഭാവങ്ങളെയും തീരുമാനങ്ങളെയും സ്വാധീനിക്കുന്നതുമാണ്.

ഈശോ ഉദ്ബോധിപ്പിക്കുന്നതുപോലെ ഉപവാസവും പ്രാർത്ഥ

നയും ദാനധർമ്മവും (cf. മത്താ 6:1-18) നമ്മുടെ മാനസാന്തരത്തെ സാധ്യമാക്കുകയും പ്രകാശിപ്പിക്കുകയും ചെയ്യുന്നു. ദാരിദ്രത്തിന്റെയും ആത്മപരിത്യാഗത്തിന്റെയും പാതയും പാവപ്പെട്ടവരോടുള്ള സ്നേഹാർദ്രമായ കരുതലും പരിഗണനയും പിതാവായ ദൈവത്തോടുള്ള ശിശുസഹജമായ സംഭാഷണവും നമ്മുടെ നിഷ്ക്കപടമായ വിശ്വാസം, സജീവമായ പ്രത്യാശ, ഫലപ്രദമായ ദാനധർമ്മം എന്നിവ ജീവിക്കുന്നതിനു നമ്മെ പ്രാപ്തമാക്കുന്നു.

**1. വിശ്വാസം, സത്യത്തെ അംഗീകരിക്കുവാനും ദൈവത്തിന്റെയും നമ്മുടെ എല്ലാ സഹോദരീസഹോദരന്മാരുടെയും മുമ്പാകെ അതിനെ സാക്ഷ്യപ്പെടുത്തുവാനും, നമ്മെ ആഹ്വാനംചെയ്യുന്നു.**

ഈ നോമ്പുകാലത്തിൽ, മിശിഹായിൽ വെളിപ്പെടുത്തപ്പെട്ട സത്യത്തെ അംഗീകരിക്കുകയും ജീവിക്കുകയും ചെയ്യുക എന്നതുകൊണ്ട് പ്രഥമത: അർത്ഥമാക്കുന്നത് നമ്മുടെ ഹൃദയങ്ങളെ ദൈവവചനത്തിനു തുറന്നുകൊടുക്കുക എന്നതാണ്. ഇത് തിരുസ്സഭ തലമുറകൾതോറും കൈമാറിപ്പോരുന്നതുമാണ്. ഈ സത്യം തെരഞ്ഞെടുക്കപ്പെട്ട ഏതാനും ബുദ്ധിമാന്മാർക്കായി മാത്രം കരുതിവച്ചിരിക്കുന്ന ഒരമൂർത്ത സങ്കല്പനമല്ല. മറിച്ച്, നാമെല്ലാം അറിയുന്നതിനു മുൻപുതന്നെ നമ്മെ സ്നേഹിക്കുന്ന ദൈവത്തിന്റെ മഹാപ്രതാപത്തിലേക്കു തുറവിയുള്ള ജ്ഞാനഹൃദയർക്കു സ്വീകരിക്കാനും ഗ്രഹിക്കാനും കഴിയുന്ന സന്ദേശമാണിത്. മിശിഹാ തന്നെയാണ് ഈ സത്യം. എല്ലാ പരിമിതികളുമുള്ള നമ്മുടെ മാനുഷികത ഏറ്റുവാങ്ങിക്കൊണ്ട് നിർബന്ധപൂർവ്വമാണെങ്കിലും ഏവർക്കും സ്വീകാര്യമായ രീതിയിൽ നാം എത്തിച്ചേരേണ്ട ജീവിതത്തികവിലേക്ക് അവൻ നമുക്ക് വഴിയായി മാറി.

ഉപവാസം, ഒരു ആത്മപരിത്യാഗാനുഭവം എന്ന രൂപത്തിൽ ഏറ്റെടുക്കുവാൻ കഴിയുന്നവർക്ക് അതിനെ ഒരു ദൈവികദാനമായി എളിമയുള്ള ഹൃദയത്തിൽ വീണ്ടും കണ്ടെത്തുവാൻ സാധിക്കും. മാത്രവുമല്ല, ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ടവർക്ക് ആ ദാനത്തെ അംഗീകരിക്കുവാനും കഴിയുന്നു. അതുവഴി നമ്മൾ അവനിൽ നിറവ് കണ്ടെത്തുകയും ചെയ്യുന്നു. ദാരിദ്ര്യാനുഭവത്തിന്റെ ആശ്ലേഷണം വഴി ഉപവാസമെടുക്കുന്നവർ ദരിദ്രരോടൊപ്പം ദരിദ്രരാവുകയും കൈക്കൊണ്ടതും കൈമാറിയതുമായ സ്നേഹത്തിന്റെ നിധി സ്വരുക്കൂട്ടുകയും ചെയ്യുന്നു. ഈവിധത്തിൽ ഉപവാസം ദൈവത്തെയും അയല്ക്കാരെയും സ്നേഹിക്കുന്നതിന് നമ്മെ സഹായിക്കുന്നു. വി. തോമസ് അക്വീനാസ് പഠിപ്പിക്കുന്നതുപോലെ സ്നേഹം എത്രത്തോളം നമ്മുടെ ശ്രദ്ധയെ മറ്റുള്ളവരിലേക്ക് കേന്ദ്രീകരിക്കുന്ന ബഹിർചലനമാകുന്നുവോ അത്രത്തോളം ഉപവാസം അവരെ നമ്മിൽ

ഒരാളായിത്തന്നെ പരിഗണിക്കുന്നതിനു ഇടയാക്കുകയും ചെയ്യുന്നു (cf. *Fratelli Tutti*, 93).

നോമ്പുകാലം വിശ്വസിക്കുവാനും ദൈവത്തെ നമ്മുടെ ജീവിതത്തിലേക്ക് കൊണ്ടുവന്ന് നമ്മുടെയിടയിൽ അവിടുത്തേക്ക് വാസം ഒരുക്കുന്നതിനും വേണ്ടിയുള്ളതാണ് (cf. യോഹ 14:23). നമ്മെ ഭാരപ്പെടുത്തുന്ന ഉപഭോക്തൃ മൂല്യങ്ങളിൽനിന്നും ശരിയും തെറ്റും തിരിച്ചറിയാനാവാത്തവിധമുള്ള വിവരങ്ങളുടെ ആധിക്യം എന്നിവയിൽ നിന്നുള്ള വിടുതലും ഉപവാസം ഉൾക്കൊള്ളുന്നുണ്ട്. ഇത് നമ്മുടെ ഹൃദയകവാടങ്ങളെ, നമ്മിലേക്ക് കടന്നുവരുന്നവനും എല്ലാത്തിലും ദരിദ്രനും എന്നാൽ കൃപയും സത്യവും നിറഞ്ഞവനുമായ (യോഹ 1:14) നമ്മുടെ രക്ഷകനും ദൈവപുത്രനുമായ ഈശോമിശിഹായ്ക്കുവേണ്ടി തുറക്കുന്നതിനുമായാണ്.

### 2. പ്രത്യാശ 'ജീവജല'മെന്ന നിലയിൽ നമ്മുടെ യാത്ര തുടരുന്നതിന് നമ്മെ പ്രാപ്തമാക്കുന്നു

കിണറ്റിൻ കരയിൽവച്ച് സമരിയാക്കാരി സ്ത്രീയോട് ദാഹജലം ചോദിച്ച ഈശോ അവൾക്ക് 'ജീവജലം' (യോഹ 4:10) വാഗ്ദാനം ചെയ്തു. എന്നാൽ അതിന്റെ അർത്ഥമെന്തെന്ന് അവൾക്ക് മനസ്സിലായില്ല. സ്വാഭാവികമായി അവൾ ചിന്തിച്ചുപോയത് ദാഹജലത്തെപ്പറ്റിയാണ്. ഈശോ ഉദ്ദേശിച്ചതാകട്ടെ പെസഹാരഹസ്യത്തിലൂടെ അവിടുന്ന് സമൃദ്ധമായി നൽകാനിരുന്ന, ഒരിക്കലും നിരാശപ്പെടുത്താത്ത പരിശുദ്ധാത്മാവാകുന്ന പ്രത്യാശയെയാണ്. ഈ പ്രത്യാശയെപ്പറ്റി ഈശോ തന്റെ പീഡാനുഭവത്തെയും മരണത്തെയും കുറിച്ച് മുൻപേതന്നെ സംസാരിച്ചപ്പോൾ സൂചിപ്പിച്ചിട്ടുള്ളതാണ്. അതായത് 'മൂന്നാം ദിവസം അവൻ ഉയിർപ്പിക്കപ്പെടും' (മത്താ 20:19) ഇതുവഴി ഈശോ പറഞ്ഞുവച്ചത് പിതൃകരുണയാൽ നമ്മുടെ ഭാവി തുറക്കപ്പെട്ടിരിക്കുന്നു എന്നാണ്. അവനോടൊപ്പവും അവനാൽത്തന്നെയും പ്രത്യാശിക്കുകയെന്നതിന്റെ അർത്ഥം നമ്മുടെ തെറ്റുകുറ്റങ്ങൾ കൊണ്ടോ, അക്രമവും അനീതിയും കൊണ്ടോ, സ്നേഹത്തെ ക്രൂശിലേറ്റിയതിന്റെ പാപം നിമിത്തമോ ചരിത്രം ഇല്ലാതാകുന്നില്ല എന്നുപറഞ്ഞാൽ അവന്റെ ഹൃദയവിശാലതയിൽനിന്ന് പിതാവിന്റെ പാപക്ഷമ സ്വീകരിക്കുകയെന്നർത്ഥം.

ഈ കാലഘട്ടത്തിലെ കലങ്ങിയ സാഹചര്യത്തിൽ എല്ലാ കാര്യങ്ങളും ദുർബ്ബലവും അനിശ്ചിതത്വവുമായിരിക്കുമ്പോൾ പ്രത്യാശയെക്കുറിച്ചു സംസാരിക്കുകയെന്നതുതന്നെ ഒരു വെല്ലുവിളിയാണ്. എന്നിരുന്നാലും നോമ്പ് യഥാർത്ഥത്തിൽ പ്രത്യാശയുടെ ഒരു കാലയളവാണ്. നമ്മൾ ദൈവത്തിലേക്ക് പിന്തിരിയുമ്പോൾ അവിടുന്ന് എപ്പോഴും സൃഷ്ടപ്രപഞ്ചത്തെ ക്ഷമാപൂർവ്വം സംരക്ഷിച്ചുപോരുന്നതായാണ്

കാണാൻ കഴിയുക. എന്നാൽ നമ്മൾ അതിനെ ദുരുപയോഗം ചെയ്യുന്നു (cf. Laudato Si, 32-33; 43-44). വിശുദ്ധ പൗലോസ് ശ്ലീഹായുടെ കാഴ്ചപ്പാടിൽ അനുരഞ്ജനത്തിലാണ് നമ്മൾ പ്രത്യാശയർപ്പിക്കേണ്ടത്. അതുകൊണ്ടാണ് അദ്ദേഹം പറയുന്നത്, 'ദൈവത്തോട് അനുരഞ്ജനപ്പെടുവിൻ' (2 കോറി 5:20). മാനസാന്തര പ്രക്രിയയുടെ അടിസ്ഥാനമായ പാപപ്പൊറുതി കൂദാശയിലൂടെ സ്വീകരിക്കുമ്പോൾ നമുക്കും ക്ഷമയുടെ സന്ദേശം മറ്റുള്ളവർക്ക് നൽകാൻ സാധിക്കും. നമ്മൾതന്നെ പാപക്ഷമ സ്വീകരിച്ചുകൊണ്ട് സ്വമനസ്സാ നമുക്കും മറ്റുള്ളവരുമായി അവധാനപൂർവ്വം സംഭാഷണത്തിൽ ഏർപ്പെട്ടുകൊണ്ട് വേദനിക്കുന്നവർക്കും സങ്കടപ്പെടുന്നവർക്കും സാന്ത്വനമേകാൻ സാധിക്കും. നമ്മുടെ വാക്കുകളാലും പ്രവൃത്തികളാലും വാഗ്ദാനം ചെയ്യുന്ന ദൈവത്തിന്റെ പാപക്ഷമ ഉയിർപ്പിന്റെ സാഹോദര്യത്തിനു നമ്മെ പ്രാപ്തമാക്കുന്നു.

നോമ്പിൽ നമുക്ക് സൗഖ്യം പകരുന്നതും ശക്തിപ്പെടുത്തുന്നതും ആശ്വാസം പകരുന്നതും പ്രോത്സാഹജനകവുമായ വാക്കുകൾക്കും കൂടുതൽ പ്രാധാന്യം നൽകാം. തരംതാഴ്ത്തുന്നതും സങ്കടപ്പെടുത്തുന്നതും ദ്വേഷമുണ്ടാക്കുന്നതും ശകാരപരവുമായ വാക്കുകൾ ഉപേക്ഷിക്കാം *(Fratelli Tutti, 223)*. ചിലപ്പോൾ ദയാവായ്പിനാലും നമ്മുടെ എല്ലാ കാര്യങ്ങളും മറ്റുള്ളവർക്കായി മാറ്റിവച്ചുകൊണ്ടുതന്നെ പ്രത്യേക താൽപര്യമെടുത്തും, ഒരു പുഞ്ചിരി സമ്മാനിച്ചുകൊണ്ടും, പ്രോത്സാഹജനകമായ വാക്കുകളിലൂടെയും പൊതുവെയുള്ള നിസ്സംഗതയ്ക്കിടയിൽ ശ്രദ്ധാലുവായിക്കൊണ്ടും മറ്റുള്ളവർക്ക് പ്രത്യാശ പകരാൻ നമുക്കു സാധിക്കും (ibid., 224).

ധ്യാനവും പ്രാർത്ഥനയുംവഴി പ്രത്യാശ നമുക്ക് ഉത്തേജനവും ആന്തരികപ്രകാശവും നൽകുന്നു. നമ്മുടെ ദൗത്യനിർവ്വഹണത്തിൽ നേരിടേണ്ടിവരുന്ന വെല്ലുവിളികളെയും തെരഞ്ഞെടുപ്പുകളെയും ഉജ്ജ്വലിപ്പിക്കുകയും ചെയ്യുന്നു. ഇതുകൊണ്ടാണ് നമ്മുടെ പിതാവായ ദൈവത്തിന്റെ ഹൃദ്യസ്നേഹത്തെ അനുഭവിക്കുന്നതിനു നമ്മൾ രഹസ്യത്തിൽ പ്രാർത്ഥിക്കുന്നു (cf. മത്താ 6:6) വെന്നു പറയുന്നത്.

പ്രത്യാശയിൽ നോമ്പിന്റെ അനുഭവം ഉണ്ടാവണം എന്നുപറയുമ്പോൾ 'എല്ലാറ്റിനെയും നവീകരിക്കുന്ന' (cf. വെളി 21:1–6) ദൈവത്തിന് ഈശോയിലൂടെ ഈ പുതിയ കാലത്തിൽ സാക്ഷികളാവുക എന്നതാണ്. അതായത്, കുരിശിൽ ജീവൻ നൽകി മൂന്നാംനാൾ ഉയിർത്തെഴുന്നേറ്റ മിശിഹായുടെ പ്രത്യാശയെപ്പറ്റി വിശദീകരണം ആവശ്യപ്പെടുന്ന ഏവരോടും മറുപടി പറയാൻ സന്നദ്ധരാവുകയാണ് (1 പത്രോ 3:15).

**3. സ്നേഹമെന്നത് വിശ്വാസത്തിന്റെയും പ്രത്യാശയുടെയും ഏറ്റ വും ഉന്നതമായ പ്രകാശനവും മിശിഹായുടെ കാലടികളെ പിൻതു ടർന്നുകൊണ്ട് എല്ലാവരോടുമുള്ള കരുണയും കരുതലുമാണ്.**

മറ്റുള്ളവരുടെ വളർച്ച കണ്ട് സ്നേഹം സന്തോഷിക്കുന്നു. ഇക്കാര ണത്താലാണ് മറ്റുള്ളവർ തീവ്രമായി വേദനിപ്പിക്കപ്പെടുമ്പോഴും ഏകാ ന്തതയനുഭവിക്കുമ്പോഴും രോഗികളോ ഭവനരഹിതരോ ആകുമ്പോഴും, നിന്ദിക്കപ്പെടുമ്പോഴും സ്നേഹം എല്ലാം സഹിക്കുന്നത്. സ്നേഹം ഹൃദയ ത്തിന്റെ ഒരു കുതിച്ചുചാട്ടമാണ്. ഇത് നമ്മെ നമ്മിൽ നിന്നുതന്നെ പുറത്തുകൊണ്ടുവരികയും മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതിനും ഐക്യപ്പെടുന്നതിനുമുള്ള ഉടമ്പടിയെ ഉളവാക്കുകയും ചെയ്യുന്നു.

'സാമൂഹിക സ്നേഹം' നാമെല്ലാവരും വിളിക്കപ്പെട്ടിരിക്കുന്ന സ്നേഹസംസ്ക്കാരത്തിലേക്ക് കുതിക്കുന്നതിനുള്ള സാധ്യതയൊരു ക്കുന്നു. സ്നേഹം അതിന്റെ സാർവ്വത്രികതയാർന്ന ആവേശത്താൽ പുതിയൊരു ലോകം കെട്ടിപ്പടുക്കുന്നതിനുശേഷിയുള്ളതാണ്. അതു വെറുമൊരു വികാരമല്ല. ഓരോരുത്തർക്കും ഫലപ്രദമായ വികസനപാ തകൾ കണ്ടെത്തുന്നതിന് ഏറ്റവും മികച്ച ഉപായമാണ് *(Fratelli Tutti,* 183*)*.

സ്നേഹം നമ്മുടെ ജീവിതത്തെ സാർത്ഥകമാക്കുന്ന ഒരു സമ്മാ നമാണ്. അത് സഹായം ആവശ്യമുള്ളവരെ സ്വന്തം കുടുംബാംഗങ്ങ ളെപ്പോലെയും സുഹൃത്തുക്കളെപ്പോലെയും സഹോദരീസഹോദര ന്മാരെപ്പോലെയും നോക്കിക്കാണുന്നു. സ്നേഹപൂർവ്വം കൊടുക്കുന്ന ചെറിയൊരു തുക ഒരിക്കലും വറ്റാത്ത ജീവന്റെയും സന്തോഷ ത്തിന്റെയും സ്രോതസ്സായി മാറുന്നു. അത്തരത്തിലുള്ളതായിരുന്നു സറേഫാത്തിലെ വിധവയുടെ എണ്ണപാത്രവും മാവിൻ കലവും. അതിൽ നിന്നാണ് അവൾ പ്രവാചകനായ ഏലിയായ്ക്ക് അപ്പം നൽകിയത് (cf. 1 രാജാ 17:7-16). അപ്രകാരംതന്നെയായിരുന്നു ഈശോ അപ്പമെടുത്തു ആശീർവ്വദിച്ച് മുറിച്ച് ജനക്കൂട്ടത്തിന് വിതരണം ചെയ്യാനായി ശിഷ്യ ന്മാരെ ഏല്പിച്ച സംഭവവും (cf. മക്കാ 6:30-44). സന്തോഷത്തോടെയും ലാളിത്യത്തോടെയും നമ്മൾ നൽകുന്ന ചെറുതും വലുതുമായ ദാന ധർമ്മങ്ങളുടെയെല്ലാം സ്ഥിതി ഇതിൽനിന്നു ഭിന്നമല്ല.

സ്നേഹത്തോടുകൂടിയുള്ള നോമ്പനുഭവം എന്നതു കോവിഡ് 19 എന്ന മഹാമാരിമൂലം കഷ്ടപ്പെടുന്നവരെയും 'ഭയപ്പെടുന്നവരെയും, ഉപേ ക്ഷിക്കപ്പെടുന്നവരെയും പരിരക്ഷിക്കലാണ്. ഭാവിയെക്കുറിച്ചുള്ള ഗുരുത രമായ ആശങ്കയും അനിശ്ചിതത്വവും നിറഞ്ഞ ഈ കാലയളവിൽ കർത്താ വിന്റെ ദാസനോടുള്ള അവിടുത്തെ വാക്കുകൾ നമുക്കോർക്കാം. ഭയപ്പെടേണ്ട; ഞാൻ നിന്നെ രക്ഷിച്ചിരിക്കുന്നു (ഏശ 43:1). നമ്മുടെ

പരോപകാരപ്രവൃത്തികളിലൂടെ മറ്റുള്ളവർക്ക് നൽകാൻ കഴിയുന്ന ഉറപ്പിനെക്കുറിച്ചും സഹായത്തെക്കുറിച്ചും സംസാരിച്ചുകൊണ്ട് ദൈവവും അവരെ സ്വന്തം പുത്രീപുത്രന്മാരെപ്പോലെ സ്നേഹിക്കുന്നുവെന്ന് അവരെ ബോധ്യപ്പെടുത്തുകയും ചെയ്യാം.

'മറ്റുള്ളവരുടെ ബഹുമാന്യത മനസ്സിലാകുന്നത് പരസ്നേഹപ്രവൃത്തികളാൽ പരിണമിപ്പിക്കപ്പെട്ട ദൃഷ്ടിയിലൂടെ മാത്രമാണെന്നും അതുവഴിയായി ദരിദ്രരെ അംഗീകരിക്കുകയും അവരുടെ വ്യക്തിത്വവും സംസ്ക്കാരവും വിലമതിച്ചുകൊണ്ട് സമൂഹത്തിലേക്ക് അവരെ ഉൾച്ചേർക്കുകയും ചെയ്യേണ്ടിയിരിക്കുന്നു *(Fratelli Tutti,* 187*).*

പ്രിയപ്പെട്ട സഹോദരീസഹോദരന്മാരേ, നമ്മുടെ ജീവിതത്തിലെ ഓരോ നിമിഷവും വിശ്വസിക്കുവാനും പ്രത്യാശിക്കുവാനും സ്നേഹിക്കുവാനുമുള്ളതാണ്. മാനസാന്തരത്തിലേക്കുള്ള ഒരു യാത്രാ വിളിയായി നോമ്പനുഭവത്തെ സഹായിക്കുന്നതു സമൂഹമെന്നനിലയിലും വ്യക്തികളെന്ന നിലയിലും നമ്മുടെ പ്രാർത്ഥനയും പങ്കുവെയ്ക്കലുമാണ്. അതുവഴി മിശിഹായിൽനിന്നു നിർഗ്ഗളിക്കുന്ന വിശ്വാസത്തെയും പരിശുദ്ധാത്മനിവേശത്താലുള്ള പ്രത്യാശയെയും പിതാവായ ദൈവത്തിന്റെ കരുണാർദ്രമായ ഹൃദയത്തിൽനിന്ന് ഒഴുകുന്ന സ്നേഹത്തെയും ചൈതന്യവത്താക്കാൻ സാധിക്കുന്നു.

കുരിശിൻ ചുവട്ടിലും സഭാഹൃദയത്തിലും എന്നും വിശ്വസ്തയായി വിരാജിക്കുന്ന നമ്മുടെ രക്ഷകന്റെ അമ്മയായ മറിയത്തിന്റെ സ്നേഹസാന്നിധ്യം നമ്മെ സമുദ്ധരിക്കട്ടെ. ഉത്ഥിതനായ കർത്താവിന്റെ അനുഗ്രഹം ഉയിർപ്പിന്റെ പ്രകാശത്തിലേക്കുള്ള യാത്രയിൽ നാമെല്ലാവരോടുകൂടി ഉണ്ടായിരിക്കട്ടെ!

## ഫ്രാൻസിസ് പാപ്പ

റോമിൽനിന്ന്, 11 നവംബർ 2020
ടൂർസിലെ വി. മാർട്ടിന്റെ സ്മരണദിവസം

പി.ഒ.സി., കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി - 682 025

Prot. No. 0241/2021

**സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പ്**
**കർദ്ദിനാൾ ജോർജ് ആലഞ്ചേരി തന്റെ സഹശുശ്രൂഷകരായ**
**മെത്രാപ്പോലീത്താമാർക്കും മെത്രാന്മാർക്കും വൈദികർക്കും**
**സമർപ്പിതർക്കും തന്റെ അജപാലന ശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന**
**എല്ലാ ദൈവജനത്തിനും എഴുതുന്നത്.**

# സിനഡ് അനന്തര സർക്കുലർ

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

സീറോമലബാർ സഭയുടെ 29-ാം സിനഡിന്റെ ഒന്നാം സമ്മേളനം 2021 ജനുവരി 11 മുതൽ 16 വരെ കോവിഡിന്റെ പശ്ചാത്തലത്തിൽ ഓൺലൈനായി നടന്നു. നമ്മുടെ സഭയെയും വിശ്വാസത്തെയും സംബന്ധിക്കുന്ന ആത്മീയ സാമൂഹ്യ രാഷ്ട്രീയ വിഷയങ്ങളാണ് ആറുദിവസം നീണ്ട സിനഡിൽ ചർച്ചചെയ്തത്. കോവിഡിന്റെ പരിമിതികൾക്കുള്ളിലും വിശ്വാസവും സഭാസ്നേഹവും സജീവമായി നിലനിർത്താൻ സമർപ്പണ ബുദ്ധിയോടെ പ്രവർത്തിക്കുന്ന സഭാംഗങ്ങളെ സിനഡ് നന്ദിയോടെ അനുസ്മരിക്കുന്നു. വിശ്വാസത്തിലും പ്രത്യാശയിലും അധിഷ്ഠിതമായ സ്നേഹ സാന്നിധ്യം വഴി ലോകത്തിനു മുഴുവൻ മാർഗ്ഗദർശിയായ പരിശുദ്ധപിതാവ് ഫ്രാൻസിസ് മാർപാപ്പായുടെ ധീരമായ നേതൃത്വത്തെ സിനഡ് പിതാക്കന്മാർ അഭിമാനത്തോടെ അനുസ്മരിച്ചു. എല്ലാവരും സഹോദരർ *(Fratelli Tutti)* എന്ന പാപ്പായുടെ പുതിയ ചാക്രികലേഖനം തികച്ചും സമയോചിതമായ സാമൂഹ്യബോധനമാണ്. കോവിഡിന്റെ അന്ധകാരത്തിനിടയിലും

ദൈവം തെളിച്ച നക്ഷത്രങ്ങൾപോലെ സീറോമലബാർ സഭയിൽ 235 നവവൈദികർ പുതുവർഷത്തിൽ അഭിഷിക്തരായി എന്നത് അഭിമാന കരമാണ്.

## അനുസ്മരണയും അഭിനന്ദനവും

സീറോമലബാർ സഭയുടെ അഭിമാനമായിരുന്ന മാർ പോൾ ചിറ്റില പ്പിള്ളി, ആർച്ചുബിഷപ്പ് മാർ ജോസഫ് ചേന്നോത്ത് എന്നീ പിതാ ക്കന്മാരുടെ ആകസ്മികമായ നിര്യാണത്തിൽ സിനഡ് പ്രാർത്ഥനാ പൂർവ്വം അനുശോചനം രേഖപ്പെടുത്തി. തന്റെ ഇടയ ശുശ്രൂഷയിലൂടെ കല്യാൺ, താമരശ്ശേരി രൂപതകളുടെ സർവ്വതോന്മുഖമായ വളർച്ചയ്ക്കു നേതൃത്വം നൽകിയ അഭിവന്ദ്യ മാർ പോൾ ചിറ്റിലപ്പിള്ളി പിതാവ് സീറോ മലബാർ സഭയുടെ ആരാധനക്രമ നവീകരണത്തിനും സഭയുടെ പ്രത്യേക നിയമസംഹിത (Particular Law) യുടെ രൂപീകരണത്തിനും നൽകിയ സംഭാവനകൾ അവിസ്മരണീയങ്ങളാണ്. ജപ്പാനിലെ വത്തിക്കാൻ സ്ഥാനപതിയായി ശുശ്രൂഷ ചെയ്യുന്നതിനിടയിൽ നിത്യഭാഗ്യത്തിനായി വിളിക്കപ്പെട്ട ആർച്ചുബിഷപ് മാർ ജോസഫ് ചേന്നോത്ത് പിതാവിനെ ആ രാജ്യത്തിന്റെ ഉന്നത ബഹുമതി നൽകി ജപ്പാൻ ഗവൺമെന്റ് ആദ രിച്ചത് നമുക്ക് ഏറെ അഭിമാനകരമാണ്. ഈ വന്ദ്യപിതാക്കന്മാരെ ദൈവം നിത്യസൗഭാഗ്യം നൽകി അനുഗ്രഹിക്കട്ടെ.

കോട്ടയം അതിരൂപതയുടെ പുതിയ സഹായമെത്രാനായി നിയ മിതനായ ഗീവർഗീസ് മാർ അപ്രേം പിതാവിന് ഇടയവഴിയിൽ എല്ലാ നന്മകളും ഭാവുകങ്ങളും നേരുന്നു. സീറോമലബാർ സഭയും സീറോ മലങ്കരസഭയും തമ്മിലുള്ള ഹൃദ്യമായ സാഹോദര്യത്തിന്റെ സാക്ഷ്യ മായി അഭിവന്ദ്യപിതാവിന്റെ നിയമനത്തെ നമുക്കു മനസ്സിലാക്കാം.

## യുവജന ശുശ്രൂഷകൾ

സീറോമലബാർ സഭയുടെ ഔദ്യോഗിക യുവജന സംഘടന 'സീറോ മലബാർ യൂത്ത് മൂവ്മെന്റ്' (SMYM) ആണ്. കേരളത്തിലെ മൂന്ന് വ്യക്തിസഭകളിലെയും തനതു യുവജന സംഘടനകളുടെ കൂട്ടായ്മയാ യാണ് കെ. സി. വൈ. എം. പ്രവർത്തിക്കുന്നത്. അതിനാൽ SMYM ലെ അംഗത്വം വഴിയാണ് നമ്മുടെ സഭയിലെ യുവജനങ്ങൾ കെ.സി.വൈ. എം. ന്റെ ഭാഗമാകുന്നത്. സീറോമലബാർ സഭയിലെ 15 വയസ്സിനും 30 വയസ്സിനും ഇടയിൽ പ്രായമുള്ള എല്ലാ യുവജനങ്ങളും SMYM ന്റെ ഭാഗമാകണമെന്നാണ് സിനഡ് ആഗ്രഹിക്കുന്നത്. ഇതിനാവശ്യമായ നടപടിക്രമങ്ങൾ ഓരോ രൂപതയിലും സമയബന്ധിതമായി നടപ്പിലാ ക്കണമെന്ന യുവജനകമ്മീഷന്റെ നിർദ്ദേശം സിനഡ് അംഗീകരിച്ചു. 30 വയസ്സു പൂർത്തിയായ യുവജനങ്ങൾ കത്തോലിക്കാ കോൺഗ്രസ്സിൽ അംഗങ്ങളായി ചേർന്ന് സഭാശുശ്രൂഷയിൽ സജീവമാകണം. ഇതിനാ

വശ്യമായ ക്രമീകരണങ്ങൾ കത്തോലിക്കാ കോൺഗ്രസ്സിന്റെ സംഘടനാതലത്തിൽ വരുത്തുന്നതാണ്.

### ആരാധനക്രമം

സഭയുടെ ആരാധനക്രമവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സിനഡ് വിശദമായ ചർച്ചകൾനടത്തി. കോവിഡിന്റെ പശ്ചാത്തലത്തിൽ മൃതദേഹങ്ങൾ ദഹിപ്പിക്കേണ്ട സാഹചര്യം ആരോഗ്യപരമായ കാരണങ്ങളാൽ ആവശ്യമായി വരുന്നുണ്ട്. വിശ്വാസികളുടെ മൃതദേഹം ദഹിപ്പിക്കുന്ന സന്ദർഭങ്ങളിൽ ഉപയോഗിക്കാനുള്ള പ്രാർഥനകൾക്കു സിനഡ് അംഗീകാരം നൽകിയിട്ടുണ്ട്. മൃതദേഹം ദഹിപ്പിക്കുന്ന സന്ദർഭങ്ങളിൽ ഇനിമേൽ ഈ ക്രമം അനുഷ്ഠിക്കേണ്ടതാണ്. ക്രൈസ്തവ വിശ്വാസത്തിൽ മൃതദേഹത്തോടു പുലർത്തുന്ന സവിശേഷമായ ആദരവ് സംസ്കരിക്കുമ്പോഴും ദഹിപ്പിക്കുമ്പോഴും ഒരുപോലെ പരിരക്ഷിക്കപ്പെടേണ്ടതാണ് എന്ന വസ്തുത സിനഡ് ആവർത്തിച്ച് ഓർമ്മിപ്പിക്കുന്നു.

നമ്മുടെ ആരാധനക്രമത്തിൽ വി. കുർബ്ബാനകളിൽ വായിക്കുന്നതിന് പരമ്പരാഗതമായുണ്ടായിരുന്ന വായനാ പഞ്ചാംഗത്തിനൊപ്പം മറ്റൊരു വായനാ പഞ്ചാംഗത്തിനുകൂടി സിനഡ് പരീക്ഷണാർത്ഥം അംഗീകാരം നൽകിയിട്ടുണ്ട്. അടുത്ത ആരാധനക്രമവത്സരത്തിൽ ഈ പുതുക്കിയ വായനാപഞ്ചാംഗമാണ് നാം ഉപയോഗിക്കുന്നത്. കൂടാതെ, സഭയിലെ വിവിധതിരുനാളുകളെ അവയുടെ പ്രാധാന്യത്തിനനുസരിച്ച് ക്രമീകരിച്ച പട്ടികയ്ക്കും സിനഡ് അംഗീകാരം നൽകി. സീറോ മലബാർ സഭയുടെ യാമപ്രാർത്ഥനകൾ പരിഷ്കരിക്കുന്നതിനായുള്ള അവസാനവട്ട ചർച്ചകളും സിനഡിൽ നടന്നു.

### ക്രൈസ്തവ പീഡനം

ആഗോളതലത്തിൽ ക്രൈസ്തവർക്കെതിരായ പീഡനങ്ങൾ വർദ്ധിച്ചുവരുന്നതിൽ സിനഡ് ആശങ്കരേഖപ്പെടുത്തി. തങ്ങളുടെ ക്രിസ്തീയ വിശ്വാസത്തെപ്രതി പ്രതിദിനം 13 ക്രിസ്ത്യാനികൾ രക്തസാക്ഷിത്വം വരിക്കുന്നു എന്ന കണക്ക് ഭീതിപ്പെടുത്തുന്നതാണ്. 2020 ഡിസംബർമാസത്തിൽ 750 ക്രൈസ്തവർ എത്യോപ്യായിൽ കൂട്ടക്കൊല ചെയ്യപ്പെട്ടത് ലോകമനസ്സാക്ഷിയെത്തന്നെ നടുക്കിയ സംഭവമാണ്. പീഡാനുഭവങ്ങളുടെയും രക്തസാക്ഷിത്വത്തിന്റെയും വഴികളിൽ തളരാത്ത വിശ്വാസതീക്ഷ്ണത പ്രകടമാക്കിയ ഈ ധീരരക്തസാക്ഷികളുടെ മാതൃക നമ്മുടെ വിശ്വാസജീവിതത്തെ പ്രചോദിപ്പിക്കേണ്ടതാണ്. തീവ്രമായ സഹനത്തിന്റെയും വ്യവസ്ഥയില്ലാത്ത ക്ഷമയുടെയും സുവിശേഷ വഴികളിൽ ധീരമായി മുന്നേറാൻ പീഡിത സഭകളിലെ വിശ്വാസികൾക്കുവേണ്ടി നമുക്ക് തീക്ഷ്ണമായി പ്രാർത്ഥിക്കാം.

## കർഷക സമരം

രാജ്യതലസ്ഥാനത്ത് മാസങ്ങളായി സമരമുഖത്തായിരിക്കുന്ന കർഷകരോട് സീറോമലബാർസഭ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു. തങ്ങളുടെ ന്യായമായ അവകാശങ്ങൾപോലും കോർപ്പറേറ്റു മുതലാളിമാർക്ക് അടിയറവയ്ക്കേണ്ടിവരുന്ന സാഹചര്യമാണ് പുതിയ കാർഷിക ബില്ലിലൂടെ നടപ്പിലാകുന്നത് എന്ന കർഷകരുടെ ആശങ്ക പരിഹരിക്കപ്പെടേണ്ടതാണ്. കർഷകചന്തകൾ, ഉല്പന്നങ്ങളുടെ താങ്ങുവില, അവശ്യസാധനങ്ങളുടെ സംഭരണത്തിലെ നിയന്ത്രണ നിരോധനം, കോൺട്രാക്ട് ഫാമിംഗ് തുടങ്ങി ഒട്ടേറെ വിഷയങ്ങൾ പുതിയ കാർഷിക നിയമത്തിൽ കർഷകരെ ആശങ്കപ്പെടുത്തുന്നുണ്ട്. കർഷകരുമായി വേണ്ടത്ര കൂടിയാലോചനകൾ നടത്താതെയാണ് പുതിയ നിയമം നടപ്പിലാക്കിയത് എന്ന ആക്ഷേപത്തിനും പരിഹാരം കാണേണ്ടതുണ്ട്. രാജ്യത്തിന്റെ അന്നദാതാക്കളായ കർഷകർ തങ്ങളുടെ നിലനിൽപിനായി തെരുവിലിറങ്ങേണ്ടി വന്നത് അങ്ങേയറ്റം ദുഃഖകരമാണ്. കേരളത്തിലെ കർഷകർ അനുഭവിക്കുന്ന വിളകളുടെ വിലത്തകർച്ച, വന്യമൃഗശല്യം, ബഫർസോൺ പരിസ്ഥിതിലോല ഭീഷണികൾ എന്നിവയ്ക്കും ശാശ്വതമായ പരിഹാരം ആവശ്യമാണ്.

## സഭയിലെ അച്ചടക്കം

കത്തോലിക്കാ സഭയുടെ കെട്ടുറപ്പിനും മഹനീയമായ മാതൃകയ്ക്കും കാരണമായവയിൽ സഭയിലെ അച്ചടക്കത്തിന് സുപ്രധാനമായ പങ്കാണുള്ളത്. സമീപകാലത്ത് സീറോമലബാർസഭയിലെ ചില വൈദികരും സമർപ്പിതരും അല്മായ നേതാക്കന്മാരും സഭയുടെ അച്ചടക്കത്തെയും കൂട്ടായ്മയെയും വെല്ലുവിളിക്കുന്ന നിലപാടുകളുമായി പരസ്യമായി രംഗത്തു വരുന്നതായി സിനഡ് വിലയിരുത്തി. സഭയുടെ ആഭ്യന്തരവേദികളിൽ ചർച്ച ചെയ്തു പരിഹരിക്കേണ്ട വിഷയങ്ങൾ പൊതുവേദികളിൽ വിവാദമാക്കുന്നതിലൂടെ സഭാഗാത്രത്തിനുണ്ടാകുന്ന മുറിവ് വലുതാണ്. സഭാപ്രബോധനങ്ങൾക്കും സഭാനേതൃത്വത്തിനും എതിരായ നിലപാടുകൾ സ്വീകരിക്കുന്നവരെ തിരുത്താനും ആവശ്യമെങ്കിൽ സഭാനിയമം അനുശാസിക്കുന്ന ശിക്ഷണ നടപടികൾ സ്വീകരിക്കാനും അതാതു രൂപതാദ്ധ്യക്ഷന്മാരെ സിനഡ് ചുമതലപ്പെടുത്തി.

മൗലികവാദങ്ങൾ സമൂഹത്തിന്റെ ഭദ്രതയ്ക്കും സമുദായസൗഹാർദ്ദത്തിനും ഹാനികരമാണ്. ഇതര മതങ്ങളുമായുള്ള ബന്ധം, ആരാധനക്രമം, സഭയിലെ കരിസ്മാറ്റിക് നവീകരണം തുടങ്ങിയ മേഖലകളിൽ തികച്ചും മൗലികവാദപരവും വിഭാഗീയത ഉളവാക്കുന്നതുമായ ചില നിലപാടുകൾ സമീപകാലത്ത് മുളയെടുക്കുന്നതായി സിനഡ് വിലയി

രുത്തി. ഇത്തരം മൗലികവാദപരവും അസഹിഷ്ണുത നിറഞ്ഞതും പ്രകോപനകരവുമായ പ്രവർത്തനങ്ങളും പ്രസ്താവനകളും സഭയിലും സമൂഹത്തിലും ഏറെ വിവാദങ്ങൾക്കും ഭിന്നതകൾക്കും കാരണമാകുന്നുണ്ട്. സഭയുടെ നന്മയെ ലക്ഷ്യമാക്കിക്കൊണ്ട് പ്രവർത്തിക്കുന്നു എന്ന് അവകാശപ്പെടുന്ന ഇത്തരം നിലപാടുകൾ വരുത്തുന്ന അപകടങ്ങൾ ദൂരവ്യാപകമാകയാൽ വിശ്വാസികൾ ജാഗ്രത പാലിക്കേണ്ടതാണെന്ന് സിനഡു വിലയിരുത്തി.

നമ്മുടെ കർത്താവീശോമിശിഹായുടെ പീഡാസഹനത്തെയും കുരിശു മരണത്തെയും അനുസ്മരിക്കുന്ന നോമ്പുകാലത്തിന്റെയും സമാഗതമാകുന്ന ഉയിർപ്പുതിരുനാളിന്റെയും മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു. വി. യൗസേപ്പിതാവിന് സവിശേഷമാംവിധം സമർപ്പിതമായ ഈ വർഷത്തിൽ നിങ്ങളെയെല്ലാവരെയും ആ വത്സല പിതാവിന്റെ സംരക്ഷണയ്ക്കു ഭരമേല്പിക്കുന്നു. നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും നമ്മുടെ പിതാവായ മാർത്തോമ്മാശ്ലീഹായുടെയും മാധ്യസ്ഥ്യം നിരന്തരം നിങ്ങളോടൊത്തുണ്ടായിരിക്കട്ടെ.

കാക്കനാട് മൗണ്ട് സെന്റ് തോമസ്സിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്ന് 2021 ആണ്ട് ഫെബ്രുവരി മാസം 10-ാം തീയതി നൽകപ്പെട്ടത്.

+ G. Alencherry

**കർദ്ദിനാൾ ജോർജ്ജ് ആലഞ്ചേരി**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ്

---

*ഈ സർക്കുലർ 2021 മാർച്ച് 14 - ാം തീയതി ഞായറാഴ്ച വി. കുർബാന മദ്ധ്യേ സീറോ മലബാർ സഭയുടെ എല്ലാ പള്ളികളിലും ഞായറാഴ്ച കുർബാനയുള്ള സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്. വി. കുർബാനയിൽ സംബന്ധിക്കാൻ സാധിക്കാത്തവർക്ക് ഏതെങ്കിലും രീതിയിൽ ഇതിന്റെ കോപ്പി സംലഭ്യമാക്കേണ്ടതുമാണ്.*

Ref: 3442/K-5/KCBC/OL/DS 10.2.2021

# മദ്യവിരുദ്ധ ഞായർ, 2021 മാർച്ച് 14

## മദ്യവിരുദ്ധ ഞായർ ആചരണത്തിന്റെ ഭാഗമായി കെസിബിസി മദ്യവിരുദ്ധ കമ്മീഷൻ നല്കുന്ന സർക്കുലർ

മിശിഹായിൽ പ്രിയരേ,

കേരള കത്തോലിക്കാസഭ 'മാർച്ച് 14 മദ്യവിരുദ്ധ ഞായറായി ആചരിക്കുകയാണ്. കോവിഡ്-19 എന്ന മഹാവ്യാധി ലോകമാസകലം' ഭീഷണിയുയർത്തുന്ന ഒരുകാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. കോവിഡിന്റെ ആരംഭത്തിൽ ലോക്ഡൗൺ ആയിരുന്നതിനാൽ എല്ലാ മദ്യശാലകളും അടച്ചിട്ടിരുന്നു. എന്നാൽ, ഇപ്പോൾ മദ്യശാലകൾ തുറന്ന് യാതൊരുവിധ നിയന്ത്രണവുമില്ലാതെ മദ്യവിപണി സജീവമായിരിക്കുകയാണ്. കേരളത്തിൽ മദ്യത്തിന്റെ ഉപയോഗവും അനന്തര പ്രശ്നങ്ങളും ഗുരുതരമായ സാമൂഹ്യവിപത്തായിമാറിയിട്ടുണ്ട്. ഈ വിപത്തിൽ നിന്ന് മോചനം പ്രാപിക്കുവാനും, മദ്യവും മയക്കുമരുന്നും ഉണ്ടാക്കുന്ന ദൂരവ്യാപകമായ ദുരന്തങ്ങളെ സംബന്ധിച്ച് സമൂഹത്തിൽ ആവശ്യമായ ബോധവത്കരണത്തിനും വേണ്ടിയാണ് വലിയ നോമ്പിൽ മദ്യവിരുദ്ധ ദിനാചരണം നടത്തുന്നത്. സർക്കാരും കോടതികളും സാമൂഹ്യ - വിദ്യാഭ്യാസ പ്രവർത്തകരും മദ്യമെന്ന തിന്മയെ ചെറുത്ത് തോല്പിക്കണമെന്ന് ആഹ്വാനം ചെയ്യുന്നുണ്ട്. എന്നാൽ, ലഹരിയുടെയും മദ്യത്തിന്റെയും ഉപയോഗവും വിപണനവും നാൾക്കുനാൾ വർദ്ധിച്ചുവരുന്നു.

സർക്കാരിന്റെ അബ്കാരി നയപ്രഖ്യാപനത്തിലും രാഷ്ട്രീയ പാർട്ടികളുടെ പ്രകടന പത്രികകളിലും മദ്യം ഉപയോഗത്തെ സാമൂഹ്യ തിന്മയായും ജനങ്ങളുടെ ആരോഗ്യത്തേയും മനസിനെയും തകർക്കുന്ന ആഗോള പ്രശ്നമായും പറയുന്നുണ്ടെങ്കിലും പ്രായോഗികതലത്തിൽ ലഹരിയുടെ ഉപയോഗം അനുദിനം വർദ്ധിച്ചു വരികയാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. പഞ്ചായത്ത്‌രാജിലെ 232, 447 വകുപ്പുകൾ സർക്കാർ റദ്ദുചെയ്തതുകാരണം നിരവധി മദ്യശാലകൾക്ക് മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും അനുമതി നല്കുകയുണ്ടായി. അതുകാരണം ആർക്കും എവിടെയും മദ്യവില്പന തുടങ്ങാമെന്ന സ്ഥിതിവിശേഷം സംജാതമായി. ബാറുകളുടെ എണ്ണം 29-ൽ നിന്ന് 20 ഇരട്ടി വർദ്ധിച്ച് 586-ൽ എത്തി നില്ക്കുന്നു. ഒരു വർഷം അരി വാങ്ങാൻ

4500 കോടി രൂപാ കേരള സർക്കാർ ചിലവിടുമ്പോൾ മദ്യം വാങ്ങാൻ 15,000 കോടിയാണ് ചിലവഴിക്കുന്നതെന്ന് ഞെട്ടിക്കുന്ന കണക്കാണ് നാം കാണുന്നത്.

മദ്യശാലകൾ അടച്ചാൽ ടൂറിസം മേഖല തളർന്നു പോകുമെന്നത് വാസ്തവ വിരുദ്ധമായ പ്രചരണമാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ടൂറിസം വകുപ്പിന്റെ ഔദ്യോഗിക കണക്കു പ്രകാരം ബാറുകളടച്ചിട്ട 2016-നെക്കാൾ 1,15,053 വിദേശ ടൂറിസ്റ്റുകളും 4774 കോടി രൂപാ വരുമാനവും 2014-ൽ ലഭിച്ചു. ലഭ്യത കുറഞ്ഞപ്പോൾ വ്യാജമദ്യവും മയക്കുമരുന്നിന്റെ കള്ളക്കടത്തും വർദ്ധിച്ചുവെന്ന വ്യാജ പ്രചരണവും ഇപ്പോൾ നിലനില്ക്കുന്നില്ല. എന്നാൽ, ഇന്ന് സമൂഹത്തിൽ കണ്ടുവരുന്ന നിരവധി തിന്മകളുടെയും മൂലകാരണം മദ്യവും മറ്റുലഹരിവസ്തുക്കളുമാണെന്നുള്ളതാണ് യാഥാർഥ്യം. നിയമസഭാ തെരഞ്ഞെടുപ്പ് അടുത്ത് വരുന്ന സാഹചര്യത്തിൽ മുന്നണികൾ അവരുടെ മദ്യനയം എന്താണെന്ന് വ്യക്തമാക്കുകയും ആ നയം നടപ്പിലാക്കുകയുംവേണം. മദ്യസംസ്ക്കാരത്തെ പ്രോത്സാഹിപ്പിക്കുന്ന രാഷ്ട്രീയ പാർട്ടികളെ തിരിച്ചറിയുവാനും ഭരണത്തിൽ നിന്ന് അവരെ അകറ്റി നിർത്താനും ബാലറ്റിലൂടെ നമുക്ക് സാധിക്കണം.

സന്തോഷവും സമാധാനവുമുള്ള ഒരുജീവിതം ആഗ്രഹിക്കാത്തവരായി ആരെങ്കിലുമുണ്ടോ? എന്നാൽ, സ്വന്തം കുടുംബത്തേയും മറ്റുള്ളവരുടെ സ്വൈര്യജീവിതത്തെയും മദ്യ-ലഹരികൾക്ക് അടിമകളായിട്ടുള്ളവർ തകർത്തുകളയുന്നു. തിന്മയുടെ ഈ ശക്തികളെ സമൂഹത്തിൽ നിന്ന് പാടെപിഴുതെറിയണം. മനുഷ്യനെ മടിയനും മുടിയനും കുടിയനുമാക്കുന്ന ഈ വിപത്തിൽ നിന്ന് സഭയെയും സമൂഹത്തെയും രക്ഷിക്കാനുള്ള ദൗത്യം നാം ഏറ്റെടുക്കണം. മദ്യത്തിനും മയക്കുമരുന്നിനും അടിമകളായി തകർന്നടിയുന്ന കുടുംബങ്ങളിലെ അമ്മമാരുടെയും കുഞ്ഞുങ്ങളുടെയും സ്ഥിതി എത്ര ശോചനീയമാണ്. 'മദ്യം വിഷമാ'ണെന്നും ലഹരി സുബോധം നഷ്ടപ്പെടുത്തുമെന്നും അറിയാത്തവരില്ല. ''മാരക വിഷമാണ് മദ്യം'' എന്ന ലേബലിൽ മദ്യകച്ചവടം നടത്തുന്ന സർക്കാർ നയം എത്രയോ വൈരുദ്ധ്യാത്മകമാണ്. ഭരണഘടനയിൽ 47-ാം വകുപ്പ് പ്രകാരം ഔഷധത്തിനു മാത്രമെ മദ്യം ഉല്പാദിപ്പിക്കാൻ പാടുള്ളു. 'മദ്യപാനികൾ ദൈവരാജ്യത്തിൽ പ്രവേശിക്കുകയില്ല' (1 കൊറി 6:10) എന്ന വേദവാക്യം നാം മറന്നു പോകരുത്. 'വീഞ്ഞുകുടിച്ച് ധീരത പ്രകടിപ്പിക്കാൻ ശ്രമിക്കേണ്ട. വീഞ്ഞ് അനേകരെ നശിപ്പിച്ചിട്ടുണ്ട്' (പ്രഭ. 31 : 25). ഈ തിരുവചന ഭാഗങ്ങൾ നമ്മെ സംബന്ധിച്ച് വലിയ ഓർമ്മപ്പെടുത്തലുകളാകട്ടെ!

നമ്മുടെ നാട് ഇന്ന് അഭിമുഖീകരിക്കുന്ന ഭീഷണികളിൽ ഏറ്റവും വലുത് മദ്യപാനം കുടുംബങ്ങളെ തകർച്ചയിലേക്കു നയിച്ചുകൊണ്ടിരിക്കുന്നു എന്നതാണ്. ഇത് മൂലം നാട്ടിൽ ക്രമസമാധാന നില തകരുന്നു,

റോഡപകടങ്ങളും, പീഡനങ്ങളും, ആത്മഹത്യകളും വർദ്ധിക്കുന്നു. സാമ്പത്തിക ഭദ്രതയും ആരോഗ്യ നിലവാരവും തകർന്നടിയുന്നു. സ്ത്രീകളും യുവജനങ്ങളും വിശിഷ്യ കുട്ടികളും ഇന്ന് മദ്യത്തിനും മയക്കുമരുന്നിനും അടിമകളാകുന്നു എന്നുള്ള യാഥാർഥ്യം വിസ്മരിക്കുക തീർത്തും ആത്മഹത്യാപരമാണ്. ഈ മഹാവിപത്തുകളിൽ നിന്ന് നാടിനെയും സമൂഹത്തെയും രക്ഷിക്കുക എന്നുള്ളത് സഭാമക്കളായ നമ്മുടെ കടമയാണ്. മദ്യവിമുക്തസഭയുംസമൂഹവുമെന്ന ലക്ഷ്യം യാഥാർത്ഥ്യമാക്കുവാൻ നമുക്ക് ഒത്തൊരുമിച്ച് പരിശ്രമിക്കാം. മദ്യത്തിന്റെ ദൂഷ്യം മാനവ സമൂഹത്തിന്റെ നാശമാണെന്ന ഉദാത്തമായ ആശയം ഉൾക്കൊണ്ടുകൊണ്ട് മദ്യത്തിനെതിരെ പോരാടാൻ നമുക്ക് കഴിയട്ടെ. മദ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് ഊർജ്ജം പകരാൻ ഇടവകകൾതോറും കർമ്മനിരതരായ അംഗങ്ങളെ ചേർത്ത് യൂണിറ്റുകൾ രൂപീകരിക്കണം. നമ്മുടെ കലാലയങ്ങൾ ലഹരിവിമുക്ത ക്യാമ്പസുകളായി മാറണം. ദൈവത്തിന്റെ സ്വന്തം നാടായ കേരളവും കേരളജനതയും ഈ ലക്ഷ്യം കൈവരിക്കാനായി ജാഗ്രതയോടെ പ്രവർത്തിക്കുകയും തീക്ഷ്ണതയോടെ പ്രാർത്ഥിക്കുകയുംവേണം. കെ.സി.ബി.സി. യുടെ മദ്യവിരുദ്ധ കമ്മീഷന് നിങ്ങൾ നൽകുന്ന എല്ലാ സഹായസഹകരണങ്ങൾക്കും ഹൃദയപൂർവ്വം നന്ദിയർപ്പിക്കുന്നു. തുടർന്നും പൂർവ്വാധികം ശക്തിയോടെ ഈ മേഖലയിൽ നമുക്ക് പ്രവർത്തിക്കാം.

നമ്മുടെ ഓരോ ഇടവകയിലും സ്ഥാപനത്തിലും മദ്യവിരുദ്ധ ഞായർ അർത്ഥവത്തായി സംഘടിപ്പിക്കുവാൻ ബന്ധപ്പെട്ടവർ പരിശ്രമിക്കണം. മാർച്ച് 14-ാം തീയതി ഞായറാഴ്ചയിലെ സ്തോത്രകാഴ്ച രൂപതാ മദ്യവിരുദ്ധ സമിതിക്ക് നല്കി മദ്യവിരുദ്ധ പ്രവർത്തനങ്ങളെ സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മിശിഹായിൽ സ്നേഹപൂർവ്വം,

**ബിഷപ് യൂഹാനോൻ മാർ തെയഡോഷ്യസ്**
(ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി)

**ബിഷപ് സെബാസ്റ്റ്യൻ തെക്കത്തെച്ചേരിൽ**
(വൈസ് ചെയർമാൻ, കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി)

**ബിഷപ് ക്രിസ്തുദാസ് ആർ**
(വൈസ് ചെയർമാൻ കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി)

കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യാലയം
പി.ഒ.സി, കൊച്ചി - 682 025

---

NB: *ഈ സർക്കുലറിലെ വിശദാംശങ്ങൾ മാർച്ച് 14-ാം തീയതിക്കു മുമ്പ് യുക്തമായ മാർഗ്ഗങ്ങളിലൂടെ ഇടവകാംഗങ്ങളെ അറിയിക്കേണ്ടതാണ്.*

സർക്കുലർ

21 Ch. 257-334

# പീഡനങ്ങളെ അതിജീവിക്കാൻ മിശിഹാമാർഗ്ഗം

**'എന്റെ നാമം നിമിത്തം സർവ്വരും നിങ്ങളെ ദ്വേഷിക്കും. എന്നാൽ അവസാനംവരെ സഹിച്ചു നിൽക്കുന്നവൻ ജീവിക്കും'**

(മത്താ. 10:22)

മിശിഹായിൽ പ്രിയ ബഹുമാനപ്പെട്ട വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരന്മാരേ,

ഈശോ തന്റെ ശിഷ്യർക്ക് അവരുടെ ഭാവിയെ സംബന്ധിച്ചു നൽകിയ മുന്നറിയിപ്പാണ് മുകളിൽ കൊടുത്തിരിക്കുന്ന ദൈവവചനം. മൂന്നു കാര്യങ്ങൾ ഇവിടെ സൂചിതമാണ്. ഒന്നാമത്തേത്, ഈശോയെപ്രതി എല്ലാവരുടെയും വിദ്വേഷത്തിന് അവർ ഇരയാകും. രണ്ടാമത്, അവർ ഏറെ സഹിക്കേണ്ടിവരും. മൂന്നാമത്, സഹനത്തിലും പിടിച്ചു നിൽക്കുന്നവർ വിജയിച്ച് ജീവൻ നേടും. ഈശോയുടെ മുന്നറിയിപ്പുപോലെ തന്നെയാണ് പിന്നീട് സംഭവിച്ചതും ഇപ്പോഴും സംഭവിച്ചുകൊണ്ടിരിക്കുന്നതും.

പെന്തെക്കുസ്തയ്ക്കുശേഷം ഈശോയെ സാക്ഷ്യപ്പെടുത്തി സംസാരിക്കുകയും പ്രവർത്തിക്കുകയും ചെയ്ത ശിഷ്യന്മാർക്കെതിരേ ''ആചാര്യന്മാരും സദ്ദുക്കായരും ദൈവാലയപ്രമാണികളും കോപം ജ്വലിച്ച് അവരെ എതിർത്തു.... അവരെ കയ്യേറ്റം ചെയ്തു ....'' (നടപടി 4: 2–3). ഈശോയെ സാക്ഷ്യപ്പെടുത്തിക്കൊണ്ട് ശക്തമായി സംസാരിച്ച, സഭയിലെ ആദ്യത്തെ ഏഴ് മ്ശംശാനാമാരിൽ പ്രധാനിയായിരുന്ന എസ്തപ്പാനോസിനെതിരേ ''അവർ കോപംകൊണ്ട് ജ്വലിച്ച്.... പല്ലിറുമ്മി.... കല്ലെറിഞ്ഞു'' (നട. 7:54–58) 'കർത്താവേ ഈ പാപം അവരുടെമേൽ നീ ചുമത്തരുതേ' എന്നു പറഞ്ഞുകൊണ്ട് എസ്തപ്പാനോസ് മരണനിദ്ര പ്രാപിച്ചു (നട. 7:60) . ഈശോ പറഞ്ഞതുപോലെ, അവസാനംവരെ സഹിച്ചു നിൽക്കുന്നതിന്റെ ഹൃദയസ്പർശിയായ ഉദാഹരണം.

ക്രൈസ്തവർക്കെതിരായ പീഡനങ്ങൾ സഭ ജന്മംകൊണ്ട ഒറെശ്ലെമിൽ ആരംഭംമുതലേ ശക്തമായി തുടർന്നു. യോഹന്നാന്റെ

സഹോദരനായ യാക്കോബിനെ ഹേറോദേസ് രാജാവ് വാളിനിരയാക്കി (നട. 12: 2).

ഈശോമിശിഹായുടെ നാമത്തിൽ ഒരു മുടന്തനെ സുഖപ്പെടുത്തിയതിന്റെ പേരിൽ പ്രധാനാചാര്യനും കൂട്ടരും ശെമ്ഓനെയും യോഹന്നാനെയും ബന്ധിച്ച് കാരാഗൃഹത്തിലാക്കി (നട. 3: 6–8; 4: 3); ഈശോയുടെ നാമത്തിൽ യാതൊന്നും പറയുകയോ പഠിപ്പിക്കുകയോ ചെയ്യരുത് എന്ന കൽപന നൽകി (നട. 4: 18) ''ഭീഷണിപ്പെടുത്തി അവരെ വിട്ടയച്ചു' (നട. 4: 21). എങ്കിലും വചനപ്രഘോഷണത്തിൽനിന്ന് ശ്ലീഹന്മാർ പിന്തിരിഞ്ഞില്ല. വചനം ശ്രവിച്ച് ഏകദേശം അയ്യായിരം പുരുഷന്മാർ വിശ്വാസം സ്വീകരിച്ചു (നട. 4: 4).

ദൈവവചനം പരസ്യമായി പ്രസംഗിച്ചുകൊണ്ട് ശ്ലീഹന്മാർ ഈശോമിശിഹായുടെ ഉയിർപ്പിന് കൂടുതൽ ശക്തിയോടെ സാക്ഷ്യം വഹിച്ചു (നട. 4: 31, 33). ശ്ലീഹന്മാർവഴി വളരെ അത്ഭുതങ്ങളും ധീരകൃത്യങ്ങളും രോഗശാന്തികളും സംഭവിക്കുകയും (നട. 5:12,15,16) കർത്താവിൽ വിശ്വസിച്ച സ്ത്രീപുരുഷന്മാരുടെ സംഖ്യ ഉത്തരോത്തരം വർദ്ധിച്ചുകൊണ്ടിരിക്കുകയും ചെയ്തു (നട. 5:14). പ്രധാനാചാര്യനും കൂട്ടരുമാകട്ടെ അസൂയകൊണ്ട് നിറഞ്ഞ് ശ്ലീഹന്മാരെ ബന്ധിച്ച് കാരാഗൃഹത്തിൽ അടച്ചു (നട. 5:18). എന്നാൽ, കർത്താവിന്റെ ദൂതൻ രാത്രിയിൽ കാരാഗൃഹവാതിൽ തുറന്ന് അവരെ മോചിപ്പിക്കുകയും, ദൈവാലയത്തിൽ ചെന്ന് നവജീവന്റെ വചനം ജനങ്ങളെ ഉദ്ബോധിപ്പിക്കാൻ ആവശ്യപ്പെടുകയും ചെയ്തു (നട. 5:19–20).

ആത്മധൈര്യത്തോടെ ദൈവവചന പ്രഘോഷണം തുടർന്ന ശ്ലീഹന്മാരെ, കോപാകുലരായ പ്രധാനാചാര്യനും കൂട്ടരും കൊല്ലുവാൻ തന്നെ ആലോചന നടത്തിയെങ്കിലും (നട. 5: 33), തൽക്കാലം അവരെ പ്രഹരിച്ചശേഷം ഈശോയുടെ നാമത്തിൽ സംസാരിക്കരുതെന്ന് കല്പന നൽകി വിട്ടയച്ചു (നട. 5:40). ഇപ്രകാരം മറ്റുള്ളവരാൽ ദ്വേഷിക്കപ്പെടുകയും അപമാനിതരാകുകയും പീഡിപ്പിക്കപ്പെടുകയും ചെയ്തിട്ടും ശ്ലീഹന്മാരുടെയും വിശ്വാസികളുടെയും മനോവീര്യം കുറഞ്ഞില്ല, മറിച്ച്, ഈശോയുടെ നാമത്തെപ്രതി അപമാനം സഹിക്കാൻ യോഗ്യരായിത്തീർന്നതിൽ ആഹ്ലാദിക്കയാണുണ്ടായത് (നട. 5: 41). അവർ പ്രാർത്ഥനയിലൂടെ ശക്തിപ്പെട്ടും റൂഹാദ്ഖുദ്ശായാൽ നയിക്കപ്പെട്ടും ദൈവാലയത്തിലും ഭവനത്തിലും ഈശോമ്ശിഹായെക്കുറിച്ച് മുടക്കം വരുത്താതെ പഠിപ്പിക്കുകയും പ്രസംഗിക്കുകയും ചെയ്തുപോന്നു (നട. 5: 42). അങ്ങനെ സഭയുടെ പിള്ളത്തൊട്ടിലായ ഓറെശ്ലെത്ത്, എതിർപ്പുകളുടെ നടുവിലും വിശ്വാസികളുടെ സംഖ്യ വളരെ വർദ്ധിച്ചു (നട. 6: 7).

സഭ വളർന്നപ്പോൾ എതിർപ്പുകളും വർദ്ധിച്ചു. ഓറെശ്ലെത്തെ സഭ കഠിനമായി പീഡിപ്പിക്കപ്പെട്ടു. ശ്ലീഹന്മാർ ഒഴികെ എല്ലാവരും യൂദായിലേക്കും സമരിയായിലേക്കും ചിതറിപ്പോയി (നട. 8: 1). തൽഫലമായി, അവിടെ പുതിയ വയലുകളിൽ സുവിശേഷ വിത്തുകൾ വിതയ്ക്കപ്പെടുകയും വിജാതീയരുടെയിടയിലും സഭ വേരുപിടിച്ചു വളരുകയും ചെയ്തു.

ചിതറിപ്പോയവർ ഒളിവിൽ കഴിയുകയായിരുന്നില്ല; മറിച്ച്, ചുറ്റി സഞ്ചരിച്ച് ദൈവവചനം പ്രസംഗിച്ചുകൊണ്ടിരുന്നു (നട. 8: 4). വിശ്വാസികളെ പീഡിപ്പിക്കുന്നതിലും സഭയെ ഉന്മൂലനം ചെയ്യുന്നതിലും ഏറ്റവും തീവ്രതയോടെ പ്രവർത്തിച്ചിരുന്ന സാവൂൾ കർത്താവിന്റെ പ്രത്യേകമായ ഇടപെടലിലൂടെ മാനസാന്തരപ്പെടുകയും സുവിശേഷസാക്ഷ്യത്തിന്റെ മുന്നണിപ്പോരാളിയായും വിജാതീയരുടെ ശ്ലീഹായായും നിരവധി സ്ഥലങ്ങളിൽ സഭാസമൂഹങ്ങൾക്ക് ജന്മം നൽകുകയും ചെയ്തു.

തന്റെ നാമത്തെപ്രതി വിദ്വേഷത്തിനും സഹനത്തിനും ഇരയാകേണ്ടിവരുമെന്നുള്ള ഈശോയുടെ വാക്കുകളെ അന്വർത്ഥമാക്കുന്നതാണ് ശ്ലീഹന്മാരുടെയും ആദിമസഭയുടെയും ജീവിതാനുഭവങ്ങൾ. ശെമ്ഓൻ കേപ്പായും പൗലോസും റോമിൽവച്ച് സുവിശേഷത്തെപ്രതി വധിക്കപ്പെട്ടു. തോമ്മാശ്ലീഹാ ഇന്ത്യയിൽ രക്തസാക്ഷിയായി. അതേസമയം ശ്ലീഹാന്മാരുടെയും അവരുടെ പിൻഗാമികളുടെയും മറ്റനേകം പ്രേഷിതരുടെയും പ്രവർത്തനഫലമായി കർത്താവരുളിചെയ്തപോലെ ഭൂമിയുടെ അതിർത്തികൾ വരെയും സുവിശേഷം എത്തി. റോമാസാമ്രാജ്യത്തിൽ വളർന്നുവികസിച്ച സഭ റോമാചക്രവർത്തിമാരുടെ നേതൃത്വത്തിൽ നടന്ന നിഷ്ഠൂര പീഡനങ്ങൾക്കിരയായി. മെത്രാന്മാരും വൈദികരും വിശ്വാസികളും അതിക്രൂരമായി വധിക്കപ്പെട്ടു. ഏഷ്യൻ ഭൂഖണ്ഡങ്ങളിൽ മദ്ധ്യപൂർവ്വദേശങ്ങളിലും ഇന്ത്യയിലും ചൈനവരെയും വളർന്നു ശക്തിപ്പെട്ട സുറിയാനിസഭകൾ വ്യാപകമായ മതപീഡനത്തിന്റെ ഫലമായി മിക്കയിടങ്ങളിലും ഉന്മൂലനം ചെയ്യപ്പെടുകയോ നാമമാത്രമായി അവശേഷിക്കുകയോ ചെയ്തു. പൗരസ്ത്യസുറിയാനിസഭയിലെ വിശ്വാസികളും വൈദികരും സമർപ്പിതരും മെത്രാന്മാരും വിവിധ മതപീഡനങ്ങളിൽ കൂട്ടംകൂട്ടമായി രക്തസാക്ഷിത്വം വരിച്ചിട്ടുണ്ട്. അതേസമയം, പീഡനങ്ങളെ അതിജീവിക്കാൻ സാധിക്കാതെ വിശ്വാസം ത്യജിച്ചവരുമുണ്ട്. ചില വീഴ്ചകൾ സംഭവിച്ചിട്ടുണ്ടെങ്കിലും സുവിശേഷത്തിനുവേണ്ടി രക്തസാക്ഷിത്വം വരിച്ച സഭാമക്കളുടെ വീരകഥകളാൽ അലംകൃതമാണ് സഭയുടെ ചരിത്രം.

## ഇന്നും തുടരുന്ന ക്രൈസ്തവ പീഡനം

ആഗോളതലത്തിൽത്തന്നെ ക്രൈസ്തവർക്കെതിരായ പീഡനങ്ങൾ അടുത്തകാലത്ത് വർദ്ധിച്ചുവരുന്നതായിട്ടാണ് പഠനങ്ങൾ വ്യക്ത

മാക്കുന്നത്. ആദിമസഭ നേരിട്ടതിനേക്കാൾ മോശമായ അവസ്ഥയിലാണ് ഇന്നത്തെ ക്രൈസ്തവർ എന്നാണ് ഫ്രാൻസിസ് പാപ്പായുടെ അഭിപ്രായം. പീഡനങ്ങളാലും ക്ലേശങ്ങളാലും വലയുന്ന സഭകൾക്ക് അടിയന്തര സഹായങ്ങളും ആശ്വാസവും നൽകുന്ന ഒരു ജീവകാരുണ്യ പ്രസ്ഥാനമാണ് A C N (Aid to the Church in Need). ഏതാണ്ട് 140 രാജ്യങ്ങളിൽ ഇപ്രകാരമുള്ള സഹായങ്ങൾ ചെയ്തുവരുന്നു. ആഗോളതലത്തിൽ ക്രൈസ്തവർക്കും ക്രൈസ്തവ വിശ്വാസത്തിനും എതിരേ നടക്കുന്ന പീഡനങ്ങളെക്കുറിച്ചു ACN -ന്റെ കണ്ടെത്തലുകൾ ശ്രദ്ധിക്കപ്പെടേണ്ടതാണ്. 196 രാജ്യങ്ങളിലെ സാഹചര്യങ്ങൾ പഠന വിധേയമാക്കിയതിൽ നിന്ന് മനസ്സിലായത് ലോകത്തിൽ ഏതാണ്ട് 30 കോടി ക്രൈസ്തവർ ഏതെങ്കിലും തരത്തിലുള്ള ക്രൈസ്തവ പീഡനം നടക്കുന്ന രാജ്യങ്ങളിൽ വസിക്കുന്നവരാണെന്നാണ്. അതായത് ക്രൈസ്തവരിൽ ഏഴിലൊന്ന് ഇപ്രകാരമുള്ള ജീവിതസാഹചര്യങ്ങളിലാണ് ജീവിക്കുന്നത്. നിയമാനുസൃതമല്ലാത്ത അറസ്റ്റ്, അക്രമം, മനുഷ്യാവകാശനിഷേധം, കൊലപാതകം തുടങ്ങിയ പ്രതികൂലസാഹചര്യങ്ങളിലാണവർ.

2018 -ൽ വിശ്വാസത്തിന്റെ പേരിൽ 4000-ലധികം ക്രൈസ്തവർ കൊല്ലപ്പെട്ടിട്ടുണ്ട്. ഏറ്റവും കൂടുതൽ ക്രൈസ്തവ വിരുദ്ധ മനോഭാവം നിലനിൽക്കുന്ന 50 രാജ്യങ്ങളിൽ കുറഞ്ഞത് 11 ക്രിസ്ത്യാനികൾ ഓരോ ദിവസവും കൊല്ലപ്പെടുന്നുണ്ട്. 2016 ജൂൺ മുതൽ 2018 ജൂൺ വരെയുള്ള കാലഘട്ടത്തിൽ 38 രാജ്യങ്ങളിലാണ് മതസ്വാതന്ത്ര്യം ഏറ്റവും രൂക്ഷമായി ലംഘിക്കപ്പെട്ടത്. അവയിൽത്തന്നെ 17 രാജ്യങ്ങളിൽ ക്രൈസ്തവർ കൂടുതലുള്ള ന്യൂനപക്ഷ മതവിഭാഗങ്ങളാണ് ഏറ്റവും രൂക്ഷമായ മതവിവേചനത്തിനിരയാകുന്നത്. 21 രാജ്യങ്ങളിൽ മരണംവരെയാകാവുന്ന നേരിട്ടുള്ള പീഡനങ്ങളാണ് അരങ്ങേറുന്നത്.

വിശ്വാസത്തിന്റെ പേരിൽ കൊല്ലപ്പെടുന്ന ക്രിസ്ത്യാനികളുടെ കൃത്യമായ സംഖ്യ വ്യക്തമല്ല. 2015 ജൂൺ മുതൽ മുതൽ 2017 ജൂൺ വരെയുള്ള കാലഘട്ടത്തിൽ ഒരു ലക്ഷത്തിൽ താഴെ ക്രൈസ്തവർ വിശ്വാസത്തിന്റെ പേരിൽ കൊല്ലപ്പെട്ടിട്ടുണ്ട്. ഏറ്റവും അടുത്ത കാലത്തെ ഒരു കൂട്ടക്കൊല 2019 ഈസ്റ്റർ പ്രഭാതത്തിൽ ശ്രീലങ്കയിൽ നടന്നതാണ്. അന്ന് മൂന്ന് ദൈവലയങ്ങളിലായി നടന്ന മനുഷ്യബോംബാക്രമണത്തിൽ 150 ക്രിസ്ത്യാനികൾ കൊല്ലപ്പെട്ടു.

ACN പഠനത്തിലൂടെ വ്യക്തമാകുന്നത്, ഏഷ്യയിൽ ക്രൈസ്തവ പീഡനം ഇപ്പോൾ കൂടുതൽ രൂക്ഷമായിക്കൊണ്ടിരിക്കുന്നത് ദക്ഷിണേഷ്യയിലെയും കിഴക്കനേഷ്യയിലെയും രാജ്യങ്ങളായ മ്യാൻമർ (ബർമ്മാ) ഇന്ത്യ, പാക്കിസ്ഥാൻ, ചൈന, വടക്കൻ കൊറിയാ തുടങ്ങിയ സ്ഥലങ്ങളിലാണ്. ലോകത്ത് കൂടുതൽ ക്രൈസ്തവപീഡനം നടക്കുന്ന 10

രാജ്യങ്ങളിൽ ഒന്ന് ഇന്ത്യയാണെന്നുള്ള കണ്ടെത്തൽ തമ്മിൽ ആശങ്കയുളവാക്കുന്നു.

ഏകദേശം 20 കോടി ജനങ്ങളുള്ള നൈജീരിയയിൽ ക്രിസ്ത്യാനികളും മുസ്ലീങ്ങളും ഏറെക്കുറെ തുല്യ സംഖ്യയാണ്. തെക്ക് ക്രിസ്ത്യാനികളും വടക്ക് മുസ്ലീങ്ങളുമാണ് ഭൂരിപക്ഷം. 2015 ന് ശേഷം 11500 നു മുകളിൽ ക്രിസ്ത്യാനികൾ ഇവിടെ വധിക്കപ്പെട്ടിട്ടുണ്ട്. 2020 ൽ 1350 നൈജീരിയൻ ക്രിസ്ത്യാനികൾ രക്തസാക്ഷികളായി.

2011 ലെ ആഭ്യന്തരയുദ്ധത്തെത്തുടർന്ന് സിറിയായിലെ ക്രൈസ്തവ ജനസംഖ്യയിൽ 75% രാജ്യത്തിന് നഷ്ടപ്പെട്ടു. ഏതാണ്ട് 22 ലക്ഷമുണ്ടായിരുന്ന ക്രിസ്ത്യാനികൾ കഴിഞ്ഞവർഷമായപ്പോൾ 744000 ആയി കുറഞ്ഞു. 2003 ലെ ഗൾഫ് യുദ്ധത്തിനുശേഷം ഇറാക്കിലെ ക്രൈസ്തവ ജനസംഖ്യയിൽ 87% കുറവുണ്ടായി. അതായത് 15 ലക്ഷത്തിൽ നിന്ന് ഏതാണ്ട് രണ്ടു ലക്ഷമായി കുറഞ്ഞിരിക്കുന്നു.

ജനസംഖ്യയിൽ ബഹുഭൂരിപക്ഷവും സമാധാനം ആഗ്രഹിക്കുന്നവരാണെങ്കിലും മതതീവ്രവാദികളായ ഒരു ചെറിയ ന്യൂനപക്ഷമാണ് സമാധാനാന്തരീക്ഷം തകർക്കുന്നതും ഭീകരപ്രവർത്തനങ്ങളിലൂടെ ഇവിടെ മതസ്വാതന്ത്ര്യം ഇല്ലാതാക്കി പീഡനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതും. ഭരണാധികാരികൾ ചിലപ്പോൾ നിസ്സഹായരോ നിസംഗരോ ആയി പോകുന്നു. ചിലരുടെ ഭാഗത്തുനിന്ന് പരോക്ഷമായ പിന്തുണയും ചുരുക്കം ചിലർ പ്രത്യക്ഷമായ മതവിവേചനവും പുലർത്തുന്നു.

## പരിഹാരത്തിന് മിശിഹാമാർഗ്ഗം

ഈശോമിശിഹായിലുള്ള നമ്മുടെ വിശ്വാസത്തെപ്രതി പീഡനങ്ങൾ ഉണ്ടാകുമ്പോൾ വിശ്വാസം ഉപേക്ഷിക്കാനോ ഭയന്നോടാനോ അല്ല ഈശോ നമ്മെ പഠിപ്പിച്ചത്; മറിച്ച്, അവസാനം വരെ സഹിച്ചു നിൽക്കാനാണ്; അതാണ് വിജയമാർഗ്ഗം എന്ന് സ്വന്തം ജീവിതത്തിലൂടെ ഈശോ തെളിയിച്ചു. സ്നേഹത്തിനും സത്യത്തിനും വിരുദ്ധമായ മനോഭാവമാണ് മറ്റുള്ളവരെ പീഡിപ്പിക്കാൻ ഒരുവനെ പ്രേരിപ്പിക്കുന്നത്. വെറുപ്പും വിദ്വേഷവുമൊക്കെ അതിന്റെ ദോഷഫലങ്ങളാണ്. അവയെ ജയിക്കാൻ സ്നേഹത്തിലും സത്യത്തിലും നമ്മൾ ഉറച്ചുനിൽക്കണം. 'ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും പരസ്പരം സ്നേഹിക്കുവിൻ' എന്നുള്ള ഈശോയുടെ കല്പനയും, 'ഞാനാണ് വഴിയും സത്യവും ജീവനു'മെന്നും, 'സത്യം നിങ്ങളെ സ്വതന്ത്രരാക്കു'മെന്നുമുള്ള ഈശോയുടെ വാക്കുകളാണ് മിശിഹാമാർഗ്ഗം. ഈ മാർഗ്ഗം അവലംബിക്കാനാണ് ഈശോ നമ്മെ ആഹ്വാനം ചെയ്തത്.

ഈശോതന്നെ, തനിക്ക് നേരിടേണ്ടിവരുന്ന എതിർപ്പുകളെയും പീഡനങ്ങളെയും അതിജീവിക്കാനുള്ള ആത്മീയശക്തി ആർജ്ജിക്കാനാണ് 40 ദിവസം ഉപവസിച്ചു പ്രാർത്ഥിച്ചത്. അങ്ങനെ ആത്മാവിൽ ശക്തിപ്പെട്ടാണ് ഈശോ പ്രലോഭനങ്ങളെ പരാജയപ്പെടുത്തി തിന്മയുടെമേലും മരണത്തിന്റെമേലും വിജയം നേടിയത്. തന്നെ വെറുത്തവരെയും പീഡിപ്പിച്ചവരെയും ഈശോ സ്നേഹിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.തന്നെ ഒറ്റിക്കൊടുത്ത യൂദാസിനെയും ഈശോ അവസാനംവരെ സ്നേഹിച്ചു. കുരിശിൽക്കിടന്ന് വേദന സഹിക്കുമ്പോഴും തന്നെ പരിഹസിക്കുന്നവർക്കും പീഡിപ്പിക്കുന്നവർക്കും വേണ്ടി പ്രാർത്ഥിച്ചു; അവരോട് ക്ഷമിച്ചു. ഇതാണ് തിന്മയുടെ മേലുള്ള യഥാർത്ഥ വിജയം. കോപിക്കുന്നവനോട് തിരിച്ചു കോപിക്കുന്നതോ, അടിക്കുന്നവനെ തിരിച്ചടിക്കുന്നതോ അല്ല യഥാർത്ഥ വിജയമെന്ന്, മറിച്ച് അവരോട് ക്ഷമിക്കുന്നതും സ്നേഹത്തോടെ പെരുമാറുന്നതുമാണ് വിജയമെന്ന് ഈശോ കാണിച്ചു തന്നു. ഇതാണ് മിശിഹാമാർഗ്ഗം.


ഈ മിശിഹാമാർഗ്ഗത്തിൽ ശക്തമായി കാലുറപ്പിച്ച് മിശിഹായ്ക്ക് സാക്ഷ്യം വഹിക്കാൻ മിശിഹാ തന്റെ അനുയായികളെ ലോകത്തിലേക്കയച്ചിരിക്കുന്നു. ലോകത്തിന്റേതായ മാർഗ്ഗത്തിൽ ചരിക്കാനല്ല, മിശിഹാമാർഗ്ഗത്തിൽ എല്ലായിടത്തും ആയിരിക്കാൻ. ഈശോ നമ്മെ അനാഥരായി വിടുകയില്ലെന്നും നമ്മോടുകൂടി ലോകാവസാനംവരെ ഉണ്ടായിരിക്കുമെന്നും വാഗ്ദാനം ചെയ്തിട്ടുണ്ട്. എതിരാളികളുടെ വിദ്വേഷവും വെറുപ്പും പീഡനങ്ങളും നമ്മൾ നേരിടേണ്ടിവരും. അതിനുള്ള പരിഹാരം മിശിഹാമാർഗ്ഗമാണ്. ശ്ലീഹന്മാരെപ്പോലെയും എണ്ണമറ്റ രക്തസാക്ഷികളെപ്പോലെയും ധീരതയോടെ എവിടെയും ഈശോയുടെ നാമത്തിൽ സംസാരിക്കാൻ ശക്തിയാർജ്ജിക്കുന്നതിന് ഈ നോമ്പാചരണം നമുക്ക് പ്രയോജനപ്പെടുത്താം. മരണത്തിലൂടെ മരണത്തെ പരാജയപ്പെടുത്തിയ ഈശോയുടെ കൃപ നിങ്ങളെല്ലാവരോടും കൂടി ഉണ്ടായിരിക്കട്ടെ.

സ്നേഹപൂർവ്വം,

**ആർച്ചുബിഷപ്പ് ജോസഫ് പെരുന്തോട്ടം**

ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

**N.B:** *ഈ സർക്കുലർ വി. കുർബാനയുള്ള ഇടവകകളിൽ മാർച്ച് 7 - ാം തീയതി വായിക്കുകയും ദൈവാലയകർമ്മങ്ങളിൽ സംബന്ധിക്കാൻ സാധിക്കാത്തവരെ യുക്തമായ മാർഗ്ഗത്തിലൂടെ അറിയിക്കുകയും ചെയ്യേണ്ടതാണ്.*




# I
## TRANSFERS & APPOINTMENTS

| Very Rev/Rev Fr | Transferred from | Transferred to |
|---|---|---|
| Aiyankary Joseph | Aruvikuzhy | Kannady St Joseph |
| Alunkal Joseph | Kottayam F | Thellakam |
| Aryankala Thomas | Etawah | Edathua-Koilmuck f church |
| Athikalam Jacob | Hyderabad | Aruvikuzhy |
| Bangalavuparampil Joseph | Edathua-Mariapuram | Karumady |
| Chethipuzha Mathew | Ramankary | Panayampala |
| Kaithaparampil Varghese | Ayarkunnam | Ithithanam |
| Kakkuzhy Cherian | H Procurator, Thekkekara St Sebastian | Karuvatta |
| Kampiyil Thomas | Thellakam | Kainakary |
| Kanjiravelil Thomas | Karuvatta | Kandankary |
| Kannadipara Sebastian | Koilmuck f | Pullangady |
| Karivelil Zacharias | Kainakary | Nalukody |
| Kizhakkeveettil Antony | Nalukody | Ayarkunnam |
| Kocherry Damianose | Narbonapuram | Purakkadu |
| Kokkavayalil James | Kizhakkemithrakary | Director, PR Jagrathavedi |
| Kuriannurparampil Joseph | Athirampuzha F | Nalpathimala |
| Manakalam Joseph | Kottayam F | Relieved |
| Mannumadom George | Mancompu | Relieved |
| Mathilakathukuzhy Varghese | Kandankary | Ramankary |
| Mecherimannil Shaji VC | Nalpathimala | Relieved |

| | | |
|---|---|---|
| Naduviledam Gregory | | Spiritual Counsellor, Parel |
| Nelpuraparampil Philip | Ithithanam | Kottayam F |
| Padinjarekuttu Mathew | | Cheppumpara |
| Panamparampil Andrews | | Kizhakkemithrakary& Joint Director Sandesanilayam |
| Poovatholil Thomas | Karumady | Bursar St Aloysius College & Edathua-Mariapuram f Church |
| Pulichamackal Mathew | Purackadu | Narbonapuram |
| Puthenpurackal Thomas (Aji) | Kannady St Joseph | MCJ Study, MG University Kudamloor Abhayabhavan (resi.) |
| Puthiaparampil Jose | Panayampala | Sick Leave |
| Puthuveettilkalam Joseph Sr. | | Acting Vicar, Mancompu |
| Thalachelloor Antony | PR Jagrathavedi Director | Relieved |
| Thekkedath Mathew | Ecumenism | Relieved |
| Vallathara Aloysius | Edathua Pandankary f | Spiritual Counsellor, Kudamaloor |
| Veliyath George | Pullangady | H Procurator, Thekkekara St Sebastian |
| **Parochial Vicars** | | |
| Anchil Mathew (Jerin) | | Nalukody |
| Anchupankil Thomas | Kudamaloor F | Ettumanoor |
| Aruvanparampil Varghese | | Parel |
| Champakulathil Joseph | Parel | Thiruvananthapuram F |
| Chooravady Antony | Ayarkunnam | Kurumpanadam F |
| Eruppakkatt Joseph | | Thathampally |
| Ettolil Joseph | | Mammodu, Director-in-charge, Ecumenism |
| Kaithaparampil Joseph (Mijo) | | Thrickodithanam F |
| Kakkaparampil Antony | Parampuzha | Syriac Study (Kottayam F) |
| Kanniyakonil Thomas | Athirampuzha F | Pacha-Chekkidikadu |
| Karikandathil Elias | | Amboory |
| Keeranchira Joseph | Thiruvananthapuram F | Villoonni |
| Kiliyattusserril Varghese | Changanacherry M | Ithithanam, Library Science Study SB College, Chry |
| Kocheethra Joseph | Amboory F | Athirampuzha F |
| Kooliparampil Isaac | Veroor | Addl. Secretary Archbishop |

| | | |
|---|---|---|
| Kossackal Varghese | Cheppumpara (290) | Edathua-Pandankary f |
| Maliackal Thomas (Tom) | Nedumkunnam F | Changanacherry Metro |
| Marattukalam Mathew | Manimala F | Asst Pravasi , Parel Construction |
| Moonuparayil Varghese | Kudamaloor | Manimala F |
| Nambisserikalam Varghese | | Athirampuzha F |
| Narithuruthel Joseph | Kalloorkadu-Champaku-lam B | Thathampally |
| Neriamparampil Emmanuel | Ithithanam | Archbishop House (resi) |
| Panachinkal Varghese | Ettumanoor | Ayarkunnam |
| Parathanam Joseph | Pacha-Chekkidikadu | Veroor |
| Srambickal Thomas (Bibin) | | Thiruvananthapuram F |
| Thadathil Mathew | Nalukody | Kudamaloor F |
| Tharakunnel Antony | | Kudamaloor F |
| Vettithanam Xavier | | Parampuzha |
| Appassery Inson CMI | | Kottayam |
| Arimattathil Jose MST | Kodinattukunnu | Relieved |
| Kannekonil Febin CMI | Chethipuzha | Relieved |
| Kureekattu Savio MCBS | | Kalloorkadu-Champakulam B |
| Moonnupeedikayil Mathew MCBS | | Nedumkunnam F |
| Padinjarekaduppil Sachin MCBS | Kottayam Lourdes F | Relieved |
| Pathinarilchira Robin CMI | | Chethipuzha |
| Pattettu Joseph MCBS | Kurumpanadam F | Relieved |
| Plathottam Jijo CRM | | Kodinattukunnu |
| Polachira Mathew CMI | | Mannanam St Joseph |
| Sauryamkuzhiyil Liju OFM Cap | Villoonni | Relieved |
| Thanikkal Justin MSFS | | Ithithanam |
| Thekkekuttu Biju CMI | | Mannanam St Joseph |
| Veshnal Thomas VC | Thrickodithanam F | Relieved |

## II

### മാർ യൗസേപ്പിതാവിന്റെ വർഷാചരണം

മാർച്ച് 18-ാം തീയതി വ്യാഴാഴ്ച നാലരമണിക്ക് ചമ്പക്കുളം സെന്റ് മേരീസ് ബസിലിക്കയിൽ മാർ യൗസേപ്പിതാവിന്റെ വർഷാചരണത്തിന്റെ അതിരൂപതാതല ഉദ്ഘാടനം നടക്കുന്നതാണ്. 19-ാം തീയതി വെള്ളിയാഴ്ച എല്ലാ ഇടവകകളിലും വർഷാചരണത്തിന് ഔദ്യോഗിക തുടക്കം കുറിക്കേണ്ടതാണ്. കുടുംബങ്ങളിൽ പ്രാർത്ഥിക്കാനുള്ള മാർ യൗസേപ്പിതാവിന്റെ ജപമാല പ്രാർത്ഥന കാർഡും; പള്ളിയിലും, മഠങ്ങളിലും, വീടുകളിലും സ്ഥാപിക്കാനുള്ള ഐക്കൺ ഫ്രെയിമും കുടുംബക്കൂട്ടായ്മ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്.

## III

### വൈദികസമ്മേളനം-അതിരൂപതാകേന്ദ്രത്തിൽ

ഉയിർപ്പുതിരുനാളിനുശേഷം പതിവായി നടത്തിവരുന്ന വൈദിക സമ്മേളനം ഈ വർഷം ഏപ്രിൽ 7-ാം തീയതി ബുധനാഴ്ച സെന്റ് മേരീസ് കത്തീഡ്രൽ പാരിഷ്ഹാളിൽനടത്തപ്പെടുന്നതാണ്. രാവിലെ 9:45 ന് ആരംഭിക്കുന്ന സമ്മേളനത്തിൽ അതിരൂപതയിലെ എല്ലാ ബഹു. വൈദികരും ഇപ്പോൾ അതിരൂപതയിൽ അജപാലനശുശ്രൂഷയിൽ ഏർപ്പെട്ടിട്ടുള്ള ബഹു. സന്യാസവൈദികരും പങ്കെടുക്കേണ്ടതാണ്. സർക്കാർ നിയന്ത്രണങ്ങൾക്ക് വിധേയമായി നേരിട്ട് നടത്താൻ അസൗകര്യമുണ്ടായാൽ ആ ദിവസംതന്നെ വൈകുന്നേരം ഓൺലൈനായി നടത്തുന്നതാണ്.

## IV

### ദൈവവിളി സെമിനാർ (ആൺകുട്ടികൾക്ക്)

കോവിഡ് 19 പടരുന്ന പശ്ചാത്തലത്തിൽ ഈ വർഷത്തെ ദൈവവിളി സെമിനാർ വിവിധമേഖലകളിൽ വച്ച് നടത്താൻ ആഗ്രഹിക്കുന്നു. പത്താം ക്ലാസ്സിലും പ്ലസ്ടുവിലും പഠിക്കുന്നതും ഡിഗ്രി കഴിഞ്ഞതുമായ സെമിനാരിയിൽ ചേരാൻ ആഗ്രഹിക്കുന്ന ആൺകുട്ടികളെ ഈ ഏകദിന സെമിനാറിലേയ്ക്ക് പറഞ്ഞുവിടാൻ ബഹു. വികാരിയച്ചന്മാർ ശ്രദ്ധിക്കുമല്ലോ. ദൈവവിളി സെമിനാറിന്റെ ക്രമീകരണം താഴെപ്പറയുന്ന വിധമാണ്. സമയം രാവിലെ 10 മണിമുതൽ വൈകുന്നേരം 4.00 മണിവരെ.

| | |
|---|---|
| ഏപ്രിൽ 5 തിങ്കൾ | കുറുമ്പനാടം, തൃക്കൊടിത്താനം, ചങ്ങനാശേരി, തുരുത്തി – **കുറിച്ചി സെന്റ് തോമസ് മൈനർ സെമിനാരിയിൽ** |
| ഏപ്രിൽ 7 ബുധൻ | ആലപ്പുഴ, പുളിംകുന്ന്, എടത്വാ, ചമ്പക്കുളം – **തെക്കേക്കര സെന്റ് ജോൺസ് പള്ളിയിൽ** |
| ഏപ്രിൽ 8 വ്യാഴം | കോട്ടയം, അതിരമ്പുഴ, കുടമാളൂർ – **കുടമാളൂർ സെന്റ് മേരീസ് ഫൊറോന പള്ളിയിൽ** |

| | |
|---|---|
| ഏപ്രിൽ 9 വെള്ളി | കൊല്ലം - ആയൂർ<br>**കൊല്ലം - ആയൂർ ക്രിസ്തുരാജാ ഫൊറോനപള്ളിയിൽ** |
| ഏപ്രിൽ 12 തിങ്കൾ | തിരുവനന്തപുരം, അമ്പൂരി<br>**തിരുവനന്തപുരം ലൂർദ്ദ് ഫൊറോനപള്ളിയിൽ** |
| ഏപ്രിൽ 13 ചൊവ്വാ | മണിമല, നെടുംകുന്നം -<br>**നെടുംകുന്നം സെന്റ് ജോൺ ദി ബാപ്റ്റിസ്റ്റ് ഫൊറോന പള്ളിയിൽ** |

**ദൈവവിളിസെമിനാർ (പെൺകുട്ടികൾക്ക്)**

10-ാം ക്ലാസ്സ്, പ്ലസ്ടു, ഡിഗ്രി കഴിഞ്ഞ പെൺകുട്ടികൾക്കായുള്ള ഏകദിന ദൈവവിളി സെമിനാർ ഏപ്രിൽ 14 ബുധനാഴ്ച സന്ദേശനിലയത്തിൽ വച്ചു നടത്തുന്നു. സമയം രാവിലെ 10.00 മുതൽ 4.00 വരെ.

# V

## 2021-2022 സാമ്പത്തിക വർഷത്തെ കൈക്കാരന്മാരുടെയും ഓഡിറ്ററുമാരുടെയും തിരഞ്ഞെടുപ്പ്

സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ സഭയുടെ പള്ളിയോഗ നടപടിക്രമവും (arts. 8.2; 41; 42; 43) ചങ്ങനാശേരി അതിരൂപതയുടെ പ്രത്യേകനിയമവും (arts. 8.2.1; 8.2.2; 42.1; 42.2) അനുസരിച്ച് 2021-2022 സാമ്പത്തിക വർഷത്തേയ്ക്കുള്ള കൈക്കാരന്മാരെയും ഓഡിറ്ററുമാരെയും തിരഞ്ഞെടുത്ത്, 2021 ഏപ്രിൽ 1-ന് പ്രാബല്യത്തിൽവരത്തക്കവിധം അതിരൂപതാദ്ധ്യക്ഷന്റെ അംഗീകാരത്തിനായി അതിരൂപതകച്ചേരിയിൽ സമർപ്പിക്കുവാൻ ബഹു. വികാരിമാർ ശ്രദ്ധിക്കേണ്ടതാണ്. തിരഞ്ഞെടുപ്പ് സംബന്ധിച്ച വിവരം പള്ളിയോഗ നടപടിക്രമം art. 18 പ്രകാരം ഇടവകയിൽ മുൻകൂട്ടി അറിയിക്കേണ്ടതാണ്.

# VI

## പീഡാനുഭവ ആഴ്ചയിലെ തിരുക്കർമ്മങ്ങൾ

പെസഹാവ്യാഴം, പീഡാനുഭവവെള്ളി, വലിയ ശനി എന്നീ ദിവസങ്ങളിലെ തിരുക്കർമ്മങ്ങൾ നമ്മുടെ ആരാധനാക്രമത്തിനനുസൃതമായി സായംകാലത്തുമാത്രം ദൈവാലയങ്ങളിൽ പരികർമ്മം ചെയ്യേണ്ടതാണ്. **മാർ നെസ്തോറിയസിന്റെ കൂദാശക്രമം** പെസഹാ വ്യാഴാഴ്ച ഉപയോഗിക്കേണ്ടതാണ്.

# VII

## വാർഷിക കണക്ക്

2019-20 സാമ്പത്തിക വർഷത്തെ കണക്കുകൾ ഇതുവരെയും അതിരൂപതാകേന്ദ്രത്തിൽ സമർപ്പിച്ചിട്ടില്ലാത്ത പള്ളികൾ, കുരിശുപള്ളികൾ 2020 മാർച്ച് 31-ന് മുമ്പായി നൽകേണ്ടതാണ്. 2020-2021 സാമ്പത്തിക വർഷത്തെ കണ

ക്കുകൾ യഥാസമയങ്ങളിൽ കൃത്യമായി സമർപ്പിക്കുവാൻ വികാരിമാർ കൈക്കാരന്മാർക്കും കണക്കനും നിർദ്ദേശം നൽകുകയും ചെയ്യേണ്ടതാണ്.

## VIII

### പ്രത്യേക പിരിവുകൾ

1. **നോമ്പുകാല പിരിവ് (Lenten Collection):** ഓശാന ഞായറാഴ്ച പള്ളിയിൽ എടുക്കുന്ന സ്ത്രോത്രക്കാഴ്ച വിശപ്പിനും, രോഗത്തിനുമെതിരെയുള്ള പ്രത്യേക പദ്ധതിക്കായി (Compaign against Hunger and Disease) 'കാരിത്താസ് ഇന്ത്യ'ക്ക് അയച്ചു കൊടുക്കാനുള്ളതാണ്.

2. **വൈദിക പരിശീലന ഫണ്ട്:** പെസഹാ വ്യാഴാഴ്ച വി. കുർബാന മധ്യേ നടത്തുന്ന സ്തോത്രകാഴ്ച വൈദിക വിദ്യാർത്ഥികളുടെ പരിശീലനത്തിനുള്ളതാണ്.

3. **വിശുദ്ധനാട് സംരക്ഷണത്തിനുള്ള പിരിവ്:** പീഡാനുഭവ വെള്ളിയാഴ്ച നമ്മുടെ പള്ളികളിലെടുക്കുന്ന സ്തോത്രക്കാഴ്ച വിശുദ്ധനാട് സംരക്ഷണത്തിനായി പരിശുദ്ധ പിതാവിന് നൽകാനുള്ളതാണ്.

4. **ഹോം മിഷൻ ഫണ്ട്:** ഉയിർപ്പുതിരുനാളിലെ സ്തോത്രക്കാഴ്ച ഹോം മിഷൻ ഫണ്ടിനായുള്ളതാണ്.

ഈ പിരിവുകൾ നടത്തി ലഭിക്കുന്ന തുക 2021 ഏപ്രിൽ മാസം 30-ാം തീയതിക്കു മുമ്പായി അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ ഏൽപ്പിക്കേണ്ടതാണ്.

---


**വേദപ്രചാരമദ്ധ്യസ്ഥൻ വാർഷിക വരിസംഖ്യ**

2021 ഏപ്രിൽമാസം മുതൽ വാർഷിക വരിസംഖ്യ 300/- രൂപ ആയിരിക്കും. കോപ്പി ഒന്നിന് 25/- രൂപ. മാർച്ചുമാസത്തിൽതന്നെ മദ്ധ്യസ്ഥന്റെ ഇതുവരെയുള്ള കുടിശിക തന്നുതീർക്കേണ്ടതാണ്.

**പരസ്യനിരക്ക്:**

Full page : 1500/- രൂപ

Half page : 750/- രൂപ.

**Contact No. 9447776920** (Fr. Jenny Kayamkulathussery)

**മാർച്ചുമാസത്തിൽ ചങ്ങനാശേരി അതിരൂപതാ സാമ്പത്തിക കാര്യാലയത്തിൽ കണക്കു സമർപ്പിക്കേണ്ട പള്ളികളുടെ ലിസ്റ്റ് താഴെ പ്രസിദ്ധീകരിക്കുന്നു.**

| | Name of Parish |
|---|---|
| 1 | Ampalapuzha St. Mary’s |
| 2 | Amboory St. George |
| 3 | Anchel Mary Matha |
| 4 | Arunoottampadam Sacred Heart |
| 5 | Aryad Little Flower |
| 6 | Attingal St. Jude’s |
| 7 | Ayroor Lourdes Matha |
| 8 | Charamangalam Lourde Matha |
| 9 | Chathanad St. Alphonsa |
| 10 | Chenkulam Nithyasahaya Matha |
| 11 | Cheriyavelinalloor St. Sebastian |
| 12 | Dalummugham St. Mary’s |
| 13 | Edappalayam St. George |
| 14 | Eara Lourdes Matha |
| 15 | Fathimapuram Fathima Matha |
| 16 | Ithithanam St. Mary’s |
| 17 | Kadainikadu St. Mary’s |
| 18 | Kaduvakulam, Kollad Little Flower |
| 19 | Kainady Our Lady of Dolours |
| 20 | Kainakary St. Mary’s |
| 21 | Kalavoor St. Thomas |
| 22 | Kandamkary St. Joseph |
| 23 | Kannady St. Joseph |
| 24 | Kannammoola Bl. Mother Theresa |
| 25 | Karavaloor Nithya Sahaya Matha |
| 26 | Karimpanakulam S.H |
| 27 | Karumady St. Nicholas |
| 28 | Karuvatta St. Joseph |
| 29 | Karyavattam St. Joseph’s |
| 30 | Kavalam Lisieux |

| | Name of Parish |
|---|---|
| 31 | Kavalam St. Theresa’s |
| 32 | Kayalpuram St. Joseph |
| 33 | Kayalpuram St. Antony’s |
| 34 | Kelamangalam O.L.of Dolours |
| 35 | Kidangara St. Gregorios |
| 36 | Kizakemithrakary Holy Family |
| 37 | Kooropada Mar Sleeva |
| 38 | Koothrappally St. Mary’s |
| 39 | Kottangal St. John the Baptist |
| 40 | Kulathupuzha St. Sebastian |
| 41 | Kumarakom St. John Nepumseanos |
| 42 | Kumaranalloor St. Thomas |
| 43 | Kumarapuram St. Mary’s |
| 44 | Kutchapuram St. Joseph |
| 45 | Kuttikonam Chirst the king |
| 46 | Mahendrapuram St. Sebastian |
| 47 | Mammood Lourdes Matha |
| 48 | Manackachira St. Joseph’s |
| 49 | Manalady St. Mary’s |
| 50 | Mannanam St. Joseph’s |
| 51 | Mannila Holy family |
| 52 | Mariapuram Mary Matha |
| 53 | Mavelikara St. Alphonsa |
| 54 | Mayam St. Mary’s |
| 55 | Meenkulam Lourdes Matha |
| 56 | Mithrakary St. Xavier’s |
| 57 | Muttar St. George |
| 58 | Muttar St. Thomas |
| 59 | Narikkallu St. Mary’s |
| 60 | Nazareth St. Jerome |

| | Name of Parish |
|---|---|
| 61 | Nedumon St. Mary's |
| 62 | Pachakadu S.H |
| 63 | Padaharam St. Joseph |
| 64 | Paduvapuram St. Antony's |
| 65 | Pallathuruthy St. Thomas |
| 66 | Pallikunnu St. Thomas |
| 67 | Palode St. Thomas |
| 68 | Panayampala St. Sebastian |
| 69 | Pandankary St. Pius Xth |
| 70 | Parampuzha Bethlehem |
| 71 | Pazhayeroor St. Thomas |
| 72 | Peroorkada Lourdes Hill |
| 73 | Perumkavu St Thomas |
| 74 | Perunna East |
| 75 | Philgiri St. Joseph |
| 76 | Pongammoodu St. Alphonsa |
| 77 | Poonthope St. Francis Assisi |
| 78 | Pulickakavala St. Mary's |
| 79 | Pulinkunnu St. Mary's |
| 80 | Pullangady Holy Family |
| 81 | Punnakunnathussery St. Joseph |
| 82 | Punnapra St. Gregory's |
| 83 | Purackadu Holy cross |
| 84 | Puthenangady St. George's |
| 85 | Puthuppally St. Antony's |
| 86 | Puzhavathu St. Thomas |

| | Name of Parish |
|---|---|
| 87 | Rajamattam Sacred Heart |
| 88 | Ramankary St. Joseph |
| 89 | S.L puram St. Sebastian's |
| 90 | Sreekaryam, Emmaus St. Joseph's |
| 91 | Thakazhy St. Rita's |
| 92 | Thayamkary St. Antony's |
| 93 | Thazathuvadakara Lourdes Matha |
| 94 | Thekkekara St. Sebastian |
| 95 | Thekkupara St. Mary's |
| 96 | Thirumala Holy family |
| 97 | Thiruvalla St. Antony's |
| 98 | Thiruvallom S.H |
| 99 | Thottuvathala S.H |
| 100 | Vadakkekara St. Mary's |
| 101 | Vadavathoor St. Thomas |
| 102 | Vaipur St. Joseph's |
| 103 | Vaipur St. Mary's |
| 104 | Vaisyambhagam St. Antony's |
| 105 | Vattiyoorkavu SFS |
| 106 | Veliyanad South St. Xavier's |
| 107 | Veliyanad St. Joseph |
| 108 | Venchempu St. George |
| 109 | Vettickapurayidam St. Sebastian |
| 110 | Vettithuruth St. Antony's |
| 111 | Vezhapra St. Paul |
| 112 | Vithura all Saint's |

# മേജർ ആർച്ചു ബിഷപ്പ് കർദ്ദിനാൾ മാർ ആന്റണി പടിയറ പിതാവിന്റെ ജന്മശതാബ്ദി ആചരണ റിപ്പോർട്ട്

സീറോ മലബാർ സഭയുടെ പ്രഥമ മേജർ ആർച്ചു ബിഷപ്പും ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്തായുമായിരുന്ന കർദ്ദിനാൾ മാർ ആന്റണി പടിയറ പിതാവിന്റെ ജന്മശതാബ്ദി 2021 ഫെബ്രുവരി 11 -ാം തിയതി ചങ്ങനാശേരി മെത്രപ്പോലീത്തൻ പള്ളിയിൽ ആചരിച്ചു. രാവിലെ 8.30ന് ചങ്ങനാശേരി അതിരൂപത മെത്രാപ്പോലീത്ത മാർ ജോസഫ് പെരുന്തോട്ടം പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ പരി. കുർബ്ബാന അർപ്പണം നടത്തി; കുർബ്ബാന മധ്യേ കോട്ടയം അതിരൂപത മെത്രാപ്പോലീത്താ മാർ മാത്യു മൂലക്കാട്ട് സന്ദേശം നല്കി. മുപ്പത്തിനാലു വൈദികർ തിരുവസ്ത്രങ്ങൾ അണിഞ്ഞ് സഹകാർമ്മികരായി പങ്കെടുത്തു.

10.30 ന് ചങ്ങനാശേരി മെത്രാപ്പോലീത്തൻ പള്ളിവക ആഡിറ്റോറിയത്തിൽ ആരംഭിച്ച പൊതു സമ്മേളനത്തിന് ചങ്ങനാശേരി അതിരൂപത സഹായമെത്രാൻ മാർ തോമസ് തറയിൽ സ്വാഗതം ആശംസിച്ചു. ആർച്ചു ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം പിതാവ് അദ്ധ്യക്ഷത വഹിച്ചു. സഭാധികാരികളുടെ കല്പനകൾ അനുസരിച്ച് ദൈവേഷ്ടത്തിനു വിധേയനായി സഭയെ നയിച്ച അജപാലകനായിരുന്നു മാർ ആന്റണി പടിയറ എന്നും, അദ്ദേഹത്തിന്റെ ത്യാഗനിർഭരമായ ശുശ്രൂഷകൾ സീറോമലബാർ സഭയ്ക്കും പ്രത്യേകിച്ച് ചങ്ങനാശേരി അതിരൂപതയുടെ വളർച്ചയ്ക്കും കാരണമായതായും അഭിവന്ദ്യപിതാവ് അനുസ്മരിച്ചു.

സീറോമലബാർ സഭയുടെ മേജർ ആർച്ചു ബിഷപ്പ് കർദ്ദിനാൾ മാർ ജോർജ്ജ് ആലഞ്ചേരി പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്തു. നടുന്നിടത്ത് പുഷ്പിക്കണമെന്ന പടിയറ പിതാവിന്റെ ആഹ്വനം ഏറ്റെടുത്ത് അദ്ദേഹത്തിന്റെ ജീവിത ചൈതന്യം സഭാമക്കൾ ഉൾക്കൊള്ളണമെന്ന് കർദ്ദിനാൾ ഉദ്ബോധിപ്പിച്ചു.

മാർത്തോമ്മ വിദ്യാനികേതൻ പ്രസിദ്ധീകരിച്ച പടിയറ പിതാവിന്റെ തെരഞ്ഞെടുത്ത ഇടയലേഖനങ്ങൾ എന്ന പുസ്തകം മാർ ജോർജ്ജ് ആലഞ്ചേരി പിതാവ് മാർ ജോസഫ് പെരുന്തോട്ടം പിതാവിന് നല്കി പ്രകാശനം നിർവ്വഹിച്ചു. വികാരി ജനറാൾ മോൺ. തോമസ് പാടിയത്ത് പുസ്തകം പരിചയപ്പെടുത്തി. മാർ ആന്റണി പടിയറപിതാവിന്റെ ജീവചരിത്രം ആസ്പദമാക്കി സി. ജെസ്സി ASMI രചിച്ച ഗാനത്തിന് ഫാ. തോമസ് തൈക്കാട്ടുശ്ശേരി അച്ചൻ സംഗീതം പകരുകയും ASMI സിസ്റ്റേഴ്സ് പൊതുസമ്മേളന വേദിയിൽ ആലപിക്കുകയും ചെയ്തു.

പാലാ ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട്, കാഞ്ഞിരപ്പള്ളി ബിഷപ്പ് മാർ ജോസ് പുളിക്കൽ, തക്കല ബിഷപ്പ് മാർ ജോർജ്ജ് രാജേന്ദ്രൻ, ഊട്ടി രൂപത വികാരി ജനറാൾ മോൺ. ക്രിസ്റ്റഫർ ലോറൻസ്, ഡി.ജി.പി റ്റോമിൻ ജെ.

തച്ചങ്കരി, ASMI സുപ്പീരിയർ ജനാറാൾ റവ. സി. മേഴ്‌സി, സൗത്ത് ഇന്ത്യൻ ബാങ്ക് കോട്ടയം ജില്ല ജനറൽ മാനേജരും, പടിയറ കുടുംബാഗംവും ആയ ഫ്രാൻസീസ് ജോസഫ് പടിയറ എന്നിവർ അനുസ്മരണ പ്രഭാഷണം നടത്തി. ആർച്ചുബിഷപ്പ് മാർ ജോസഫ് പവ്വത്തിൽ, ഊട്ടി രൂപതാ അധ്യക്ഷൻ റൈറ്റ് റവ. ഡോ. അരുളപ്പൻ അമൽ രാജ് എന്നിവരുടെ അനുസ്മരണ സന്ദേശം വീഡിയോയിലൂടെ പ്രദർശിപ്പിച്ചു. മീഡിയാ വില്ലേജ് സ്റ്റുഡിയോസും മാക് റ്റി.വി.യും ചേർന്ന് അണിയിച്ചൊരുക്കിയ 'സെർവിരെ ഇൻ ലെത്തിസിയ' എന്ന ഡോക്യുമെന്ററി ഏറെ ഹൃദ്യമായ അനുഭവം പകർന്നു. ജന്മശതാബ്ദി ആചരണ പൊതു സമ്മേളനത്തിന് എത്തിചേർന്ന എല്ലാവർക്കും ചങ്ങനാ ശേരി മെത്രാപ്പോലീത്തൻ പള്ളി വികാരി റവ. ഡോ. ജോസ് കൊച്ചുപറമ്പിൽ നന്ദി പ്രകാശിപ്പിച്ചു.

ജന്മശതാബ്ദി ആഘോഷങ്ങളിൽ വികാരി ജനറാളന്മാരായ മോൺ. ജോസഫ് വാണിയപ്പുരയ്ക്കൽ, മോൺ. തോമസ് പാടിയത്ത്, ചാൻസിലർ റവ. ഡോ. ഐസക് ആലഞ്ചേരി, പ്രൊക്യുറേറ്റർ ഫാ. ചെറിയാൻ കാരിക്കൊമ്പിൽ, പ്രോഗ്രാം കൺവീനർമാരായ ഫാ. ജോസ് പുത്തൻചിറ, ഫാ. റെജി പുതു വീട്ടിക്കളം, പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ഡോ. ഡൊമിനിക്ക് ജോസഫ് എന്നിവർ നേതൃത്വം നല്കി.

കോവിഡ് പ്രോട്ടോകോൾ പാലിച്ച് നടത്തിയ ഈ സമ്മേളനത്തിന് പ്രത്യേകം ക്ഷണം സ്വീകരിച്ച് എത്തിച്ചേർന്ന ഫൊറോനാ വികാരി അച്ചന്മാർ, പിതാവിനോടൊപ്പം പ്രവർത്തിച്ച കൂരിയാ അംഗങ്ങൾ, സെക്രട്ടറി അച്ചന്മാർ, പിതാവിന്റെ പക്കൽനിന്നും പട്ടം സ്വീകരിച്ച വൈദികർ, പ്രോവിൻഷ്യാൾ അച്ചന്മാർ, പ്രോവിൻഷ്യാൾ സിസ്റ്റേഴ്സ്, വിവിധ സന്യാസിനി സമൂഹങ്ങളുടെ പ്രതിനിധികൾ, പാസ്റ്ററൽ കൗൺസിൽ എക്സിക്യൂട്ടിവ് അംഗങ്ങൾ, സംഘ ടനാ ഭാരവാഹികൾ, സംഘടനകളുടെയും സ്ഥാപനങ്ങളുടെയും ഡയറക്ടർ അച്ചന്മാർ, പടിയറ പിതാവിന്റെ കുടുംബാംഗങ്ങൾ, മെത്രാപ്പോലീത്തൻ പള്ളി യോട് ചേർന്ന് സഹകരിച്ചവർ, എല്ലാവരെയും നന്ദിയോടെ അനുസ്മരിക്കു ന്നു.

1970 മുതൽ 1985 വരെ ചങ്ങനാശേരി അതിരൂപതയെ ധീരമായി നയിക്കു കയും അതിനുശേഷം സീറോമലബാർ സഭയുടെ മേജർ ആർച്ചു ബിഷപ്പായി നിയമിതനാവുകയും ചെയ്ത കർദ്ദിനാൾ മാർ ആന്റണി പടിയറ പിതാവിന്റെ ജന്മശതാബ്ദി മാതൃ അതിരൂപതയായ ചങ്ങനാശേരിയിൽ നടത്തുവാനും പിതാവിന്റെ ധന്യമായ ജീവിതത്തെ ഒരിക്കൽ കൂടി ഓർമ്മിക്കുവാനും അഭി വന്ദ്യ പടിയറ പിതാവിലൂടെ നമ്മുടെ അതിരൂപതയ്ക്ക് ലഭ്യമായ നിരവധി നേട്ട ങ്ങൾക്കും, അനുഗ്രഹങ്ങൾക്കും നന്ദി അർപ്പിക്കുവാനും സാധിച്ച ഈ സംഗ മത്തിന് സഹകരിച്ച എല്ലാവർക്കും ഒരിക്കൽക്കൂടി നന്ദി അർപ്പിക്കുന്നു.

**ഫാ. ജോസ് പുത്തൻചിറ**
(പ്രോഗ്രാം ജനറൽ കൺവീനർ)

# 22-ാമത് ചങ്ങനാശേരി അതിരൂപത ബൈബിൾ കൺവൻഷൻ റിപ്പോർട്ട്

22-ാമത് ചങ്ങനാശേരി അതിരൂപത ബൈബിൾ കൺവൻഷൻ 2021 ഫെബ്രുവരി 17 ബുധൻ മുതൽ 20 ശനിവരെ പാറേൽ പള്ളിയിലും, മാക് ടിവി യുട്യൂബ് ചാനലിലൂടെ ഓൺലൈനായും നടന്നു. വൈകുന്നേരം 6.15 മുതൽ 8. 45 വരെയുള്ള സമയത്താണ് കൺവൻഷൻ ക്രമീകരിച്ചത്. പാറേൽ പള്ളിയിൽ നേരിട്ടു 100 പേരും (ചങ്ങനാശേരി ഫൊറോനയിലെ വിവിധ ഇടവകകളിൽ നിന്നുള്ള വിശ്വാസികൾ) ഓൺലൈനിൽ 1200-2000 പേരും കൺവൻഷനിൽ പങ്കെടുത്തു.

ഫെബ്രുവരി 17 വൈകുന്നേരം 6 മണിക്ക് ഗാനശുശ്രൂഷയ്ക്കും റംശായ്ക്കും ശേഷം ബൈബിൾ കൺവൻഷന്റെ ഉദ്ഘാടന സമ്മേളനം നടന്നു. അതിരൂപത ബൈബിൾ അപ്പോസ്തലേറ്റ് സഹരക്ഷാധികാരി പെ. ബഹു. ഡോ. തോമസ് പാടിയത്ത് സ്വാഗതം ആശംസിച്ചു. തുടർന്ന് മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത കൺവൻഷൻ ഉദ്ഘാടനം ചെയ്തു. ഈ വലിയ നോമ്പുകാലത്ത് വിശ്വാസിസമൂഹം ദൈവസ്നേഹത്തിന്റെ വലയത്തിലാകണമെന്നും അതിനായ് ഇരുതലമൂർച്ചയുള്ള ദൈവവചനം നമ്മുടെ ഹൃദയങ്ങളിൽ ആഴത്തിൽ പതിയണമെന്നും മെത്രാപ്പോലീത്ത ഉദ്ബോധിപ്പിച്ചു.

മാവേലിക്കര രൂപതാധ്യക്ഷൻ ബിഷപ് ജോഷ്വാ മാർ ഇഗ്നാത്തിയോസ് കുടുംബം ദൈവവചനത്താലും കൂദാശകളാലും പണിയപ്പെടുന്ന സൗധം എന്ന വിഷയത്തെക്കുറിച്ച് വചനപ്രഘോഷണം നടത്തി. പരിശുദ്ധ കുർബാന യുടെ ആരാധനയ്ക്ക് റവ. ഫാ. സെബാസ്റ്റ്യൻ കൂട്ടുമ്മേൽ നേതൃത്വം നല്കി.

കൺവൻഷന്റെ രണ്ടാം ദിവസം തലശേരി അതിരൂപത സഹായമെത്രാൻ മാർ ജോസഫ് പാംപ്ലാനി വചനപ്രഘോഷണം നടത്തി. 'നമ്മിൽ വസിക്കുന്നത് ഇരുളിന് കീഴടക്കാൻ പറ്റാത്ത വചനം' (യോഹ. 1,5) എന്നതായിരുന്നു വിഷയം. റവ. ഫാ. ജസ്റ്റിൻ കായംകുളത്തുശേരി ആരാധന നയിച്ചു.

മൂന്നാം ദിവസത്തെ കൺവൻഷനിൽ മാർ യൗസേപ്പിതാവിന്റെ ജീവിത ത്തിലെ സവിശേഷതകളെക്കുറിച്ച് പരിശുദ്ധ ഫ്രാൻസിസ് പിതാവിന്റെ 'പിതൃഹൃദയത്തോടെ' എന്ന പ്രബോധനത്തെ ആധാരമാക്കി മാർ തോമസ് തറയിൽ സംസാരിച്ചു. റവ. ഫാ. ജെനി ഇരുപതിൽ ആരാധന നടത്തി.

കൺവൻഷൻ സമാപന ദിവസം കാത്തിരപ്പള്ളി രൂപതാധ്യക്ഷൻ മാർ ജോസ് പുളിക്കൽ 'ദൈവികകൃപ വഴി സമചിത്തതയും നീതിനിഷ്ഠയും ദൈവഭക്തിയുമുള്ള ജീവിതം' ( തീത്തോ 2,12) എന്ന വിഷയത്തിൽ വചനപ്ര ഘോഷണം നടത്തി. റവ. ഫാ. സിറിയക് കോട്ടയിൽ ആരാധന നയിച്ചു.

കൺവൻഷൻ ദിവസങ്ങളിൽ പെ. ബഹു. റവ. ഡോ. ജോസ് കൊച്ചുപറമ്പിൽ, റവ. ഫാ. ജേക്കബ് ചക്കാത്ര, പെ. ബഹു. റവ. ഫാ. ഗ്രിഗരി ഓണംകുളം, പെ. ബഹു. റവ. ഫാ. ജോർജ്ജ് നൂഴായിത്തടം എന്നിവർ ആഘോഷമായ റംശാ പ്രാർത്ഥനയ്ക്ക് കാർമ്മികത്വം വഹിച്ചു.

പാറേൽ പള്ളി ഇടവക വികാരി റവ. ഫാ. ജേക്കബ് വാരിക്കാട്ട്, അസി. വികാരി റവ. ഫാ. റ്റോബിൻ അറുവൻപറമ്പിൽ എന്നിവർ കൺവൻഷൻ ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. ബൈബിൾ അപ്പോസ്തലേറ്റ് ഡയറകറും, കൺവൻഷൻ കോർഡിനേറ്ററുമായ ഫാ. ജെന്നി കായംകുളത്തുശേരി ഏവർക്കും നന്ദി പ്രകാശിപ്പിച്ചു. ഗാനശുശ്രൂഷയ്ക്ക് ജോജി പുഴവാത്, റീന കത്തീഡ്രൽ, മേഘ വടക്കേക്കര എന്നിവർ നേതൃത്വം നല്കി.

22-ാമത് അതിരൂപത ബൈബിൾ കൺവൻഷന് എല്ലാവിധ പിന്തുണയും പ്രോത്സാഹനവും നല്കിയ അഭിവന്ദ്യ പിതാക്കന്മാർക്കും പെ. ബഹു. ജനറാളച്ചന്മാർക്കും, പ്രിയപ്പെട്ട വൈദികർക്കും, സിസ്റ്റേഴ്സിനും, അല്മായർക്കും ഹൃദയപൂർവം നന്ദി അർപ്പിക്കുന്നു. വളരെ പ്രത്യേകമായി അതിരൂപതയുടെ ഒഫീഷ്യൽ യുട്യൂബ് ചാനലായ മാക് ടിവി ഡയറക്ടർ റവ. ഫാ. ആന്റണി ഏത്തയ്ക്കാടിനും ടീമംഗങ്ങൾക്കും നന്ദിയും അഭിനന്ദനങ്ങളും നേരുന്നു. അടുത്ത വർഷത്തെ കൺവൻഷൻ ദിനങ്ങൾക്കായി നമുക്കു പ്രാർത്ഥനാപൂർവം കാത്തിരിക്കാം.

**ഫാ. ജെന്നി കായംകുളത്തുശ്ശേരി**
(കൺവൻഷൻ കോർഡിനേറ്റർ)

## അഭിനന്ദനങ്ങൾ



റോമിലെ അഗസ്റ്റീനിയൻ പട്രിസ്റ്റിക്
ഇൻസ്റ്റിറ്റ്യൂട്ടിൽനിന്നും പട്രോളജിയിൽ
*Body, Soul & Spirit in John of Apamea*
എന്ന വിഷയത്തിൽ ഡോക്ടറേറ്റ് നേടിയ
**കൊല്ലംകളം ബഹു. അലക്സ് അച്ചന്**

അതിരൂപത കുടുംബത്തിന്റെ
**പ്രാർത്ഥനാശംസകൾ**

## ജനപ്രതിനിധി സംഗമം 2021

അതിരൂപതാ പബ്ലിക്ക് റിലേഷൻസ് ജാഗ്രതാ സമിതിയുടെ ആഭിമുഖ്യത്തിൽ 21/2/2021 ൽ കത്തീഡ്രൽ പാരീഷ്ഹാളിൽ നടത്തിയ സംഗമത്തിൽ കഴിഞ്ഞ ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ വിജയിച്ച ചങ്ങനാശ്ശേരി അതിരൂപതാംഗങ്ങളായ ജനപ്രതിനിധികളെ പ്രത്യേകമായി ആദരിച്ചു. അഭി. മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്താ സമ്മേളനം ഉദ്ഘാടനം ചെയ്തു.

ഏതെങ്കിലും രാഷ്ട്രീയ കക്ഷികളോട് താദാത്മ്യപ്പെടുന്ന രീതി സഭയ്ക്കില്ലെന്നും എല്ലാകാലവും സഭ കക്ഷി രാഷ്ട്രീയത്തിന് അതീതമായിട്ടാണ് പ്രവർത്തിക്കുന്നതെന്നും എന്നാൽ സമുദായത്തിന്റെ നിലനിൽപ്പും ഭദ്രതയും മുൻനിർത്തി ആവശ്യമായ സമയങ്ങളിൽ സഭയുടെ ഇടപ്പെടലുകൾ ഉണ്ടാകുമെന്നും അഭി. പിതാവ് പറഞ്ഞു. അതിരൂപതാംഗങ്ങളായ ജനപ്രതിനിധികൾ സഭയുടെ മൂല്യങ്ങൾ ഉയർത്തിപിടിച്ച് കുലീനതയോടെ പ്രവർത്തിക്കുകയും പ്രതികരിക്കുകയും ചെയ്യണമെന്നും ഏതെങ്കിലും പാർട്ടിയിലെ അംഗത്വം വിശ്വാസത്തെയും സഭാകൂട്ടായ്മയെ ദോഷമായി ബാധിക്കാത്തവിധം പൊതുപ്രവർത്തനത്തെ ക്രമീകരിക്കണമെന്നും അഭി. പിതാവ് ഉദ്ബോധിപ്പിച്ചു.

അതിരൂപതാ സഹായ മെത്രാൻ മാർ തോമസ് തറയിൽ ആമുഖസന്ദേശം നൽകി. ജനപ്രതിനിധികൾ അതിരൂപതയുടെ അഭിമാനമാണെന്നും വിശ്വാസത്തിലും ധാർമ്മികതയിലും അടിയുറച്ച് സമൂഹത്തിൽ സാക്ഷ്യം നൽകുവാനുള്ള ഒരു വിളിയായി ഈ തെരഞ്ഞെടുപ്പിനെ കാണണമെന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. വെ. റവ. ഡോ. തോമസ് പാടിയത്ത്, വെ. റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ, റവ. ഡോ. ജോസ് കൊച്ചുപറമ്പിൽ, അഡ്വ. ജോജി ചിറയിൽ, ഫാ. ആന്റണി തലച്ചല്ലൂർ എന്നിവർ പ്രസംഗിച്ചു. പരിപാടികൾക്ക് ഫാ. ചെറിയാൻ കാരിക്കൊമ്പിൽ, ഫാ. ജോർജിൻ വെളിയത്ത്, അഡ്വ. ജോർജ്ജ് വർഗീസ്, ജോബി പ്രാക്കുഴി, കെ.വി. സെബാസ്റ്റ്യൻ, വർഗ്ഗീസ് ആന്റണി, അഡ്വ. പി. പി. ജോസഫ് എന്നിവർ നേതൃത്വം നൽകി.

**അഡ്വ. ജോജി ചിറയിൽ**
*(അതിരൂപതാ പി.ആർ.ഓ.)*

മിശിഹായിൽ സ്നേഹമുള്ളവരെ,

ഒരു അധ്യയനവർഷത്തിന്റെ അവസാനത്തിലേയ്ക്ക് നമ്മൾ പ്രവേശിച്ചിരിക്കുകയാണല്ലോ. എല്ലായിടത്തും രണ്ടാം ടേം പരീക്ഷ നന്നായി നടത്തപ്പെട്ടു എന്നു വിശ്വസിക്കുന്നു. ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ വിശ്വാസോത്സവം ഏറ്റവും ഫലപ്രദമായ രീതിയിൽ നടത്തുവാൻ സാധ്യമായതെല്ലാം ചെയ്യണമെന്ന് സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു. സ്വയം വിമർശനത്തിന്റെയും ആത്മവിശുദ്ധീകരണത്തിന്റെയും ദിനങ്ങളായി നോമ്പുകാലത്തെ നമുക്ക് മാറ്റാം. മാർച്ച് 19 ന് നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന എല്ലാവർക്കും ആശംസകൾ നേരുന്നു.

ഈശോയിൽ സ്നേഹപൂർവ്വം

**ഫാ. ജോബിൻ പെരുമ്പളത്തുശ്ശേരി**
*(ഡയറക്ടർ)*

**ഫാ. ജോഷി പാണംപറമ്പിൽ**
*(ജോ. ഡയറക്ടർ)*

**ഫാ. അനീഷ് കുടിലിൽ**
**ഫാ. ജോൺ വടക്കേകളം**
*(അസി. ഡയറക്ടേഴ്സ്)*

## അറിയിപ്പുകൾ

**2021 മാർച്ച്**

7 ഞായർ : നോമ്പുകാലം നാലാം ഞായർ
14 ഞായർ : നോമ്പുകാലം അഞ്ചാം ഞായർ
19 വെള്ളി : **മാർ യൗസേപ്പിതാവിന്റെ മരണത്തിരുനാൾ** (ഓഫീസ് അവധി) (മാർ ജോസഫ് പെരുന്തോട്ടം, മാർ ജോസഫ് പവ്വത്തിൽ പിതാക്കന്മാരുടെ നാമഹേതുകത്തിരുനാൾ)
21 ഞായർ : നോമ്പുകാലം ആറാം ഞായർ
25 വ്യാഴം : **മംഗളവാർത്തത്തിരുനാൾ**
28 ഞായർ : **ഓശാന ഞായർ**, നോമ്പുകാലം ഏഴാം ഞായർ
31 ബുധൻ : ഓഫീസ് അവധി (31 ബുധൻ മുതൽ ഏപ്രിൽ 4 ഞായർ വരെ ഓഫീസ് അവധിയായിരിക്കും)

**2021 ഏപ്രിൽ**

1 വ്യാഴം : **പെസഹാവ്യാഴം**
2 വെള്ളി : **പീഡാനുഭവവെള്ളി**
3 ശനി : **വലിയ ശനി**
4 ഞായർ : **ഉയിർപ്പുഞായർ**

### ✦ 2020-21 ലെ ഹാജർ

1 മുതൽ 12 വരെ ക്ലാസ്സുകളിലെ കുട്ടികൾ ഓൺലൈൻ ക്ലാസ്സുകൾ കൃത്യമായി കാണുകയും വർക്കുബുക്കുകൾ പൂരിപ്പിച്ചു നല്കുകയും രണ്ടുടേമിലെയും പരീക്ഷ എഴുതുകയും ചെയ്താൽ ആ കുട്ടിക്ക് 100 ശതമാനം ഹാജർ നല്കാവു

ന്നതാണ്. 2020-21 അധ്യയനവർഷത്തിൽ ഫെബ്രുവരി 14 വരെ 38 ഞായറാഴ്ചകളും വിശ്വാസോത്സവത്തിന്റ 10 ദിനങ്ങളും കൂട്ടി ആകെ 48 (38+10=48) പ്രവൃത്തിദിനങ്ങളാണ് ഉള്ളത്.

## ✦ വിശ്വാസോത്സവം 2021

കോവിഡ് - 19 തീർത്ത പരിമിതികളെ മറികടന്ന് വിശ്വാസോത്സവം നൂതന പരിപാടികളോടെ ആരംഭിച്ചുവല്ലോ. ഈ വർഷത്തെ പ്രധാനവിഷയമായ ദൈവാരാധനയെ അടിസ്ഥാനമാക്കി തയ്യാറാക്കിയിരിക്കുന്ന ലെയ്ത്തൂർഗിയ എന്ന ലഘുലേഖ വിശ്വാസോത്സവത്തിൽ ഉപയോഗിക്കുന്ന കാര്യം ഓർമ്മിപ്പിക്കട്ടെ. നമ്മുടെ വിശ്വാസപ്രമാണത്തിന്റെ ആഴങ്ങളിലേയ്ക്കു കടന്നുചെല്ലാനും വിശ്വാസസത്യങ്ങളെ ആഴത്തിൽ മനസ്സിലാക്കുവാനും ആരാധനക്രമവത്സരത്തിന്റെ താളത്തിൽ നമ്മുടെ ആധ്യാത്മിക ജീവിതം പണിതുയർത്തുവാനും സാധിക്കട്ടെ. വിശ്വാസോത്സവ ദിനങ്ങളിൽ വിശ്വാസപ്രമാണം ഒരു ഉണർത്തുപാട്ടായി മാറട്ടെ.

**2020-21 വർഷത്തെ വിശ്വാസോത്സവ ദിനങ്ങളിൽ ശ്രദ്ധിക്കുവാൻ**

1. ഓരോ ദിനങ്ങളിലും വർക്കുബുക്കിലെ പ്രവർത്തനങ്ങൾ കൂടാതെ **ലെയ്ത്തൂർഗിയ** എന്ന ലഘുലേഖയും ഉപയോഗിച്ച് പ്രവർത്തനങ്ങൾ ക്രമീകരിക്കുക. ഞായറാഴ്ച കൂടാതെ മറ്റു ദിനങ്ങളിലും കുട്ടികൾക്കു ചെയ്യുവാൻ സാധിക്കുന്ന ലഘുപ്രവർത്തനങ്ങൾ നല്കാം.
2. **നമസ്കാരങ്ങൾ** പഠിപ്പിക്കുന്നതിന് പ്രത്യേക പ്രോഗ്രാമുകൾ ക്രമീകരിക്കുക.
3. **സഭാചരിത്രം** പഠിക്കാൻ സാധിക്കുന്ന ക്വിസ് പ്രോഗ്രാമുകൾ, യാത്രാവിവരണം തയ്യാറാക്കൽ, വ്യർച്വൽ എക്സിബിഷൻസ് മുതലായവ കുട്ടികളുടെ നേതൃത്വത്തിൽ ക്രമീകരിക്കുക.
4. **ആരാധനക്രമവത്സരത്തെക്കുറിച്ച്** നല്കപ്പെട്ടിരിക്കുന്ന വീഡീയോകളെ ആസ്പദമാക്കി **ക്വിസ്** പ്രോഗ്രാമുകൾ ചെയ്യുക.
5. എല്ലാ ദിവസവും പഠിക്കുവാനുള്ള **ഈശോനാമജപം** കൂടുതൽ തവണ ആവർത്തിച്ചു ചൊല്ലാൻ പ്രോത്സാഹിപ്പിക്കുക.
6. **ഓരോ ദിവസവും പഠിക്കുവാനുള്ള വചനം കുട്ടികളെ ഓർമ്മിപ്പിക്കുക. വിശുദ്ധരെ കുറിച്ചുള്ള വീഡിയോകൾ, പവർപോയിന്റ് പ്രസന്റേഷൻ എന്നിവ തയ്യാറാക്കുവാൻ മുതിർന്നക്ലാസ്സുകളിലെ കുട്ടികളോട് ആവശ്യപ്പെടാവുന്നതാണ്.**
7. വിശ്വാസോത്സവ ദിനങ്ങളിൽ കുട്ടികളോടും മാതാപിതാക്കളോടും അടുത്ത ബന്ധം പുലർത്തുകയും ആത്മീയ കാര്യങ്ങളിൽ പ്രോത്സാഹിപ്പിക്കുന്നവരുമാകുക.
8. **വിശ്വാസോത്സവം ക്രമീകരിക്കുമ്പോൾ ഗവൺമെന്റിന്റെ കോവിഡ് നിബന്ധനകൾ നിർബന്ധമായും പാലിക്കേണ്ടതാണ്.**

## ✦ Ecos @Sandes

നമ്മുടെ ഓൺലൈൻ Portal ആയ Ecos @Sandes ൽ പേരുവിവരങ്ങൾ ചേർക്കാനുള്ള അവസാന തീയതി 31.3.2021 ആണ്. എല്ലാ സൺഡേസ്കൂളുകളും മാർച്ച് 31ന് മുമ്പായി പേരുവിവരങ്ങൾ ചേർക്കേണ്ടതാണ്.

## ✦ കക്ര - ഷോർട്ട് ഫിലിം കോമ്പറ്റീഷൻ

ചങ്ങനാശ്ശേരി അതിരൂപതയിലെ സൺഡേസ്കൂളുകൾക്കായി സന്ദേശനിലയവും MAAC TV യും ചേർന്ന് നടത്തിയ ഷോർട്ട് ഫിലിം കോമ്പറ്റീഷനിൽ പങ്കെടുത്ത എല്ലാവരെയും അഭിനന്ദിക്കുന്നു. മത്സരത്തിനപ്പുറത്ത് ഇനിയും ഈ ടീമുകൾക്ക് ഇതുപോലുള്ള പുതിയ സംരംഭങ്ങൾക്ക് ഇടവകയിൽ നേതൃത്വം നല്കാവുന്നതാണ്.

ഒന്നാം സമ്മാനം - Entry No.9 സെന്റ് ജോസഫ്സ് സൺഡേസ്കൂൾ കുറിച്ചി
രണ്ടാം സമ്മാനം - Entry No.2 ഡോൺബോസ്കോ സൺഡേസ്കൂൾ ചെത്തിപ്പുഴ
മൂന്നാം സമ്മാനം - Entry No.14 സെന്റ് മേരീസ് സൺഡേസ്കൂൾ ഇരവുചിറ
പ്രോത്സാഹന സമ്മാനങ്ങൾ

1. Entry No. 3 ഡോൺബോസ്കോ സൺഡേസ്കൂൾ ചെത്തിപ്പുഴ
2. Entry No. 15 ക്രിസ്തുരാജാ സൺഡേസ്കൂൾ ആയൂർ
3. Entry No. 01 ക്രൈസ്റ്റ് ദി കിംഗ് സൺഡേസ്കൂൾ രാജഗിരി
4. Entry No. 10 സെന്റ് മേരീസ് സൺഡേസ്കൂൾ കൂത്രപ്പള്ളി
5. Entry No. 13 സെന്റ് ജോസഫ്സ് സൺഡേസ്കൂൾ കുന്നന്താനം
6. Entry No. 6 മാർ സ്ലീവാ സൺഡേസ്കൂൾ പഴവങ്ങാടി
7. Entry No. 4 ലൂർദ്ദ് മാതാ സൺഡേസ്കൂൾ ചാരമംഗലം

ജനപ്രിയ ചിത്രം - Entry No. 15 ക്രിസ്തുരാജാ സൺഡേസ്കൂൾ ആയൂർ

**ഷോർട്ട് ഫിലിം കോമ്പറ്റീഷന്റെ സമ്മാനദാനം മെയ്മാസത്തിലെ മതാദ്ധ്യാപക നേതൃസമ്മേളനത്തിൽവച്ച് നൽകപ്പെടുന്നതാണ്.**

## ✦ നന്ദി

സൺഡേസ്കൂൾ ഫൊറോന ഓർഗനൈസേഴ്സായി സേവനം ചെയ്ത ഫാ. ജോസഫ് (സുരേഷ്) പട്ടേറ്റ് MCBS, (കുറുമ്പനാടം), ഫാ. തോമസ് (റ്റോം) മാളിയേക്കൽ (നെടുംകുന്നം), ഫാ. മാത്യു (ജിജോ) മാറാട്ടുകളം (മണിമല), ഫാ. ജോർജ്ജ് (ജോർജ്ജിൻ) വെളിയത്ത് (ചമ്പക്കുളം) എന്നിവർക്ക് അതിരൂപതാ സന്ദേശനിലയം കുടുംബത്തിന്റെ നന്ദി.

## ✦ സ്വാഗതം

സൺഡേസ്കൂൾ ഫൊറോന ഓർഗനൈസേഴ്സായി നിയമിതരായിരിക്കുന്ന ഫാ. ജോസഫ് (ജോസ്) ഈറ്റോലിൽ (കുറുമ്പനാടം), ഫാ. മാത്യു മൂന്നുപീടികയിൽ എം.സി.ബി.എസ്, (നെടുംകുന്നം), ഫാ. വർഗ്ഗീസ് (മിന്റു) മൂന്നുപറയിൽ (മണിമല), ഫാ. ജോസഫ് (ഐബിൻ) പകലോമറ്റം (ചമ്പക്കുളം) എന്നിവർക്ക് അതിരൂപതാ സന്ദേശനിലയം കുടുംബത്തിന്റെ സ്വാഗതം.

## ✦ ആദരാഞ്ജലികൾ

പായിപ്പാട് ലൂർദ്ദ് മാതാ സൺഡേസ്കൂൾ അധ്യാപകൻ ശ്രീ. ഷാജിസാറിന്റെ മാതാവിന്റെയും അധ്യാപിക ശ്രീമതി ഷൈനി സൂസന്റെ ഭർത്താവിന്റെയും തകഴി സെന്റ് റീത്താസ് സൺഡേസ്കൂൾ അധ്യാപിക അനിറ്റ ജോസഫിന്റെ പിതാവിന്റെയും നിര്യാണത്തിൽ സന്ദേശനിലയത്തിന്റെ അനുശോചനം അറിയിക്കുകയും പരേതരുടെ ആത്മശാന്തിയ്ക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

# ചെറുപുഷ്പ മിഷൻലീഗ്
## CHERUPUSHPA MISSION LEAGUE

മിശിഹായിൽ സ്നേഹമുള്ളവരെ,

ഈശോ നമുക്കുവേണ്ടി സഹിച്ച പാടുപീഡകളെ ഓർത്ത് ധ്യാനിച്ച് പ്രാർത്ഥിക്കുന്ന ഈ നോമ്പുകാലം ഏറ്റവും ഫലദായകമാക്കി മാറ്റാൻ നമുക്ക് പരിശ്രമിക്കാം. ശാഖാതല ഭാരവാഹികളുടെ ഇലക്ഷൻ പൂർത്തിയാക്കി നമ്മൾ മേഖലാതല ഇലക്ഷനുകൾ നടത്തിക്കൊണ്ടിരിക്കുന്നു. എല്ലാവരുടെയും സഹകരണത്തിന് പ്രത്യേകം നന്ദി പറയുന്നു. മാർച്ച് 19 ന് നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന എല്ലാവർക്കും തിരുനാൾ മംഗളങ്ങൾ സ്നേഹപൂർവ്വം ആശംസിക്കുന്നു, ഒപ്പം നല്ല പരീക്ഷാക്കാലവും.

ഈശോയിൽ സ്നേഹപൂർവ്വം

**ഫാ. അനീഷ് കുടിലിൽ**
**ഫാ. ജോൺ വടക്കേകളം**
*(അസി. ഡയറക്ടേഴ്സ്)*

**ഫാ. ജോബിൻ പെരുമ്പളത്തുശ്ശേരി**
*(ഡയറക്ടർ)*
**ഫാ. ജോഷി പാണംപറമ്പിൽ**
*(ജോ. ഡയറക്ടർ)*

## അറിയിപ്പുകൾ

**2021 മാർച്ച്**

19 വെള്ളി : **മാർ യൗസേപ്പ്, അതിരൂപതാ മധ്യസ്ഥൻ** (ഓഫീസ് അവധി)
(മാർ ജോസഫ് പെരുന്തോട്ടം, മാർ ജോസഫ് പവ്വത്തിൽ പിതാക്കന്മാരുടെ നാമഹേതുകത്തിരുനാൾ)

28 ഞായർ : **ഓശാന ഞായർ**

31 ബുധൻ : പെസഹാ ബുധൻ, ഓഫീസ് അവധി

**2021 ഏപ്രിൽ**

1 വ്യാഴം : **പെസഹാവ്യാഴം**, പൗരോഹിത്യദിനം

2 വെള്ളി : **പീഡാനുഭവവെള്ളി**

3 ശനി : **വലിയ ശനി**

4 ഞായർ : **ഉയിർപ്പുഞായർ**
(31 ബുധൻ മുതൽ ഏപ്രിൽ 4 ഞായർ വരെ ഓഫീസ് അവധിയായിരിക്കും)

### ✦ അതിരൂപതാ ഓർഗനൈസിംഗ് സമിതിയുടെ തെരഞ്ഞെടുപ്പ്

അതിരൂപതാ ഓർഗനൈസിംഗ് സമിതിയുടെ തെരഞ്ഞെടുപ്പ് **ഏപ്രിൽ 10-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് സന്ദേശനിലയത്തിൽ** ആരംഭിക്കും. അതിരൂപതാതല ഇലക്ഷനിൽ പങ്കെടുക്കേണ്ടവർ മേഖലാ ഓർഗ. പ്രസിഡന്റ്, മേഖലാ ഓർഗ. വൈസ് പ്രസിഡന്റ്, മേഖലാ ഓർഗ. സെക്രട്ടറി, മേഖലാ ഓർഗ. ജോ. സെക്രട്ടറി, ആനിമേറ്റർ, റീജണൽ ഓർഗനൈസർമാർ എന്നിവരാണ്.

## ✦ കയ്യെഴുത്ത് മാസിക

കയ്യെഴുത്തുമാസിക അതിരൂപതാ മിഷൻലീഗ് ഓഫീസിൽ ഏല്പിക്കേണ്ട അവസാനതീയതി ഏപ്രിൽ 15 ആണെന്ന കാര്യം മറക്കാതിരിക്കാം. വിശദവിവരങ്ങൾ ജനുവരി, ഫെബ്രുവരി മാസങ്ങളിലെ മദ്ധ്യസ്ഥനിൽ നല്കിയിട്ടുണ്ട്.

## ✦ മേഖലാ - ശാഖാ വാർഷിക റിപ്പോർട്ട്

കോവിഡ് കാല പരിമിതിയ്ക്കുള്ളിൽ നിന്നുകൊണ്ട് മിഷൻലീഗിന്റെ പ്രവർത്തനങ്ങൾക്കു മാന്ദ്യം വരാതെ പ്രവർത്തിക്കുവാൻ മേഖലകളും ശാഖകളും പ്രവർത്തിച്ചു എന്നത് അഭിനന്ദനാർഹമാണ്. നിങ്ങളുടെ ഈ വർഷത്തെ പ്രവർത്തനങ്ങളെക്കുറിച്ചറിയുവാൻ അതിരൂപതാ മിഷൻലീഗ് കുടുംബത്തിനും ആഗ്രഹമുണ്ട്. ആയതിനാൽ നിങ്ങളുടെ വാർഷിക റിപ്പോർട്ട് ഏപ്രിൽ 30 നകം അതിരൂപതാ മിഷൻലീഗ് ഓഫീസിൽ പ്രതീക്ഷിക്കുന്നു. പ്രത്യേക ഫോമുകളൊന്നും ഉണ്ടായിരിക്കുന്നതല്ല. ഒരു മത്സരമായി ഇതിനെ കണക്കാക്കുന്നുമില്ല. നിങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് അറിയാനുള്ള ആഗ്രഹം മാത്രമാണ് ഇതിന് പിന്നിൽ.

## ✦ മേഖലാ ഡയറക്ടേഴ്സിന് നന്ദി

മിഷൻലീഗ് മേഖലാ ഡയറക്ടർമാരായി സ്തുത്യർഹ്യമായ സേവനം നല്കിയ ഫാ. ജോസഫ് (സുരേഷ്) പട്ടേറ്റ് MCBS (കുറുമ്പനാടം), ഫാ. തോമസ് (റ്റോം) മാളിയേക്കൽ (നെടുംകുന്നം), ഫാ. മാത്യു (ജിജോ) മാറാട്ടുകളം (മണിമല), ഫാ. ജോസഫ് (റ്റിൻസൺ) നരിതുരുത്തേൽ (ചമ്പക്കുളം), ഫാ. വർഗ്ഗീസ് (മിന്റു) മൂന്നുപറയിൽ (കുടമാളൂർ), ഫാ. ഐസക് (റ്റോണി) കൂലിപ്പറമ്പിൽ(ചങ്ങനാശേരി) എന്നിവർക്ക് മിഷൻലീഗ് കുടുംബത്തിന്റെ ഹൃദയംഗമമായ നന്ദി.

## ✦ സ്വാഗതം

മിഷൻലീഗ് മേഖലാ ഡയറക്ടർമാരായി പുതുതായി നിയമിതരായിരിക്കുന്ന ഫാ. ജോസഫ് ഈറ്റോലിൽ (കുറുമ്പനാടം), ഫാ. മാത്യു മൂന്നുപീടികയിൽ MCBS (നെടുംകുന്നം), ഫാ. വർഗ്ഗീസ് (മിന്റു) മൂന്നുപറയിൽ (മണിമല), ഫാ. ജോസഫ് (ഐബിൻ) പകലോമറ്റം (ചമ്പക്കുളം), ഫാ. വർഗ്ഗീസ് (റ്റോബിൻ) അറുവൻപറമ്പിൽ (ചങ്ങനാശേരി) എന്നിവർക്ക് ഹൃദയപൂർവ്വം സ്വാഗതം ആശംസിക്കുന്നു.

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

വലിയനോമ്പുകാലത്തിലൂടെ നമ്മൾ കടന്നുപോകുമ്പോൾ നമ്മുടെ ജീവിതത്തെ പ്രാർത്ഥനയുടെയും ആത്മപരിത്യാഗത്തിന്റെയും ദിനങ്ങളായി നമുക്ക് മാറ്റാം. 12-ാമത് ലിറ്റർജിക്കൽ ക്വിസ് മത്സരവിജയികൾക്ക് അഭിനന്ദനങ്ങൾ നേരുന്നു.

കൂട്ടായ്മാ അതിരൂപത നേതൃത്വം ഇടവക നേതൃത്വവുമായി സ്നേഹബന്ധം പുതുക്കുന്ന സൗഹൃദം പരിപാടി ഇനി 6 ഫൊറോനകളിൽ കൂടി നടക്കാനുണ്ട്. അത് ഒരുമിച്ചുക്രമീകരിക്കുന്നതാണ്. ഓൺലൈനായി നടത്തുന്ന ഈ പരിപാടിയിൽ ബന്ധപ്പെട്ടവർ പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ.

22-ാമത് അതിരൂപത ബൈബിൾ കൺവൻഷൻ വിജയകരമാക്കുന്നതിനു യത്നിച്ച എല്ലാവർക്കും സ്നേഹപൂർവം നന്ദി അർപ്പിക്കുന്നു.

എല്ലാവർക്കും ദൈവാനുഗ്രഹങ്ങൾ പ്രാർത്ഥനാപൂർവ്വം നേരുന്നു

**ഫാ. ജെന്നി കായംകുളത്തുശേരി**
*(ഡയറക്ടർ)*

## വാർത്തകൾ - പ്രവർത്തനങ്ങൾ

### അതിരൂപത ബൈബിൾ കൺവൻഷൻ

ഈ വർഷത്തെ ചങ്ങനാശേരി അതിരൂപത ബൈബിൾ കൺവൻഷൻ ഫെബ്രു. 17 മുതൽ 20 വരെ വൈകുന്നേരം 6.15 മുതൽ 8.45 വരെ പാറേൽ പള്ളിയിൽ വച്ചും ഓൺലൈനുമായി ക്രമീകരിച്ചു. വിവിധ രൂപതാ അദ്ധ്യക്ഷൻമാർ കൺവൻഷനിൽ പ്രബോധനങ്ങൾ നൽകി.

### സൗഹൃദം

കൊല്ലം, കോട്ടയം, കുടമാളൂർ, കുറുമ്പനാടം, മണിമല ഫൊറോനകളിൽ ഓൺലൈനായി സൗഹൃദം നടത്തപ്പെട്ടു. പ്രസ്തുത ഫൊറോനകളിൽ ഇതു ഭംഗിയായി ക്രമീകരിക്കുവാൻ സഹായിച്ച ഫൊറോനാ ഡയറക്ടറച്ചന്മാരെ നന്ദിയോടെ ഓർക്കുന്നു.

### ആത്മീയ സംഗമം പ്രാർത്ഥനാ കൂട്ടായ്മ

ഫെബ്രുവരി മാസത്തെ ആത്മീയ സംഗമം പ്രാർത്ഥനാ കൂട്ടായ്മ 11 ന് വ്യാഴാഴ്ച 3 മുതൽ 4 വരെ ഓമന അലക്സാണ്ടർ പകലോമറ്റത്തിന്റെ ഭവനത്തിൽ വച്ചു നടന്നു. പ്രാർത്ഥനയിൽ അതിരൂപതയിലെ എല്ലാ പ്രവർത്തനങ്ങളെയും ദൈവസന്നിധിയിൽ സമർപ്പിച്ചു പ്രാർത്ഥിച്ചു. ഡയറക്ടറച്ചൻ സന്ദേശം നല്കി.

## കുടുംബക്കൂട്ടായ്മ പാസ്റ്ററൽ കൗൺസിൽ സമിതി സമ്മേളനം

കുടുംബക്കൂട്ടായ്മ പാസ്റ്ററൽ കൗൺസിൽ സമിതി സമ്മേളനം ഫെബ്രുവരി 27 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3 മുതൽ 4 വരെ മാർതോമ്മാ വിദ്യാനികേതൻ ഹാളിൽവച്ചു നടന്നു. വിവിധ വിഷയങ്ങൾ ചർച്ച ചെയ്തു.

## ലിറ്റർജിക്കൽ ക്വിസ് 2020

ലിറ്റർജിക്കൽ ക്വിസ് ഈ വർഷം ഫെബ്രു. 13–ാം തീയതി രണ്ടാം ശനിയാഴ്ച നടന്നു. ആദ്യഘട്ടമത്സരത്തിൽ ആദ്യ 9 സ്ഥാനങ്ങൾ നേടിയ ടീമുകൾ അതിരൂപത മത്സരത്തിൽ പങ്കെടുത്തു. ആദ്യ സ്ഥാനങ്ങൾ കരസ്ഥമാക്കിയ 5 ടീമുകൾക്ക് അഭി. പിതാവ് മാർ ജോസഫ് പെരുന്തോട്ടം യഥാക്രമം 5000, 4000, 3000, 2000, 1000 എന്ന ക്രമത്തിൽ ക്യാഷ് അവാർഡുകളും ട്രോഫികളും തുടർന്നുള്ള 4 ടീമുകൾക്ക് പ്രോത്സാഹന സമ്മാനങ്ങളും നൽകി.

വിജയികളുടെ ലിസ്റ്റ്

1. വത്സമ്മ സ്കറിയ അമ്പലത്തട്ടേൽ (തോട്ടയ്ക്കാട്)
2. ത്രേസ്യാമ്മ ജോർജ്ജ് കുരീക്കാട്ട് (ചമ്പക്കര)
3. ഷൈനി ടോം (പുളിങ്കുന്ന്)
4. ഫിൽസി സനൽ (കിടങ്ങറ)
5. നിഥി ആന്റൻ കൈലാത്ത് (മാമ്മൂട്)

# അറിയിപ്പുകൾ

## മാർ യൗസേപ്പിതാവിന്റെ വർഷാചരണം

മാർ യൗസേപ്പിതാവിന്റെ വർഷാചരണത്തിൽ നമ്മുടെ അതിരൂപതയിലെ എല്ലാ കുടുംബങ്ങളിലും പ്രാർത്ഥിക്കാനുള്ള മാർ യൗസേപ്പിതാവിന്റെ ജപമാല പ്രാർത്ഥന കാർഡ് കുടുംബക്കൂട്ടായ്മ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ് (5 രൂപ). ആഴ്ചയിൽ 2 ദിവസങ്ങളിൽ (തിങ്കൾ, വെള്ളി) ചൊല്ലുന്നത് ഉചിതമാണ്. മാർച്ച് 19 ന് ഇടവകകളിൽ മാർ യൗസേപ്പിതാവിന്റെ വർഷാചരണത്തിന് ഔദ്യോഗിക തുടക്കം കുറിയ്ക്കുമ്പോൾ ഇടവക പള്ളിയിലും, മഠങ്ങളിലും, കുടുംബങ്ങളിലും സ്ഥാപിക്കാനുള്ള ലാമിനേറ്റ് ചെയ്ത ഐക്കൺ ഫ്രെയിം ഓർഡർ അനുസരിച്ച് മാർച്ച് 19 ന് മുമ്പ് ചെയ്തു തരുന്നതാണ്. മാർച്ച് 5 ന് മുമ്പ് ഓർഡർ നൽകണമെന്നറിയിക്കുന്നു. Contact No: 8848492369

Size (inch) 20/14 (Rs.350), 24/18 (Rs.500), 14/10 (Rs.200)

## സൗഹൃദം ഓൺലൈനായി നടത്തപ്പെടുന്ന ഫൊറോനകൾ

കൂട്ടായ്മാ അതിരൂപത നേതൃത്വം ഇടവക നേതൃത്വവുമായി സ്നേഹബന്ധം പുതുക്കുന്ന സൗഹൃദം പരിപാടി ഇനി 6 ഫൊറോനകളിൽ കൂടി നടക്കാനുണ്ട്. അത് ഒരുമിച്ചുക്രമീകരിക്കുന്നതാണ്. ഓൺലൈനായി നടത്തുന്ന ഈ പരിപാടിയിൽ ബന്ധപ്പെട്ടവർ പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ. ലിങ്ക് നൽകുന്നതാണ്.

മാർച്ച് 06 ശനി 6.30 pm പുളിങ്കുന്ന്, തൃക്കൊടിത്താനം, തിരുവനന്തപുരം, അമ്പൂരി, നെടുങ്കുന്നം, തുരുത്തി

*ശേഷം പേജ് 54 ൽ.....»*

പ്രിയ കുടുംബപ്രേഷിതരേ,

കുടുംബപ്രേഷിത കേന്ദ്രത്തിൽനിന്നും ആശംസകൾ! 2021 – 22 വർഷങ്ങൾ നമ്മൾ കുടുംബപ്രേഷിതരെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനപ്പെട്ട വർഷമാണ്. യൗസേഫ് പിതാവിന്റെ വർഷമായി ഫ്രാൻസിസ് മാർപ്പാപ്പ ഈ വർഷത്തെ പ്രഖ്യാപിച്ചു എന്നതു മാത്രമല്ല യൗസേഫ് പിതാവിന്റെ മരണത്തിരുനാൾ ദിവസമായ മാർച്ച് 19-ാം തീയതി മുതൽ 2022 ജൂണിൽ, റോമിൽവച്ച് നടക്കുന്ന ലോകകുടുംബസമ്മേളനം വരെ കുടുംബവർഷമായി ആചരിക്കണമെന്ന ഉദ്ബോധനമാണ് ഈ വർഷങ്ങളെ പ്രധാനപ്പെട്ടതാക്കുന്നത്. കുടുംബജീവിതത്തിന്റെ തുടിപ്പുകൾ തൊട്ടറിയുന്ന 'അമോറിസ് ലെറ്റീഷ' (സ്നേഹത്തിന്റെ ആനന്ദം) എന്ന പ്രബോധനത്തിന്റെ അഞ്ചാം വാർഷികം കൂടിയാണ് 2021 മാർച്ച് 19-ാം തീയതി. കുടുംബം ഒന്നാമതായി സ്നേഹത്തിലും ക്ഷമയിലും ബന്ധങ്ങൾ ശക്തിപ്പെടുത്തുന്ന പ്രാർത്ഥനയുടെ ഭവനമായി തീരണമെന്ന് മാർപാപ്പാ വിശ്വാസികളെ ഉദ്ബോധിപ്പിക്കുന്നു.

കുടുംബവർഷത്തിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്ന കുടുംബത്തിനും അല്മായർക്കും ജീവനുവേണ്ടിയുള്ള പൊന്തിഫിക്കൽ കമ്മീഷൻ 5 ലക്ഷ്യങ്ങൾ കുടുംബവർഷത്തിനുണ്ടെന്ന് അറിയിച്ചു. 1) 'സ്നേഹത്തിന്റെ ആനന്ദം' എന്ന ശ്ലൈഹിക പ്രബോധനത്തിന്റെ സന്ദേശം വ്യാപകമായി പ്രചരിപ്പിക്കുക. 2) വിവാഹമെന്ന കൂദാശ ഒരു ദൈവദാനമാണെന്ന് പ്രഘോഷിക്കുക. 3) കുടുംബപ്രേഷിത പ്രവർത്തനങ്ങളുടെ സജീവ ഏജന്റാകാൻ കുടുംബങ്ങളെ പ്രാപ്തമാക്കുക. 4) സ്നേഹത്തിന്റെ സത്യത്തിൽ രൂപപ്പെടുന്നതിന്റെ പ്രാധാന്യം യുവജനതയെ ബോധ്യപ്പെടുത്തുക. 5) കുടുംബപ്രേഷിതത്വത്തിന്റെ കാഴ്ചപ്പാടും വ്യാപ്തിയും വിശാലമാക്കുക.

ഈ ലക്ഷ്യങ്ങൾ സഫലീകരിക്കാനുള്ള പ്രവർത്തനപരിപാടികൾ ഈ വർഷം തയ്യാറാക്കണം. കോവിഡ് മഹാമാരിയെ കുടുംബങ്ങളുടെ കെട്ടുറപ്പും സ്നേഹവുംകൊണ്ടും അതിജീവിക്കാൻ നമുക്കാകട്ടെ.

സ്നേഹപൂർവ്വം,

**ഫാ. ജോസ് മുകളേൽ**
*(ഡയറക്ടർ)*

**ഫാ. റ്റിജോ പുത്തൻപറമ്പിൽ**
**ഫാ ജോൺസൺ ചാലയ്ക്കൽ**
*(അസി. ഡയറക്ടർമാർ)*

**ഫാ. സോണി പള്ളിച്ചിറ**
*(തെക്കൻമേഖല കോ-ഓർഡിനേറ്റർ)*

# അറിയിപ്പുകൾ

## I എൽറോയി - ലിറ്റർജിക്കൽ ക്വിസ്മത്സരം

5-ാം ഘട്ട ക്വിസ്മത്സരം (ക്ലാസ് 41 മുതൽ 50 വരെ) മാർച്ചുമാസം 7-ാം തീയതി ഞായർ 3.00 മണിക്ക് മുൻപതിവുപോലെ നടത്തപ്പെടുന്നു. മെഗാ ക്വിസ്മത്സരം ഏപ്രിൽ മാസത്തിൽ നടത്തപ്പെടുന്നതാണ് (ക്ലാസ് 1 മുതൽ 50 വരെ).

## II ഫൊറോന വാർഷിക റിപ്പോർട്ട്

2020 ജനുവരി മുതൽ ഡിസംബർ വരെ ഫൊറോനതലത്തിൽ നടത്തിയ കർമ്മപരിപാടികളുടെ വീഡിയോ റിപ്പോർട്ട് 10 മിനിറ്റിൽ കൂടാതെ തയ്യാറാക്കി മാർച്ച് 10-ാം തീയതിക്കകം അതിരൂപത ഓഫീസിലേക്ക് മെയിൽ ചെയ്യേണ്ടതാണ്. E-mail ID: familyapostolatechry@gmail.com അതിരൂപത വാർഷികദിനത്തിൽ എല്ലാ ഫൊറോന റിപ്പോർട്ടുകളും എഡിറ്റ് ചെയ്ത് പ്രദർശിപ്പിക്കുന്നതാണ്.

## III അതിരൂപത വാർഷികം

മാതൃ-പിതൃവേദി അതിരൂപത വാർഷികം മാർച്ചുമാസം 27-ാം തീയതി 9.30 മുതൽ 12.30 വരെ മെത്രാപ്പോലീത്തൻപള്ളി പാരിഷ്ഹാളിൽവെച്ച് നടത്തപ്പെടുന്നു. ഒരു ഫൊറോനയിൽനിന്ന് 20 പേർ മാത്രമാണ് പങ്കെടുക്കേണ്ടത് (മാതൃവേദി + പിതൃവേദി) ഫൊറോന ആനിമേറ്റർ, ഫൊറോന ഭാരവാഹികൾ, എക്സിക്യൂട്ടീവ് അംഗങ്ങൾ, കലോത്സവസമ്മാനർഹർ എന്നിവരാണ് പങ്കെടുക്കേണ്ടത്. തദവസരത്തിൽ മാതൃ-പിതൃവേദി അതിരൂപത കുടുംബവർഷവും ഉദ്ഘാടനം ചെയ്യപ്പെടുന്നതാണ്.

## IV ഫൊറോന തെരഞ്ഞെടുപ്പ്

യൂണിറ്റ് തെരഞ്ഞെടുപ്പ് പൂർത്തിയായി ഫൊറോന തെരഞ്ഞെടുപ്പുകൾ ആരംഭിച്ചിരിക്കുന്നു. ഫെബ്രുവരി 21-ാം തീയതി തിരുവനന്തപുരം ഫൊറോനയും, 28-ാം തീയതി ചങ്ങനാശേരി, അമ്പൂരി, കോട്ടയം, മണിമല ഫൊറോനകളും, മാർച്ച് 7-ാം തീയതി ചമ്പക്കുളം, അതിരമ്പുഴ, തുരുത്തി, നെടുങ്കുന്നം ഫൊറോനയും, മാർച്ച് 14-ാം തീയതി പുളിങ്കുന്ന്, ആലപ്പുഴ, കൊല്ലം ഫൊറോനയും, മാർച്ച് 21-ാം തീയതി തൃക്കൊടിത്താനം, എടത്വാ, കുറുമ്പനാടം ഫൊറോനകളിലും ഫൊറോന തെരഞ്ഞെടുപ്പ് നടത്തപ്പെടുന്നു.

## V അതിരൂപത തെരഞ്ഞെടുപ്പ്

2021 ഏപ്രിൽ 10-ാം തീയതി ശനിയാഴ്ച രാവിലെ 10.30 ന് മാതൃവേദി തെരഞ്ഞെടുപ്പും ഉച്ചകഴിഞ്ഞ് 2.30 ന് പിതൃവേദി തെരഞ്ഞെടുപ്പും അതിരൂപത പാസ്റ്ററൽ സെന്ററിൽ വെച്ച് നടത്തപ്പെടുന്നതാണ്.

## VI അന്തർദേശീയ വനിതാദിനം

അന്തർദേശീയ വനിതാദിനം മാർച്ച് 8-ാം തീയതി മാതൃവേദി അതിരൂപത സമിതി ആഘോഷിക്കുന്നു. അന്നേദിവസം രാവിലെ 9.30 മണിക്ക് പാറേൽ പള്ളി പാരിഷ്ഹാളിൽ വച്ച് നടക്കുന്ന വനിതാദിന സംഗമത്തിൽ അഭിവന്ദ്യ പിതാക്കന്മാർ ഉൾപ്പെടെ വിശിഷ്ട വ്യക്തികൾ പങ്കെടുക്കുന്നതാണ്. നെടുങ്കുന്നം,

*ശേഷം പേജ് 51 ൽ.....»*

കുറുമ്പനാടം, ചങ്ങനാശേരി, തുരുത്തി, തൃക്കൊടിത്താനം ഫൊറോനയിൽപ്പെട്ട യൂണിറ്റ് ഭാരവാഹികൾ യൂണിഫോം ധരിച്ച് പങ്കെടുക്കേണ്ടതാണ്.

**വനിതാദിനം യൂണിറ്റുകളിൽ**

എല്ലാ ഇടവകയിലും മാതൃവേദിയുടെ ആഭിമുഖ്യത്തിൽ മാർച്ച് 7-ാം തീയതി ഞായറാഴ്ച രാവിലെ വി. കുർബാനയ്ക്കുശേഷം പ്രത്യേക വനിതാദിനസമ്മേളനം വിവിധ കർമ്മപരിപാടികളോടുകൂടി നടത്തേണ്ടതാണ്.

**യൂണിറ്റ് - ഫൊറോന സമ്മേളനങ്ങളിൽ...**

മാർച്ച്മാസം യൂണിറ്റ്-ഫൊറോന സമ്മേളനങ്ങളിൽ വനിതാദിനം, ഫൊറോന തെരഞ്ഞെടുപ്പ്, അതിരൂപത വാർഷികം, കുടുംബവർഷ ഉദ്ഘാടനം, വി. യൗസേപ്പ് പിതാവിന്റെ വർഷം, യൂണിറ്റ് പ്രവർത്തനവർഷ ഉദ്ഘാടനം തുടങ്ങിയ വിഷയങ്ങൾ അജണ്ടയിൽ ഉൾപ്പെടുത്തി ചർച്ച ചെയ്ത് റിപ്പോർട്ടുബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

## ONLINE PRE MARRIAGE COURSE

| മാർച്ച് | ഏപ്രിൽ | മെയ് |
|---|---|---|
| Booking Date | Booking Date | Booking Date |
| 12, 13, 14 (Mar. 1) | 5, 6, 7 (Mar. 25) | 1, 2, 3 (Apr. 23) |
| 19, 20, 21 (Mar. 1) | 9,10,11 (Mar. 29) | 6, 7, 8 (Apr. 27) |
| 22, 23, 24 (Mar. 15) | 16,17,18 (Apr. 4) | 13,14,15 (Apr. 27) |
| 26, 27, 28 (Mar. 18) | 20,21,22 (Apr. 8) | 17,18,19 (May 5) |
| | 24,25,26 (Apr. 12) | 21,22,23 (May 9) |
| | 28,29,30 (Apr. 19) | 25,26,27 (May 16) |

**For Booking:**
www. familyapostolatechry.com
Mob: 7736754476, 9447016240
*Booking Starts at 11.00 am*

## യുവദീപിക ആരംഭിച്ചു

ദീപിക ദിനപത്രത്തിന്റെ പ്രചരണത്തിന്റെ ഭാഗമായി രണ്ടു പൊതുആശുപത്രികളിൽ യുവദീപ്തി–എസ്.എം.വൈ.എം ദീപിക ദിനപത്രം വിതരണം ആരംഭിച്ചു. ഇതിന്റെ ഉദ്ഘാടനം മാർ ജോസഫ് പെരുന്തോട്ടം മെത്രാപ്പോലീത്ത യുവദീപിക കോർഡിനേറ്റർമാരായ ഡയോൺ റോയി, മരിയ ജോസ് എന്നിവർക്ക് നൽകികൊണ്ട് സന്ദേശനിലയം ഹാളിൽ വച്ച് നിർവ്വഹിച്ചു.

## PSC പിൻവാതിൽ നിയമനത്തിനെതിരെ യുവദീപ്തി-SMYM ധർണ്ണ നടത്തി

യുവദീപ്തി SMYM ന്റെ ആഭിമുഖ്യത്തിൽ ഫെബ്രുരി 13–ാം തീയതി ശനിയാഴ്ച 10.30 മുതൽ ചങ്ങനാശേരി മുനിസിപ്പൽ ജംഗ്ഷനിൽവച്ച് സർക്കാരിന്റെ PSC പിൻവാതിൽ നിയമനത്തിനെതിരെ ധർണ്ണ നടത്തി. അതിരൂപത പ്രസിഡന്റ് ജോബിൻ ജോസഫിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ പാസ്റ്ററൽ കൗൺസിൽ എക്സിക്യൂട്ടീവ് അംഗം ശ്രീ. വി.ജെ. ലാലി ധർണ്ണ ഉദ്ഘാടനം ചെയ്തു. അതിരൂപത ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര ആമുഖപ്രസംഗം നടത്തി. കെ.സി.വൈ.എം ജന.സെക്രട്ടറി ഷിജോ മാത്യു ഇടയാടി, ഡെൻസമ്മ അന്ന സോജൻ, ജോർഡി വർഗീസ്, ഡയോൺ റോയി എന്നിവർ പ്രസംഗിച്ചു.

## കോർഡേ പാട്രിസ് ഓർട്ടും

വി. യൗസേപ്പ് പിതാവിന്റെ വർഷാചരണത്തോടനുബന്ധിച്ചു ചങ്ങനാശേരി അതിരൂപത യുവദീപ്തി SMYM ന്റെ നേതൃത്വത്തിൽ പ്രസംഗ മത്സരം നടത്തപ്പെടുന്നു. *'പിതൃഹൃദയത്തോടെ'* എന്ന ഫ്രാൻസിസ് മാർപാപ്പയുടെ അപ്പസ്തോലിക ലേഖനത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ഈ മത്സരം വീഡിയോ ആയി പകർത്തി അയച്ചു തരേണ്ട അവസാന തീയതി മാർച്ച് 10 വൈകുന്നേരം 06:30 pm ആണ്.

## ക്രൂശിതന്റെ ചാരെ

വലിയ നോമ്പിനോടനുബന്ധിച്ചു 50 ദിവസങ്ങളിലും നോമ്പിന്റെ ചിന്തകൾ പങ്കുവെച്ചുകൊണ്ട് സോഷ്യൽ മീഡിയയിലൂടെ വീഡിയോ പങ്കുവെക്കുന്നു.

## അഭിവന്ദ്യ പവ്വത്തിൽ പിതാവിന് ആശംസ

മെത്രാഭിഷേകത്തിന്റെ സുവർണ ജൂബിലിയിലേക്ക് പ്രവേശിക്കുന്ന യുവദീപ്തി സ്ഥാപകൻ അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ പിതാവിന് അതിരൂപത എക്സിക്യൂട്ടീവ് അംഗങ്ങൾ നേരിട്ട് കണ്ട് പ്രാർത്ഥനാശംസകൾ അറിയിച്ചു.

## ഫൊറോന വിസിറ്റ്

ഈ പ്രവർത്തന വർഷത്തെ ആദ്യ ഫൊറോന വിസിറ്റ് ഫെബ്രുവരി 14 ന് മണിമല ഫൊറോനയിലെ കുളത്തൂർ യൂണിറ്റിൽ വെച്ച് നടത്തി.

## സെനറ്റ്

ചങ്ങനാശേരി അതിരൂപത യുവദീപ്തി SMYM ന്റെ 2021 പ്രവർത്തന വർഷത്തെ രണ്ടാം സെനറ്റ് മീറ്റിംഗ് ഫെബ്രുവരി 21 ഞായറാഴ്ച്ച രാവിലെ 11 മണി മുതൽ നടത്തപ്പെട്ടു.

## ടയർ ഉരുട്ടി പ്രതിഷേധം

അനിയന്ത്രിതമായി ഉയരുന്ന പെട്രോൾ, പാചകവാതക വിലവർദ്ധനവിനെതിരെ യുവദീപ്തി-എസ്.എം.വൈ.എം. റോഡിലൂടെ ടയർ ഉരുട്ടി പ്രതിഷേധപ്രകടനം നടത്തി. അതിരൂപത പ്രസിഡന്റ് ജോബിൻ ഇടത്താഴെയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽവച്ച് SMYM - Global ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര പ്രതിഷേധം ഉദ്ഘാടനം ചെയ്തു. അതിരൂപതാ ഡെപ്യൂട്ടി പ്രസിഡന്റ് ഡെൻസമ്മ അന്നാ സോജൻ, ജന. സെക്രട്ടറി ജോർഡി വർഗ്ഗീസ്, കെ.സി.വൈ.എം സംസ്ഥാന ജന. സെക്രട്ടറി ഷിജോ ഇടയാടി, അതി. ട്രഷറർ ഡയോൺ റോയി, ജസ്റ്റിൻ മഞ്ചേരിക്കളം, ജയ്നറ്റ് മാത്യു, കെവിൻ ടോം, അലൻ ബേബി, അമല ഷാജി, മരിയ ജോസ്, സീനാമോൾ ചെറിയാൻ, റോസ് മരിയാ സെബാസ്റ്റ്യൻ, ടോണി മാത്യു, കരോളിൻ, നിമിഷ ചാക്കോ, ഡിലോ ദേവസ്യ, ലാലിച്ചൻ മറ്റത്തിൽ എന്നിവർ പ്രസംഗിച്ചു.

## അക്ഷരചെപ്പ്

ചമ്പക്കുളം കല്ലൂർക്കാട് സെന്റ് മേരീസ് ഹയർസെക്കണ്ടറി സ്കൂൾ ലൈബ്രറിക്ക് യുവദീപ്തി-എസ്.എം.വൈ.എമ്മിന്റെ ആഭിമുഖ്യത്തിൽ 50,000 രൂപയുടെ പുസ്തകങ്ങൾ നൽകി. ആദ്ധ്യാത്മിക, സാമൂഹിക, സാഹിത്യ, ശാസ്ത്രവിഷയങ്ങളിലുള്ള പുസ്തകങ്ങളാണ് സ്കൂൾ ലൈബ്രറിക്കു നൽകിയത്. വെള്ളപ്പൊക്കംമൂലം ആയിരക്കണക്കിനു രൂപയുടെ പുസ്തകങ്ങൾ നഷ്ടപ്പെട്ടിരുന്നു. 2020 വർഷത്തെ ഭരണസമിതിയുടെ നേതൃത്വത്തിലാണ് അക്ഷരചെപ്പ് എന്ന പേരിൽ ലൈബ്രറി പുസ്തകങ്ങൾ സംഭാവനചെയ്തത്. ഇതോടനുബന്ധിച്ച് സ്കൂൾ മിനിഹാളിൽ അതിരൂപതാ പ്രസിഡന്റ് ജോബിൻ ഇടത്താഴെയുടെ അദ്ധ്യക്ഷതയിൽകൂടിയ സമ്മേളനത്തിൽവച്ച് അതിരൂപത വികാരി ജനറാളും സ്കൂൾ മുൻ മാനേജരുമായ വെരി റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ 'അക്ഷരചെപ്പ്' പ്രോഗ്രാം ഉദ്ഘാടനം ചെയ്തു. അതിരൂപത ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര ആമുഖപ്രസംഗം നടത്തി. കെ.സി.വൈ.എം. സംസ്ഥാന ജന.സെക്രട്ടറി ഷിജോ മാത്യു ഇടയാടി, ജസ്റ്റിൻ മഞ്ചേരിക്കളം, റോസ് മരിയ സെബാസ്റ്റ്യൻ, സ്കൂൾ മാനേജർ വെരി. റവ. ഫാ. എബ്രാഹം കാടത്തുകളം, സ്കൂൾ ഹെഡ്മാസ്റ്റർ അലക്സാണ്ടർ, ഡയോൺ റോയി, ഡിലോ ദേവസ്യ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു.

## Elite 2021

ചങ്ങനാശേരി അതിരൂപത യുവദീപ്തി SMYM ന്റെ നേതൃത്വത്തിൽ അതിരൂപതയിലെ വിവിധ ഫൊറോന യൂണിറ്റ് തലങ്ങളിലുള്ള മീഡിയ കോർഡിനേറ്റർസി

ന്റെ മീറ്റിംഗ് ഫെബ്രുവരി 22 ന് നടത്തപ്പെട്ടു. ഓൺലൈൻ വേദിയായ Google Meet ലൂടെ ആണ് മീറ്റിംഗ് നടത്തപ്പട്ടത്. അഭിവന്ദ്യ തോമസ് തറയിൽ പിതാവ് മീഡിയ കോർഡിനേറ്റേഴ്സുമായി സംസാരിച്ചു.

### ആശംസകൾ

SMYM Global Director ആയി ചുമതലയേറ്റ യുവദീപ്തി SMYM ചങ്ങനാശേരി അതിരൂപത ഡയറക്ടർ ഫാ. ജേക്കബ് ചക്കാത്ര, KCYM സംസ്ഥാന ജനറൽ സെക്രട്ടറി ആയി ചുമതലയേറ്റ ശ്രീ. ഷിജോ മാത്യു ഇടയാടി, S.D. സന്ന്യാസിനി സമൂഹത്തിന്റെ ചങ്ങനാശേരി സെന്റ് ജോസഫ് പ്രൊവിൻസിന്റെ അസിസ്റ്റന്റ് പ്രൊവിൻഷ്യൽ ആയി ചുമതലയേറ്റ അതിരൂപത യുവദീപ്തി SMYM ആനിമേറ്റർ സി. സെലിൻ ജോസ് S.D. എന്നിവർക്ക് യുവദീപ്തി കുടുംബത്തിന്റെ പ്രാർത്ഥനാശംസകൾ.

**ഫാ. ജേക്കബ് ചക്കാത്ര**
(ഡയറക്ടർ)

---

*» ബൈബിൾ അപ്പോസ്തലേറ്റ് & കുടുംബക്കൂട്ടായ്മ തുടർച്ച...*

### കൂട്ടായ്മ ആനിമേറ്റേഴ്സ് സംഗമം

ഇടവകകളിൽ കുടുംബക്കൂട്ടായ്മക്കു നേതൃത്വം കൊടുക്കുന്ന ബഹു. സിസ്റ്റേഴ്സിന്റെ സംഗമം മാർച്ച് 13 ശനി വൈകുന്നേരം 4 മുതൽ 5 വരെ ഓൺലൈനായി നടത്തുന്നു. ആനിമേറ്റർ സിസ്റ്റേഴ്സ് പങ്കെടുക്കടുക്കണമെന്ന റിയിക്കുന്നു.

### കെരിഗ്മ-ഫൊറോനാതല നേതൃസംഗമം

മാർച്ച് മാസം മുതൽ കുടുംബകൂട്ടായ്മ ലീഡേഴ്സിന്റെ ഫൊറോനാതല നേതൃസംഗമം (കെരിഗ്മ) ആരംഭിക്കുന്നതാണ്. അഭിവന്ദ്യ പിതാക്കന്മാരോ, ജനറാൾ അച്ചന്മാരോ സംഗമം ഉദ്ഘാടനം ചെയ്യുന്നതാണ്. പഞ്ചവത്സര അജപാലനപദ്ധതി നാലാം വർഷത്തെ പഠനവിഷയമായ ദൈവാരാധന സഭയോടൊത്ത് എന്നതിനെക്കുറിച്ച് ഫാ. ഡോ. ജേക്കബ് കിഴക്കേവീട് ക്ലാസ് നയിക്കും. ആലപ്പുഴ ഫൊറോനയിൽ മാർച്ച് 20 ശനി ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.30 വരെ കെരിഗ്മ നടത്തപ്പെടുന്നു. ഓരോ ഇടവകയിലേയും നേതൃനിരയിലുള്ളവർ ഫൊറോനാ കേന്ദ്രത്തിൽ ഒരുമിച്ചുകൂടി പഠനവിഷയം പഠിക്കാനും മനസിലാക്കാനും ചർച്ചചെയ്യാനും ശ്രദ്ധിക്കേണ്ടതാണ്.

ഏപ്രിൽ 1 മുതൽ 4 വരെ ഓഫീസ് അവധി.
ഏപ്രിൽ 2 പീഡാനുഭവവെള്ളി.
ഏപ്രിൽ 4 ഈസ്റ്റർ

## വിജയപ്രഭയിൽ ചങ്ങനാശേരി അതിരൂപത കെ സി എസ് എൽ

കേരള കാത്തലിക് സ്റ്റുഡൻസ് ലീഗ് സംസ്ഥാന സമ്മേളനം പാലാരിവട്ടം പിഒസിയിൽ നടക്കുകയുണ്ടായി. സംസ്ഥാന പ്രസിഡന്റ് മാത്തുകുട്ടി കുത്തനാപ്പള്ളിയുടെ അധ്യക്ഷതയിൽ സീറോ മലബാർ കൂരിയ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ ഉദ്ഘാടനം ചെയ്തു. 2019-20 കാലഘട്ടത്തിലെ മികച്ച പ്രവർത്തനങ്ങൾ കാഴ്ചവെച്ച അതിരൂപതകൾക്കും യൂണിറ്റുകൾക്കും അവാർഡുകൾ സമ്മാനിച്ചു. സാഹിത്യോത്സവത്തിലും, ചാരിറ്റി പ്രവർത്തനങ്ങളിലും മറ്റു വ്യത്യസ്ത പ്രവർത്തനങ്ങളിലും മികവാർന്ന പ്രവർത്തനം കാഴ്ചവച്ച ചങ്ങനാശേരി അതിരൂപത കെ.സി.എസ്.എൽ പ്രസ്ഥാനത്തിന് ഏറ്റവും മികച്ച സംസ്ഥാനത്തെ അതിരൂപത എന്ന അവാർഡ് ലഭിക്കുകയുണ്ടായി. അവാർഡ് കെ.സി.എസ്.എൽ ഡയറക്ടർ ഫാ. സിനു വേളങ്ങാട്ടുശ്ശേരി, രൂപത പ്രസിഡന്റ് സോണിച്ചൻ കോലേട്ട് മുൻ പ്രസിഡന്റുമാരായ ഷൈരാജ് വർഗീസ്, ജെയിംസ് മാളിയേക്കൽ സംസ്ഥാന ട്രഷറർ മനോജ് ചാക്കോ സംസ്ഥാന എക്സിക്യൂട്ടീവ് അംഗം ജെമിൻ വാരാപ്പള്ളി വൈസ് പ്രസിഡന്റ് റിൻസ് വർഗീസ് വിദ്യാർഥി പ്രതിനിധികളായ ഡൊമിനിക് കൂള ജോസഫ്, ഡോണാ ജെ. വെള്ളാത്തോട്ടം എന്നിവർ ചേർന്ന് ഏറ്റുവാങ്ങി. മികച്ച അധ്യാപകനുള്ള ഷെവലിയർ പി.ടി. തോമസ് പുരസ്കാരം ചങ്ങനാശേരി അതിരൂപത അംഗവും എസ്.ബി ഹയർസെക്കൻഡറി മുൻ പ്രിൻസിപ്പലുമായ ജോസ് ജോസഫ് ആനിതോട്ടം, സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പിതാവിൽ നിന്നും ഏറ്റുവാങ്ങി. ഏറ്റവും മികച്ച സംസ്ഥാനത്തെ മാഗസിൻ പുരസ്കാരം ചങ്ങനാശേരി അതിരൂപത കെ.സി.എസ്.എൽ പ്രസ്ഥാനത്തിന്റെ പ്രതിഭ മാഗസിൻ കരസ്ഥമാക്കി. 2019-20 ലെ ഏറ്റവും മികച്ച സംസ്ഥാനത്തെ ഹയർസെക്കൻഡറി യൂണിറ്റായി വാഴപ്പള്ളി സെന്റ് തെരേസാസ് ഹയർ സെക്കൻഡറി സ്കൂളിനും ഹൈസ്കൂൾ വിഭാഗത്തിൽ സെന്റ് ജോസഫ് ഗേൾസ് ഹൈസ്കൂൾ ചങ്ങനാശേരിക്കും ലഭിക്കുകയുണ്ടായി. സംസ്ഥാന തലത്തിൽ നടത്തിയ ക്രിസ്മസ് സന്ദേശ മത്സരത്തിൽ സെന്റ് ജോസഫ് ഹയർ സെക്കൻഡറി സ്കൂളിലെ ജിയ മരിയ ഫിലിപ്പിന് ഒന്നാം സ്ഥാനം ലഭിക്കുകയുണ്ടായി. ഏറ്റവും കൂടുതൽ അവാർഡുകൾ നേടി സംസ്ഥാന സമ്മേളനത്തിൽ ശ്രദ്ധേയമായ പങ്കുവഹിച്ച ചങ്ങനാശേരി അതിരൂപതയെ കൂരിയ മെത്രാൻ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പ്രത്യേകമായി അഭിനന്ദിച്ചു.

കൂടാതെ പരീക്ഷയ്ക്കായി ഒരുങ്ങുന്ന കുട്ടികൾക്കായി പരീക്ഷാ ഒരുക്കധ്യാനവും നടത്തപ്പെട്ടു. എല്ലാവർക്കും നല്ല പരീക്ഷാക്കാലവും വിജയാശംസകളും നേരുന്നു.

സ്നേഹപൂർവ്വം,

**ഫാ. ജോസഫ് വേളങ്ങാട്ടുശ്ശേരി**
(ഡയറക്ടർ)

പ്രിയ ബഹു. അച്ചാ/സുഹൃത്തേ,

**ചാസിൽ നിന്നും ആശംസകൾ !!!**

അനിതരസാധാരണമായ ഒരു പ്രവൃത്തിവർഷമാണ് സമാപിക്കുന്നത്. ലോകം മുഴുവനും സംഭ്രമിച്ചുപോയ ഒരു കാലഘട്ടമായിരുന്നു ഇത്. കോവിഡ് മഹാമാരിയോടൊപ്പം ഈ വർഷം വെള്ളപ്പൊക്കത്തിന്റെ ദുരിതങ്ങളും നമ്മൾ അനുഭവിച്ചു. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ പുതിയ നയങ്ങളും നിലപാടുകളും സാമാന്യജനത്തിന്റെ പ്രത്യേകിച്ച് സാധാരണക്കാരുടെയും പാർശ്വവത്ക്കരിക്കപ്പെട്ടവരുടെയും ജീവിതം കൂടുതൽ ക്ലേശപൂർണ്ണമാക്കിയിരിക്കുകയാണ്.

അതേസമയം നിരവധി സാധ്യതകളും ഈ കാലഘട്ടം തുറന്നുതന്നിട്ടുണ്ട്. കാർഷികരംഗത്തും, സംരംഭകമേഖലയിലും പുത്തനുണർവ് കാണാൻ കഴിയും. ഒരുപക്ഷെ, പ്രതികൂലമായ ചുറ്റുപാടുകളിൽ അതിജീവനത്തിനു വേണ്ടിയുള്ള ഒരു സമൂഹത്തിന്റെ സ്വയം പരിശ്രമമായിരിക്കും ഇവിടെ പ്രതിഫലിക്കുന്നത്.

നമ്മുടെ സംവിധാനങ്ങൾ ശക്തിപ്പെടുത്തിയും സേവനങ്ങൾ കാര്യക്ഷമമാക്കിയും സമൂഹത്തിന്റെ അതിജീവന യജ്ഞത്തിൽ സഹകാരികളാകുവാൻ നമുക്ക് കഴിയേണ്ടതുണ്ട്. മാർച്ചുമാസം നമ്മുടെ യൂണിറ്റുകളിൽ കൃത്യമായ അവലോകനവും കണക്കെടുപ്പും നടക്കണം. ജനകീയപ്രസ്ഥാനങ്ങളുടെ പ്രവർത്തനവും, നടപ്പാക്കിയ പദ്ധതികളും നിഷ്പക്ഷമായി വിലയിരുത്തപ്പെടണം. അതിരൂപതയുടെ ഔദ്യോഗിക സാമൂഹിക ശുശ്രൂഷാസംവിധാനമാണ് ചാസ്. ചാസിന്റെ പ്രാദേശികഘടകങ്ങളാണ് ഓരോ ഇടവകയിലും പ്രവർത്തിക്കുന്ന ചാസ് യൂണിറ്റുകൾ. കേന്ദ്ര ഓഫിസിൽനിന്നും നൽകുന്ന നിർദ്ദേശങ്ങളും ആവിഷ്കരിക്കുന്ന പദ്ധതികളും ആത്മാർത്ഥമായി നടപ്പാക്കാൻ സന്മനസും സേവനമനോഭാവവുമുള്ള നേതൃത്വം ഓരോ യുണിറ്റിലും അനിവാര്യമാണ്. ജനോപകാരപ്രദമായ പദ്ധതികൾ പ്രാദേശികമായി വിഭാവനം ചെയ്യാനും, മൂലധന സമാഹരണവും വിതരണവും കാര്യക്ഷമമായി നടത്താനും പ്രാപ്തിയുള്ള നേതൃത്വമാണ് ആവശ്യം. സമൂഹസേവനത്തിനു താത്പര്യമില്ലാതെ സ്വാർത്ഥതാത്പര്യങ്ങളും ഇടുങ്ങിയ ചിന്താഗതികളും വച്ചുപുലർത്തുന്നവർ ഗുണത്തേക്കാളേറെ ദോഷമാണ് ചെയ്യുന്നത്. പുതിയ പ്രവർത്തനവർഷത്തിലേക്കു പ്രവേശിക്കുമ്പോൾ പിഴവുകൾ തിരുത്തിക്കൊണ്ടും ഫലദായകമായ പദ്ധതികൾ വിഭാവനം ചെയ്ത് നമുക്ക് മുന്നേറാം.

വിശ്വസ്തതയോടെ,

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
**ഫാ. തോമസ് കുളത്തുങ്കൽ**
**ഫാ. ജോർജ്ജ് പനക്കേഴം**
(അസി. ഡയറക്ടേഴ്സ്)

**ഫാ. ജോസഫ് കളരിക്കൽ**
ഡയറക്ടർ

## കുട്ടനാട് പുനർനിർമ്മാണ പദ്ധതി

### ചാസ് ഭവനനിർമ്മാണ പദ്ധതി (2021 ഫെബ്രുവരി)

| ഇടവക | ഗുണഭോക്താക്കൾ | ഗഡു | തുക |
|---|---|---|---|
| മാമ്പുഴക്കരി | 1 | 1 | 25000 |
| പാറേൽ | 1 | 1 | 40000 |
| പുല്ലങ്ങടി | 1 | 1 | 30000 |
| പുളിങ്കുന്ന് | 1 | 3 | 10000 |
| കൊണ്ടാക്കൽ | 1 | 2 | 15000 |
| ചങ്ങങ്കരി | 1 | 4 | 10000 |
| നസ്രത്ത് | 1 | 4 | 10000 |
| കൊടുപ്പുന്ന | 1 | 4 | 10000 |
| രാജമറ്റം | 1 | 1 | 200000 |
| പാണ്ടി | 1 | 4 | 50000 |
| കുമരകംവടക്കുംകര | 1 | 3 | 75000 |
| തായങ്കരി | 1 | 3 | 25000 |
| **ആകെ** | **12** | | **5,00,000** |

## അറിയിപ്പുകൾ

### 1. 2021-2022 ലെ മഴവെള്ളസംഭരണി നിർമ്മാണ നിരക്ക് (ഹരിതസമൃദ്ധി)

| *Capacity* | *Per ltrs* | *Cost including labour and material* |
|---|---|---|
| 5000 ltrs FC tank | 8 | 40,000/- |
| 10000 ltrs FC tank | 5.50 | 55,000/- |
| 15000 ltrs FC tank | 5.50 | 82,500/- |
| 20000 ltrs FC tank | 5.50 | 1,10,000/- |
| 25000 ltrs FC tank | 5 | 1,25,000/- |
| 30000 ltrs FC tank | 5 | 1,50,000/- |
| 40000 ltrs FC tank | 5 | 2,00,000/- |
| 50000 ltrs FC tank | 4.75 | 2,37,500/- |
| 75000 ltrs FC tank | 4.75 | 3,56,250/- |
| 100000 ltrs FC tank | 4.25 | 4,25,000/- |
| 200000 ltrs FC tank | 3.75 | 7,50,000/- |

### 2. വളർത്തുകൂട്ടം പദ്ധതി-കോഴിയും കൂടും വിതരണം

* ചാസ് വളർത്തുകൂട്ടം പദ്ധതിയുടെ ഭാഗമായി മാർച്ച് 8 ന് ചാസ് യൂണിറ്റുകളിലൂടെ Bv380 ഇനത്തിൽപ്പെട്ട കോഴിയും ഹൈടെക് കൂടും വിതരണം ചെയ്യും.
* കൈരളി, തലശ്ശേരി, നാടൻ എന്നീ ഇനത്തിൽപ്പെട്ട 50 ദിവസം പ്രായമായ കോഴിക്കുഞ്ഞുങ്ങളുടെ വിതരണം ചാസ് യൂണിറ്റുകളിലൂടെ മാർച്ച് 20 ന് നടത്തും. കൂടുതൽ വിവരങ്ങൾക്ക് 9539701153.

## 3. സ്ത്രീ ശക്തി-തയ്യൽ പരിശീലനം ആരംഭിക്കുന്ന യൂണിറ്റുകൾ

| *തീയതി* | *യൂണിറ്റ്* |
|---|---|
| 2.03.2021 | മാമ്മൂട് |
| 15.03.2021 | പനയമ്പാല |

## കേന്ദ്ര വാർത്തകൾ

### 1. ലോകകാൻസർ ദിനം-വെബിനാർ

ലോകകാൻസർ ദിനാചരണത്തോടനുബന്ധിച്ച് കാൻസർ പ്രതിരോധവും മുൻകരുതലുകളും എന്ന വിഷയത്തിൽ ചാസിന്റെ നേതൃത്വത്തിൽ വെബിനാർ സംഘടിപ്പിച്ചു. ഫെബ്രുവരി 4-ാം തീയതി സംഘടിപ്പിച്ച പരിപാടിയിൽ ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ആമുഖ പ്രഭാഷണം നടത്തി. ചെത്തിപ്പുഴ സെന്റ് തോമസ് ഹോസ്പിറ്റൽ ക്ലിനിക്കൽ ഓങ്കോളജിസ്റ്റ് ഡോ. വർഗീസ് ആന്റണി ക്ലാസ് നയിച്ചു. ചാസ് അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ സമാപന സന്ദേശം നൽകി. പ്രോജക്ട് ഡയറക്ടർ ശ്രീ. ജോബി മാത്യു, പ്രോഗ്രാം കോ-ഓർഡിനേറ്റർ ശ്രീമതി ബിന്ദു തോമസ് എന്നിവർ നേതൃത്വം നൽകി. ചാസിന്റെ പ്രവർത്തന മേഖലകളിൽ നിന്ന് നൂറിൽപ്പരം സന്നദ്ധപ്രവർത്തകർ വെബിനാറിൽ സംബന്ധിച്ചു.

### 2. കാൻസർ രോഗികൾക്ക് ചികിത്സാസഹായം

ലോകകാൻസർ ദിനാചരണത്തോടനുബന്ധിച്ച് ചാസ് കേന്ദ്ര ഓഫീസിന്റെ നിർദ്ദേശാനുസരണം യൂണിറ്റുകൾ കാൻസർ രോഗികൾക്ക് ചികിത്സാസഹായം അനുവദിച്ചു

| *മേഖല* | *യൂണിറ്റ്* | *എണ്ണം* | *തുക* |
|---|---|---|---|
| തൃക്കൊടിത്താനം | പായിപ്പാട് | 4 | 20000 |
| | നാലുകോടി | 2 | 3500 |
| | കൊടിനാട്ടുകുന്ന് | 1 | 5000 |
| ചങ്ങനാശ്ശേരി | പാറേൽ | 2 | 10000 |
| | പുഴവാത് | 2 | 10000 |
| നെടുംകുന്നം | നെടുമണ്ണി | 1 | 5000 |
| | മൈലാടി | 1 | 5000 |
| | ചമ്പക്കര | 6 | 9000 |
| | കൂത്രപ്പള്ളി | 6 | 9000 |
| മണിമല | പെരുംകാവ് | 1 | 5000 |
| | വള്ളംചിറ | 1 | 2500 |
| | മണിമല ന്യൂ | 1 | 2000 |
| | കടയനിക്കാട് | 2 | 3000 |
| കുറുമ്പനാടം | മാടപ്പള്ളി | 1 | 5000 |
| | മാന്നില | 2 | 6000 |
| | കുറുമ്പനാടം | 3 | 3000 |

| | | | |
|---|---|---|---|
| ചമ്പക്കുളം | പുല്ലങ്ങടി | 2 | 5000 |
| | വടക്കേഅമിച്ചകരി | 2 | 2000 |
| | നസ്രത്ത് | 2 | 2000 |
| | ചമ്പക്കുളം | 5 | 10000 |
| എടത്വാ | കൊടുപ്പുന്ന | 2 | 40000 |
| | തായങ്കരി | 1 | 1400 |
| | പച്ച | 1 | 5000 |
| | മുട്ടാർ ഓൾഡ് | 6 | 150000 |
| ആലപ്പുഴ | കൈനകരി | 2 | 4000 |
| | പച്ചക്കാട് | 2 | 5000 |
| | പാദുവാപുരം | 2 | 1000 |
| | മുഹമ്മ | 1 | 10000 |
| | പൂന്തോപ്പ് | 1 | 2000 |
| | കലവൂർ | 1 | 1000 |
| തുരുത്തി | കുറിച്ചി | 1 | 10000 |
| | കൈനടി | 2 | 3000 |
| കുടമാളൂർ | കുടമാളൂർ | 20 | 40000 |
| | കുമരകം നോർത്ത് | 2 | 5000 |
| | കുമാരനല്ലൂർ | 2 | 12000 |
| | വില്ലൂന്നി | 1 | 2000 |
| | ആർപ്പൂക്കര | 7 | 14000 |
| | ചീപ്പുങ്കൽ | 1 | 2500 |
| അതിരമ്പുഴ | ഏറ്റുമാനൂർ | 15 | 30000 |
| | കോട്ടയ്ക്കപ്പുറം | 3 | 3000 |
| | നാൽപ്പാത്തിമല | 1 | 1000 |
| | വെട്ടിമുകൾ | 5 | 15000 |
| | മണ്ണാർകുന്ന് | 1 | 5000 |
| | തെള്ളകം | 2 | 20000 |
| പുളിങ്കുന്ന് | കാവാലം | 2 | 2000 |
| | പുളിങ്കുന്ന് | 2 | 2000 |
| | വെളിയനാട് | 2 | 2000 |
| | രാമങ്കരി | 1 | 1000 |
| കോട്ടയം | ചേപ്പുംപാറ | 3 | 27500 |
| | കൂരോപ്പട | 3 | 10000 |
| ആകെ | | 142 | 5,48,400 |

തുടരും...

### 3. ഭിന്നശേഷിക്കാർക്ക് വരുമാന പദ്ധതി

ചങ്ങനാശ്ശേരി സോഷ്യൽ സർവീസ് സൊസൈറ്റിയുടെ സാമൂഹ്യാധിഷ്ഠിത പുനരധിവാസ പദ്ധതി (സിബിആർ) യിൽ കോവിഡ് മഹാമാരി മൂലം സാമ്പത്തിക ക്ലേശമനുഭവിക്കുന്ന ഭിന്നശേഷിക്കാർക്ക് വരുമാനദായക പദ്ധതികൾ നടപ്പാക്കിവരുന്നു. തുരുത്തി മേഖലയിൽ പൊടിപ്പാറ യൂണിറ്റിൽ ഫെബ്രുവരി 6 ന് വായ്പാമേള സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസഫ് കട്ടപ്പുറം അദ്ധ്യക്ഷതവഹിച്ചു. ചാസ് അസി. ഡയറക്ടർ ഫാ. തോമസ് കുളത്തുങ്കൽ സഹായധനം വിതരണം ചെയ്തു. പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി, പ്രോജക്ട് കോ-ഓർഡിനേറ്റർ ശ്രീമതി ഷീബാ സന്തോഷ്, യൂണിറ്റ് പ്രസിഡന്റ് ശ്രീ. ലൂയിസ് സേവ്യർ മാവേലിപ്പറമ്പ് എന്നിവർ പ്രസംഗിച്ചു.

### 4. CHASS-KSBCDC വായ്പാമേള

കേരള സംസ്ഥാന പിന്നോക്കവിഭാഗ വികസന കോർപ്പറേഷന്റ സഹകരണത്തോടെ സ്വാശ്രയസംഘങ്ങൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വായ്പാമേള സംഘടിപ്പിച്ചു. ഫെബ്രുവരി 10 ന് ചാസ് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച സമ്മേളനത്തിൽ ശ്രീ തിരുവഞ്ചൂർ രാധാകൃഷൻ എംഎൽഎ. ഉദ്ഘാടനം നിർവഹിച്ചു. ചാസ് പ്രസിഡന്റ് റവ. ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ അദ്ധ്യക്ഷതവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, അസി. ഡയറക്ടർ ഫാ. ജോർജ്ജ് മാന്തുരുത്തിൽ, പ്രോഗ്രാം ഡയറക്ടർ ശ്രീ. ജോസ് പുതുപ്പള്ളി, ഡോ. ജോസഫ് എബ്രഹാം, പ്രോജക്ട് ഡയറക്ടർ ജോബി മാത്യു എന്നിവർ പ്രസംഗിച്ചു. വായ്പാ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ 23 സ്വാശ്രയസംഘങ്ങൾക്ക് 50 ലക്ഷം രൂപ വിതരണം ചെയ്തു.

### 4. ഹരിതസമൃദ്ധി-മികച്ച സംരംഭക സംഘങ്ങൾക്ക് പുരസ്കാരം

ചാസിന്റെ ഗ്രാമതല യൂണിറ്റുകളുടെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുന്ന 'ഹരിതസമൃദ്ധി' പദ്ധതിയിൽ മികച്ച ചെറുകിട സംരംഭങ്ങൾക്ക് ചാസ് പുരസ്കാരം നൽകി ആദരിച്ചു. ചാസ് കോൺഫ്രൻസ് ഹാളിൽ ഫെബ്രുവരി 20 ന് ചേർന്ന സമ്മേളനം നബാർഡ് കേരളാ ചീഫ് ജനറൽ മാനേജർ പി. ബാലചന്ദ്രൻ ഉദ്ഘാടനം നിർവഹിച്ച് പുരസ്കാര വിതരണം നടത്തി. ചാസ് പ്രസിഡന്റ് ഫാ. ജോസഫ് വാണിയപ്പുരയ്ക്കൽ അദ്ധ്യക്ഷനായിരുന്നു. നബാർഡ് കോട്ടയം ജില്ലാ മാനേജർ കെ.സി. ദിവ്യ മുഖ്യപ്രഭാഷണം നടത്തി. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, അസി. ഡയറക്ടേഴ്സ് ഫാ. ജോർജ്ജ് മാന്തുരുത്തിൽ, ഫാ. തോമസ് കുളത്തുങ്കൽ, പ്രോഗ്രാം ഡയറക്ടർ ജോസ് പുതുപ്പള്ളി, സോഷ്യൽ സയന്റിസ്റ്റ് ഡോ. ജോസഫ് എബ്രഹാം, പ്രോജക്ട് ഡയറക്ടർ ജോബി മാത്യു എന്നിവർ പ്രസംഗിച്ചു.

സംസ്ഥാന സർക്കാരിന്റെ 'ഹരിതകേരളം' പദ്ധതിയിൽ മികച്ച കാർഷിക പ്രവർത്തനത്തിന് ഒന്നാംസ്ഥാനം നേടിയ ചാസ് മാടപ്പള്ളി യൂണിറ്റും 'സുലഭ' ബ്രാൻഡിൽ കറിപൗഡറുകൾ, വെളിച്ചെണ്ണ, ധാന്യപൊടികൾ എന്നിവ നിർമ്മിച്ച് വിപണി ഉറപ്പാക്കിയ അയർക്കുന്നം യൂണിറ്റിലെ സെന്റ് മാത്യൂസ് സ്വാശ്രയസംഘവും, മത്സ്യകൃഷി മേഖലയിൽ മികവാർന്ന പ്രവർത്തനം കാഴ്ചവയ്ക്കുന്ന ഏറ്റുമാനൂർ 'മാവേലി' സ്വാശ്രയസംഘവും, മെഡിക്കൽ സ്റ്റോർ ആരംഭിച്ച് സാധാരണക്കാർക്ക് ന്യായവിലയ്ക്ക് മരുന്നുകൾ വിതരണം നടത്തുകയും

കർഷകർക്കാവശ്യമായ പവർ ടൂൾസ് വാടകയ്ക്ക് സംലഭ്യമാക്കുകയും ചെയ്യുന്ന തൃക്കൊടിത്താനം 'കീർത്തി' സംഘവുമാണ് അവാർഡിന് അർഹമായത്. ചാസിന്റെ 163 ഗ്രാമതല യൂണിറ്റുകളിലൂടെയാണ് ഹരിതസമൃദ്ധിപദ്ധതി നടപ്പാക്കിയിരിക്കുന്നത്.

## ചാസ് സഹായ പദ്ധതികൾ

ചാസിന്റെ വിവിധ സഹായപദ്ധതികൾ വഴി 2021 ഫെബ്രുവരി മാസം ആനുകൂല്യം ലഭിച്ച കുടുംബങ്ങൾ

### (1)SHG മരണാനന്തര സഹായം (Rs. 70,000)

| *പേര്* | *സംഘം* | *യൂണിറ്റ്* | *മേഖല* |
|---|---|---|---|
| 505. രത്നമ്മ മോഹൻ, കണ്ടത്തിൽ | ജീവജ്യോതി | പൂന്തോപ്പ് | ആലപ്പുഴ |
| 506. ത്രേസ്യാമ്മ ജോസഫ്, 36-ൽചിറ | തേജസ് | ചമ്പക്കുളം | ചമ്പക്കുളം |
| 507. മോളമ്മ വിജയൻ, മേട്ടേപറമ്പ് | സൗഭാഗ്യ | ഇത്തിത്താനം | തുരുത്തി |
| 508. അന്നമ്മ വർഗീസ്, കോട്ടയിൽ | അനുഗ്രഹ | ഇത്തിത്താനം | തുരുത്തി |
| 509. ചാക്കോ ഫിലിപ്പോസ് | സീയോൻ | തൃക്കൊടിത്താനം | തൃക്കൊടിത്താനം |
| 510. കെ.വി. ജോസഫ് കിടാപ്പറമ്പിൽ | മാതാ | തത്തംപള്ളി | ആലപ്പുഴ |
| 511. ജോസ് പി.വി. പാലമറ്റം | സെന്റ് സെബാസ്റ്റ്യൻ | മുടിയൂർക്കര | കുടമാളൂർ |

### (2) മ്യൂച്വൽ ബെനഫിറ്റ് സ്കീം

- **മരണാനന്തരസഹായം (Rs. 1,60,000)**

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 480. സേവ്യർ പി.സി. പുത്തൻപുരയ്ക്കൽ | കൊടിനാട്ടുകുന്ന് | തൃക്കൊടിത്താനം |
| 481. ത്രേസ്യാമ്മ ജോസഫ് മുപ്പത്താറിൽചിറ | ചമ്പക്കുളം | ചമ്പക്കുളം |
| 482. ജോൺ വി.ഡി. വലിയകാലായിൽ | കുടമാളൂർ | കുടമാളൂർ |
| 483. അന്നമ്മ ദേവസ്യാ, കുറുമുള്ളംകാല | നാൽപ്പാത്തിമല | അതിരമ്പുഴ |
| 484. പി.എസ്. തോമസ്, പുത്തൻപുര | ചേപ്പുംപാറ | കോട്ടയം |
| 485. ജെസി വർക്കി, വെച്ചൂകണ്ടം | ഐക്കരച്ചിറ | കോട്ടയം |
| 486. ബേബി കൈമുക്കിൽ | ഐക്കരച്ചിറ | കോട്ടയം |
| 487. സ്കറിയ ജോസഫ്, തൈച്ചേരിമണിമന്ദിരം | മാടപ്പള്ളി | കുറുമ്പനാടം |
| 488. മറിയമ്മ ജോർജ്ജ് മൂലയിൽ | തായങ്കരി | എടത്വാ |
| 489. സരോജിനി ആലുംമൂട് | മുണ്ടുപാലം | തൃക്കൊടിത്താനം |
| 490. റ്റി.റ്റി. ജോസഫ് തുമ്പേൽചിറ | കൊണ്ടാക്കൽ | ചമ്പക്കുളം |
| 491. മേരി ഔസേഫ് ഇഞ്ചക്കുഴി | പനയമ്പാല | നെടുംകുന്നം |
| 492. കുട്ടിയമ്മ തോമസ് തെക്കേടം | അതിരമ്പുഴ | അതിരമ്പുഴ |
| 493. മുഹമ്മദ് സലി പുത്തൻതുണ്ടിപ്പറമ്പിൽ | പാറേൽ | ചങ്ങനാശ്ശേരി |
| 494. കനിയപ്പ കോയിപ്പള്ളിചിറ | പാറേൽ | ചങ്ങനാശ്ശേരി |
| 495. മറിയമ്മ ദേവസ്യ പുത്തൻ പറമ്പിൽ | പായിപ്പാട് | തൃക്കൊടിത്താനം |

- **ചികിത്സാസഹായം (Rs.10,000)**

| *പേര്* | *യൂണിറ്റ്* | *മേഖല* |
|---|---|---|
| 244. ത്രേസ്യാമ്മ ആന്റണി, വടക്കേപറമ്പിൽ | പനയമ്പാല | നെടുംകുന്നം |
| 245. ബാബു വർഗീസ്, പാലത്തിങ്കൽ | പാറേൽ | ചങ്ങനാശേരി |

## (3) ജീവകാരുണ്യനിധി

ജീവകാരുണ്യനിധിയിൽ നിന്നും ചികിത്സ/വിദ്യാഭ്യാസ സഹായമായി 2021 ഫെബ്രുവരി മാസം 32,450/- രൂപ അനുവദിച്ചു.

## മേഖലാവാർത്തകൾ

### സ്വാശ്രയ സംഘരൂപീകരണം

| *തീയതി* | *യൂണിറ്റ്* | *സംഘം* | *അംഗങ്ങൾ* |
|---|---|---|---|
| 12.02.2021 | കൊടിനാട്ടുകുന്ന് | ചിന്മയ | 11 |
| 16.02.2021 | കൈനടി | ജ്യോതിസ് | 10 |
| 24.02.2021 | കൈനടി | ദീപ്തി | 11 |

### പച്ചക്കറികൃഷി-വിളവെടുപ്പ്

ചാസ് 'ഹരിതസമൃദ്ധി' പദ്ധതിയുടെ ഭാഗമായി മാടപ്പള്ളി യൂണിറ്റ് മാടപ്പള്ളി കൃഷിഭവന്റെ സഹായത്തോടെ നടപ്പാക്കിയ 'പച്ചക്കറികൃഷി' യുടെ വിളവെടുപ്പ് ജനുവരി 30 ന് നടത്തി. മാടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. അലക്സാണ്ടർ പ്രാക്കുഴി ഉദ്ഘാടനം നിർവഹിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ചാക്കോ പുതിയാപറമ്പിൽ അദ്ധ്യക്ഷതവഹിച്ചു. പച്ചക്കറി വിതരണോദ്ഘാടനം മാടപ്പള്ളി പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി മണിയമ്മ രാജപ്പനും പദ്ധതി വിശദീകരണം മാടപ്പള്ളി കൃഷി ഓഫീസർ ശ്രീമതി റ്റി. ജ്യോതിയും നിർവഹിച്ചു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ, ബ്ലോക്ക് പഞ്ചായത്ത് മെമ്പർ ശ്രീമതി ബിന്ദു ജോസഫ്, യൂണിറ്റ് സെക്രട്ടറി ശ്രീ. സജി പാറടിയിൽ, ശ്രീ. ഇ. ജെ. ജോസഫ് ഇളപ്പുങ്കൽ എന്നിവർ പ്രസംഗിച്ചു.

### തയ്യൽ പരിശീലനം ആരംഭിച്ചു

ചാസ് മൈലാടി യൂണിറ്റിൽ ദേവഗിരി പ്രദേശത്തെ വനിതകൾക്കായി ഫെബ്രുവരി 2 ന് തയ്യൽ പരിശീലനം ആരംഭിച്ചു. നെടുംകുന്നം ഗ്രാമപഞ്ചായത്ത് മെമ്പർ ശ്രീമതി മേഴ്സി റെൻ ഉദ്ഘാടനം ചെയ്തു. ചാസ് ഡയറക്ടർ ഫാ. ജോസഫ് കളരിക്കൽ ആമുഖസന്ദേശം നൽകി. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോയി കാലായിൽ അദ്ധ്യക്ഷതവഹിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകിവരുന്നു.

### 'ഹരിതകേരളം' പദ്ധതിയിൽ ചാസ് മാടപ്പള്ളി യൂണിറ്റിന് അംഗീകാരം

കേരള സംസ്ഥന കൃഷിവകുപ്പ് 2019-20 ലെ സ്വകാര്യസ്ഥാപനങ്ങളിലെ പച്ചക്കറി കൃഷിക്ക് കോട്ടയം ജില്ലയിൽ ഒന്നാം സ്ഥാനം ചാസ് മാടപ്പള്ളി യൂണിറ്റ് കരസ്ഥമാക്കി. ഫെബ്രുവരി 16 ന് വൈക്കം വെച്ചൂർ രുക്മിണി ഓഡിറ്റോറിയത്തിൽ നടന്നസമ്മേളനത്തിൽ വച്ച് സംസ്ഥാനകൃഷി വകുപ്പ് മന്ത്രി വി.എസ്. സുനിൽകുമാറിൽ നിന്നും മാടപ്പള്ളി ചാസ് യൂണിറ്റ് ഡയറക്ടർ റവ. ഫാ.

ചാക്കോ പുതിയാപറമ്പിൽ, ഇ.ജെ. ജോസഫ് ഇളപ്പുങ്കൽ എന്നിവർ പുരസ്കാരവും കാഷ് അവാർഡും ഏറ്റുവാങ്ങി. വൈക്കം എം.എൽ.എ. ശ്രീമതി സി.കെ. ആശ അദ്ധ്യക്ഷതവഹിച്ചു. കോട്ടയം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി നിർമ്മല ജിമ്മി, കോട്ടയം പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസർ ശ്രീമതി സോണിയ, മാടപ്പള്ളി ബ്ലോക്ക് കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി നീനു ചാക്കോ, മാടപ്പള്ളി കൃഷി ഓഫീസർ ശ്രീമതി റ്റി. ജ്യോതി എന്നിവർ പങ്കെടുത്തു.

## സൺഡേ മാർക്കറ്റ് ആരംഭിച്ചു

പനയമ്പാല യൂണിറ്റിന്റെ നേതൃത്വത്തിൽ ഫെബ്രുവരി 13 ന് സൺഡേ മാർക്കറ്റ് ആരംഭിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ജോസ് പുതിയാപറമ്പിൽ ആദ്യവിൽപ്പന നടത്തി ഉദ്ഘാടന കർമ്മം നിർവഹിച്ചു. യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി.

മാന്നാനം ചാസ് യൂണിറ്റിന്റെ നേതൃത്വത്തിൽ ഫെബ്രുവരി 16 ന് സൺഡേ മാർക്കറ്റ് ആരംഭിച്ചു. യൂണിറ്റ് ഡയറക്ടർ റവ. ഫാ. ടോമി പുത്തൻപുരയ്ക്കൽ ആദ്യവിൽപ്പന നടത്തി ഉദ്ഘാടന കർമ്മം നിർവഹിച്ചു. സ്വാശ്രയസംഘാംഗങ്ങളുടെ ഉൽപ്പന്നങ്ങളാണ് വിപണിവഴി വിറ്റഴിക്കുന്നത്.

## സ്വാശ്രയസംഘ സംഗമം

പുന്നക്കുന്നം യൂണിറ്റിൽ ഫെബ്രുവരി 16 ന് സ്വാശ്രയസംഘസംഗമം സംഘടിപ്പിച്ചു. പുളിംകുന്ന് മേഖലയുടെ നേതൃത്വത്തിൽ ഫെബ്രുവരി 26-28 തീയതികളിൽ നടക്കുന്ന പുളിംകുന്ന് മേഖല ചാസ് എക്സ്പോ കോ-ഓർഡിനേറ്റർ ശ്രീ. എൻ.ഐ. തോമസ് വിശദീകരിച്ചു. യൂണിറ്റ് പ്രസിഡന്റ് ശ്രീ. ദിലീപ് വർഗീസ് സ്വാശ്രയസംഘശാക്തീകരണത്തെക്കുറിച്ചും, സെക്രട്ടറി ശ്രീ. ജോസി വാരിക്കാട് SHG വായ്പയെകുറിച്ചും ക്ലാസ് നയിച്ചു. 28 അംഗങ്ങൾ പങ്കെടുത്തു.

പ്രിയ ഡി.എഫ്.സി. ഭാരവാഹികളേ,

'ദീപികയുടെ പ്രചാരണത്തിനായി നാമൊരു പദ്ധതി തയ്യാറാക്കി നടപ്പിലാക്കി വരികയാണല്ലോ. ഏറെ ഇടവകകൾ ഇതിനകം കോപ്പികൾ വർദ്ധിപ്പിച്ചതിനു പ്രത്യേകമായി നന്ദി പറയുന്നു. എങ്കിലും നാം ലക്ഷ്യമിട്ടതിന്റെ 50% അടുത്തേ കൈവരിക്കാൻ നമുക്ക് സാധിച്ചുള്ളൂ...' അഭിവന്ദ്യ മാർ തോമസ് തറയിൽ പിതാവിന്റെ വാക്കുകളാണ് ഇത്. ചങ്ങനാശേരി അതിരൂപതയിലെ വൈദികർക്ക് അഭിവന്ദ്യ പിതാവ് എഴുതിയ ഈ കത്തിലെ വരികൾ DFC പ്രവർത്തകരായ, നാമോരോരുത്തരേയും ഇരട്ടി ഊർജ്ജത്തോടെ, ആവേശത്തോടെ ദീപികയുടെ പ്രചാരണത്തിന് ഓരോ ഇടവകകളിലും നേതൃത്വമെടുക്കാൻ നിർബന്ധിക്കുകയാണ്.

## 1. നോമ്പുകാലം : ലക്ഷ്യപൂർത്തികരണത്തിന്റെ 'പ്രവർത്തനകാലം'

അഭിവന്ദ്യ പിതാവ് വിലയിരുത്തിയതുപോലെ ഈ കോവിഡ് കാലത്ത് നമ്മെ അത്ഭുതപ്പെടുത്തുമാറ് ദീപികയുടെ സർക്കുലേഷൻ ഏറെ വർദ്ധിച്ച ഇടവകകൾ ധാരാളം ഉണ്ട്. അവരെയെല്ലാം അഭിനന്ദിക്കുന്നു. എന്നാൽ ഡി.എഫ്.സി. ഇനിയും രൂപീകരിക്കാത്തതും ഒരു കോപ്പിപോലും വർദ്ധിക്കാത്തതുമായ യൂണിറ്റുകളുമുണ്ട്.

ഈ നോമ്പുകാലം തടസ്സങ്ങളെക്കുറിച്ച് ആലോചിച്ചിരിക്കാതെ രണ്ടു ചോദ്യങ്ങൾ ചോദിച്ച് ഉത്തരം കണ്ടെത്തി ഇറങ്ങാം: 1) എപ്പോൾ തുടങ്ങും? 2) അതിന് ആരൊക്കെ നേതൃത്വമെടുക്കും? സമർപ്പിതരായ ഒരു ടീമിനെ കണ്ടെത്തി ആത്മവിശ്വാസത്തോടെ ആരംഭിക്കാം. പ്രവർത്തനം ആരംഭിച്ച എല്ലാ ഇടവകകളിലും കോപ്പി നല്ല വർദ്ധനവുണ്ട്. നോമ്പുകാലം നമുക്ക് ലക്ഷ്യം നേടാനുള്ള 'പ്രവർത്തനങ്ങളുടെ' (Execution) കാലമാക്കാം.

## 2. അതിരൂപത സമിതിയുടെ ഫൊറോന സന്ദർശനങ്ങൾ

ഫെബ്രുവരി-മാർച്ച് മാസങ്ങൾ അതിരൂപത സമിതിയുടെ ഫൊറോന സന്ദർശനമാണ്. ഫൊറോന നേതൃത്വത്തെ ശക്തിപ്പെടുത്തുക, എല്ലാ ഇടവകകളിലും യൂണിറ്റ് ആരംഭിക്കുക, ദീപിക പ്രചരണം എല്ലായിടത്തും ആരംഭിക്കുക എന്നിവയാണ് ലക്ഷ്യം.

ഫെബ്രുവരി 21 ഞായറാഴ്ച ചമ്പക്കുളം, എടത്വാ ഫൊറോനകളും 28 ഞായറാഴ്ച കോട്ടയം, ഫൊറോനയും സന്ദർശിക്കുകയും ഡി.എഫ്.സി. ഫൊറോന എക്സിക്യൂട്ടീവുകൾ രൂപീകരിക്കുകയും ചെയ്തു.

| *തീയതി* | *സമയം* | | *ഫൊറോന* |
|---|---|---|---|
| മാർച്ച് 7 | ഞായർ | 11:00 am | തൃക്കൊടിത്താനം |
| | | 3:00 pm | ചങ്ങനാശേരി |

| | | | |
|---|---|---|---|
| മാർച്ച് 10 | ബുധൻ | 4:00 pm | അമ്പൂരി |
| മാർച്ച് 11 | വ്യാഴം | 10:00 am | ആയൂർ |
| | | 3:30 pm | തിരുവനന്തപുരം |
| മാർച്ച് 13 | ശനി | 11:00 am | തുരുത്തി |
| | | 3:00 pm | കുറുമ്പനാടം |
| മാർച്ച് 14 | ഞായർ | 11:00 am | മണിമല |
| | | 2:30 pm | നെടുങ്കുന്നം |
| മാർച്ച് 21 | ഞായർ | 11:00 am | കുടമാളൂർ |
| | | 3:00 pm | അതിരമ്പുഴ |
| മാർച്ച് 28 | ഞായർ | 11:00 am | പുളിങ്കുന്ന് |
| | | 2:30 pm | ആലപ്പുഴ |

ഫൊറോന വികാരിയച്ചന്മാരുടെ അദ്ധ്യക്ഷതയിൽ ഫൊറോന കേന്ദ്രങ്ങളിൽവച്ച് നടക്കുന്ന ഈ മീറ്റിംഗിൽ എല്ലാ ഇടവകകളിൽനിന്നുമുള്ള പുരുഷ-വനിത ഭാരവാഹികളും (പ്രസിഡന്റ്, ജന. സെക്രട്ടറി, ട്രഷറർ, മീഡിയ കോ-ഓർഡിനേറ്റർ എന്നിവർ) പങ്കെടുക്കണം. ഡി.എഫ്.സി. രൂപീകരിക്കാത്ത ഇടവകകളിൽ എത്രയുംവേഗം രൂപീകരിക്കാൻ ഡി.എഫ്.സി. ഫൊറോന ഡയറക്ടറച്ചന്റെയും ഫൊറോന ഭാരവാഹികളുടെയും നേതൃത്വത്തിൽ ഉചിതമായ ക്രമീകരണങ്ങൾ ഉടൻ നടത്തേണ്ടതാണ്. കൂടാതെ, അതിരൂപതാ സമിതിയുടെ ഫൊറോന സന്ദർശനത്തിന്റെ വിജയത്തിനുവേണ്ട മുന്നൊരുക്കങ്ങൾ ചെയ്യുക.

### മാർച്ച് 19 : വി. യൗസേപ്പ് പിതാവിന്റെ വർഷാചരണം അതിരൂപതതല ഉദ്ഘാടനം & കുടുംബവർഷാചരണം

സഭയുടെ സംരക്ഷകനായ വിശുദ്ധ യൗസേപ്പ് പിതാവിന്റെ സംരക്ഷണത്തിന് നമ്മുടെ കുടുംബങ്ങളെ സമർപ്പിക്കാം. പ്രത്യേകമായി വിവാഹിതരാകാതെ നില്ക്കുന്ന എല്ലാ യുവജനങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കാം. വിവാഹമെന്ന കൂദാശയുടെ കൗദാശികവരങ്ങൾ നമ്മുടെ കുടുംബങ്ങളിൽ നിറയാൻ പ്രാർത്ഥിക്കാം. ലൗജിഹാദ് പോലെയുള്ള എല്ലാ തിന്മകളും നമ്മുടെ കുടുംബങ്ങളിൽനിന്ന് നീങ്ങിപ്പോകുവാൻ പരിശ്രമിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യാം.

### മാർച്ച് 25: വ്യാഴം - മംഗളവാർത്തത്തിരുനാൾ

'ഞാൻ വന്നിരിക്കുന്നത് നിങ്ങൾക്ക് ജീവനുണ്ടാകാനും അത് സമൃദ്ധമായി ഉണ്ടാകുവാനുമാണ്' (യോഹ. 10:10). മംഗളവാർത്തത്തിരുനാൾ ദിനത്തിൽ നമുക്ക് നമ്മുടെ കുടുംബങ്ങളിൽ ധാരാളം മക്കൾ ഉണ്ടാകാൻ പ്രാർത്ഥിക്കാം. ജനസംഖ്യയുടെ 19 ശതമാനമായി കുറഞ്ഞതിൽ നാം ആശങ്കപ്പെടേണ്ടതുണ്ട്. ഈ പശ്ചാത്തലത്തിൽ ഡി.എഫ്.സി എടുത്തിരിക്കുന്ന പ്രധാന പ്രാർത്ഥനാനിയോഗം, 2021 ലെ സെൻസസിൽ കേരളത്തിലെ ക്രൈസ്തവരുടെ ജനസംഖ്യ 25% ആയി ഉയരണം എന്നതാണ്. അതിന് (1) കുടുംബങ്ങളിൽ കൂടുതൽ മക്കൾ ഉണ്ടാകണം. (2) വിവാഹം യൗവ്വന കാലഘട്ടത്തിൽതന്നെ നടക്കണം (സങ്കീ. 127:4)

(Early Marriage : പെൺകുട്ടികൾ 23, പുരുഷന്മാർ 25 ന് മുമ്പ്). കേരള സർക്കാരിന്റെ ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റിന്റെ റിപ്പോർട്ടനുസരിച്ച് മദ്ധ്യവയസ്സാകുമ്പോഴാണ് ക്രൈസ്തവരുടെ ഇടയിൽ വിവാഹം നടക്കുന്നത്.

## ഡി.എഫ്.സി. ഫൊറോന ഡയറക്ടർ അച്ചന്മാർക്ക്

### നന്ദി

വളരെ നിസ്തുലമായ സേവനത്തിനുശേഷം സ്ഥലംമാറിയ ഡി.എഫ്.സി. ഫൊറോന ഡയറക്ടറച്ചന്മാരായ ഫാ. ലിജോ ചമ്പക്കുളത്തിൽ (ചങ്ങനാശേരി), ഫാ. മാത്യു മാറാട്ടുകളം (മണിമല), ഫാ. മാത്യു തടത്തിൽ (തൃക്കൊടിത്താനം) എന്നിവർക്ക് പ്രത്യേകം നന്ദിപറയുന്നു.

### സ്വാഗതം

1. ഫാ. ജോസഫ് പറത്താനം (ചങ്ങനാശേരി)
2. ഫാ. വർഗീസ് (മിന്റു) മൂന്നുപറയിൽ (മണിമല)
3. ഫാ. മാത്യു (ജെറിൻ) അഞ്ചിൽ (തൃക്കൊടിത്താനം)

പുതുതായി ചുമതലയെടുക്കുന്ന ഫൊറോന ഡയറക്ടറച്ചന്മാരെ ഡി.എഫ്.സി. കുടുംബത്തിലേക്ക് സ്നേഹപൂർവ്വം സ്വാഗതംചെയ്യുന്നു.

### ഉപസംഹാരം

നോമ്പുകാലം നവീകരണ കാലഘട്ടമാണ്. കേരളം നിയമസഭാ തെരഞ്ഞെടുപ്പിന് തയ്യാറെടുക്കുമ്പോൾ, ഈ തെരഞ്ഞെടുപ്പ് കേരളത്തിനും നമ്മുടെ സമൂഹത്തിനും ഏറെ പ്രധാനപ്പെട്ടതാണ്. നമുക്ക് പ്രാർത്ഥിക്കാം സഭയെ-സമൂഹത്തെ നവീകരിക്കണമേ എന്ന്. ദീപികയിലൂടെ സഭയെ സമുദായത്തെ ശക്തിപ്പെടുത്താനുള്ള നമ്മുടെ പരിശ്രമങ്ങളെ, ത്യാഗങ്ങളെ, സഹനങ്ങളെ ക്രൂശിതനായ ഈശോ അനുഗ്രഹിക്കട്ടെ, വിജയത്തിലെത്തിക്കട്ടെ. ഉത്ഥിതനായ ഈശോ നമ്മെ എല്ലാവരെയും അനുഗ്രഹിക്കട്ടെ.

**ആന്റണി തോമസ് മലയിൽ**
*ഫോൺ: 9446342561*
**ആൻസി മാത്യു ചേന്നോത്ത്**
*ഫോൺ: 9447390669*
*(പ്രസിഡന്റുമാർ)*

**സണ്ണി പുളിങ്കാലായിൽ**
*ഫോൺ: 9539125164*
**പരിമൾ ആന്റണി അറയ്ക്കത്തറ**
*ഫോൺ: 9495393890*
*(ജന:സെക്രട്ടറിമാർ)*

**ഫാ. ജോർജ്ജ് മാന്തുരുത്തിൽ**
*(അതിരൂപത ഡയറക്ടർ)*
*ഫോൺ: 9447432531*

---

ഇടവകകളിൽ ദീപിക ഡ്രീംലൈൻ വർക്ക് നടത്താൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക. **വർഗീസ് ഡൊമിനിക് - 9400390539**
**കോര സി. - 9495445827, വർക്കി ഇ.വി. - 9349599028**

# കേരള ലേബർ മൂവ്മെന്റ്
## K L M

ഈശോയിൽ സ്നേഹം നിറഞ്ഞവരേ,

തൊഴിലാളികളുടെ മദ്ധ്യസ്ഥനായ വി. യൗസേപ്പിതാവ് അധ്വാനത്തിന്റെ ആൾ രൂപമാണ്. ചെയ്യുന്ന ഏതു ജോലിയും ഈശോയ്ക്ക്‌വേണ്ടിയുള്ള ദൈവരാജ്യ ശുശ്രൂഷയാണെന്ന ഓർമ്മപ്പെടുത്തലാണ് യൗസേപ്പിതാവിന്റെ അധ്വാന ജീവിതം. വി. യൗസേപ്പിതാവിനെപ്പോലെ ആരൊക്കെ കഠിനാധ്വനം ചെയ്യുന്നുവോ അവരും ദൈവരാജ്യശുശ്രൂഷകരാണ്. കേരള ലേബർ മൂവ്മെന്റ് തൊഴിലാളി പ്രസ്ഥാനത്തിന്റെ മധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ ഈ ജീവിത മാതൃക നമുക്കും പ്രചോദനമാകട്ടെ. തൊഴിലാളി മധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ പ്രാർത്ഥനാശംസകൾ സ്നേഹപൂർവ്വം നേരുന്നു.

**ഫാ. ജോസ് പുത്തൻചിറ**

### സംസ്ഥാന സമിതി സംഗമം

2021 ഫെബ്രുവരി മാസം ഒന്നാം തീയതി രാവിലെ 10 മണിക്ക് പാലാരിവട്ടം കെ..എൽ.എം സംസ്ഥാന ഓഫീസിൽവച്ച് പുതിയ സംസ്ഥാന ഭാരവാഹികളുടെ സംഗമം നടത്തപ്പെട്ടു. പുതിയ ഭാരവാഹികളെ പരിചയപ്പെടുത്തുകയും തുടർന്ന് മൂന്നു മാസത്തെ കർമ്മപദ്ധതികൾ ആവിഷ്ക്കരിക്കുകയും കോറോണാകാലഘട്ടത്തിൽ ചെയ്ത പ്രവർത്തനങ്ങളെ വിലയിരുത്തുകയും ചെയ്തു.

### വാർഷിക ആഘോഷങ്ങൾ

07.02.201 –ൽ മുഹമ്മ സെന്റ് ജോർജ്ജ് യൂണിറ്റിൽ സെന്റ് ജോസഫ് സംഘത്തിന്റെ വാർഷിക ആഘോഷങ്ങൾ നടത്തി. ഒരു വർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തി സംഗമത്തിൽ യുവകർഷകനെ തിരഞ്ഞെടുത്ത് ആദരിക്കുകയും പരിതോഷികം നല്കുകയും ചെയ്തു. യൂണിറ്റ് ഡയറക്ടർ ഫാ. ജോൺ പരുവപ്പറമ്പിൽ, അതിരൂപത ഡയറക്ടർ ഫാ. ജോസ് പുത്തൻചിറ, അതിരൂപത സമിതി അംഗം ശ്രീ. തങ്കച്ചൻ എന്നിവർ സംഗമത്തിൽ പ്രസംഗിച്ചു.

### അതിരൂപത സമിതി സംഗമം

28.02.2021 ചങ്ങനാശേരി കത്തീഡ്രൽ ആഡിറ്റോറിയത്തിൽ ഉച്ചകഴിഞ്ഞ് മൂന്നുമണിക്ക് യോഗം കൂടി. വി. യൗസേപ്പിതാവിന്റെ വർഷാചരണം, മെയ്ദിനാഘോഷം എന്നിവയെക്കുറിച്ച് ചർച്ച നടത്തി.

### മരണാനന്തര സഹായനിധി

പായിപ്പാട് യൂണിറ്റിൽ ലൂർദ്ദ് മാതാസംഘത്തിൽ പരേതനായ കെ.ജെ കുഞ്ചറിയ, കാനാച്ചേരിയുടെ കുടുംബത്തിനും, (28.01.2021) പൊടിപ്പാറ യൂണിറ്റിൽ ഹോളി ഫാമിലി സംഘത്തിലെ, പരേതനായ എബ്രാഹം വർഗീസ് മാറാട്ടുകളത്തിൽ മരിയൻ സംഘത്തിലെ പരേതനായ സ്കറിയ പീറ്റർ പാലത്തിങ്കൻ എന്നിവരുടെ കുടുംബത്തിനും (28.02.21) മരണാനന്തര സഹായനിധി കൈമാറി.

### പത്രവാർത്തകൾ

ഇന്ധന വിലയും പാചകവാതക വിലയും വർധിക്കുന്നത് രാജ്യത്തെ ജനജീവിതം ദുസഹമാക്കിയതും ആർ.സി.സി.യിലെ മരുന്ന് ദൗർലഭ്യത്തിന് പരിഹാരമുണ്ടാകണെമെന്നും പത്ര വാർത്തയിലൂടെ കേരള ലേബർ മൂവ്മെന്റ് സൂചന നല്കി.

# സെന്റ് തോമസ് ഹോസ്പിറ്റൽ
## ST. THOMAS HOSPITAL, CHETHIPUZHA

### ഓക്സിജൻ ജനറേറ്റർ പ്ലാന്റ് ആശീർവദിച്ചു.

കേരളത്തിലെ ഏറ്റവും വലിയ ഓക്സിജൻ ജനറേറ്റർ പ്ലാന്റ് ചെത്തിപ്പുഴ തോമസ് ആശുപത്രിയിൽ ചങ്ങനാശേരി അതിരൂപതാ അധ്യക്ഷൻ അഭി. ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം ആശീർവദിച്ചു. രോഗികളുടെ ആവശ്യത്തിനുവേണ്ടി സിലിണ്ടർ, ലിക്യുഡ് ഓക്സിജനുകൾ ആണ് മുമ്പ് ഉപയോഗിച്ചിരുന്നത്. ഏറെ പണച്ചിലവും അന്തരീക്ഷ മലിനീകരണവും ഇതുമൂലം ഉണ്ടായിരുന്നു. അന്തരീക്ഷത്തിൽ നിന്ന് ഓക്സിജൻ ശുദ്ധീകരിച്ചെടുക്കുന്ന നൂതന സാങ്കേതിക വിദ്യ ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന പി.സി.ഐ. ഗ്യാസ് ഇന്ത്യാ ലിമിറ്റഡ് ആണ് ആശുപത്രിക്കായി നിർമ്മിച്ചു നൽകിയത്.

### ക്യാൻസർ ദിനാചരണം

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിൽ ക്യാൻസർ ദിനാചരണം സംഘടിപ്പിച്ചു. ചങ്ങനാശേരി അതിരൂപതാ അധ്യക്ഷൻ അഭി. ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം ഉദ്ഘാടനം ചെയ്തു. ഹോസ്പിറ്റൽ ഡയറക്ടർ ഫാ. തോമസ് മംഗലത്ത് അധ്യക്ഷത വഹിച്ചു. ഡോ. വർഗ്ഗീസ് ആന്റണി ക്ലാസ് നയിച്ചു. ഫാ. ജെയിംസ് പി. കുന്നത്ത്, ഫാ. തോമസ് പുതിയിടം, അഡ്മിനിസ്ട്രേറ്റർ ഡോ. എൻ. രാധാകൃഷ്ണൻ, മെഡിക്കൽ സൂപ്രണ്ട് ഡോ. തോമസ് സഖറിയ, എം. ജെ. അപ്രേം, പോൾ മാത്യു, സി. മെറീനാ എസ്.ഡി. എന്നിവർ പ്രസംഗിച്ചു.

### രോഗീദിനാചരണം

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയുടെ നേതൃത്വത്തിൽ 29-ാമത് ലോക രോഗീദിനം ആചരിച്ചു. രാവിലെ ആറുമണിക്ക് സെന്റ് തോമസ് ആശുപത്രിയുടെ അസി. ഡയറക്ടർ ഫാ. തോമസ് പുതിയിടത്തിന്റെ മുഖ്യകാർമ്മികത്വത്തിൽ ഹോസ്പിറ്റൽ ഡയറക്ടർ ഫാ. തോമസ് മംഗലത്ത്, അസി. ഡയറക്ടറുമാരായ ഫാ. ജെയിംസ് പി. കുന്നത്ത്, ഫാ. സിബി കൈതാരം എന്നിവർ ചേർന്ന് സമൂഹബലി അർപ്പിച്ചു. ഉച്ചക്ക് 12 മണിക്ക് ഹോസ്പിറ്റൽ ചാപ്പലിൽ രോഗികൾക്ക് വേണ്ടി പ്രത്യേക പ്രാർത്ഥന ശുശ്രൂഷയും സംഘടിപ്പിച്ചു. റവ. ഡോ. ജേക്കബ് കോയിപ്പള്ളി രോഗീദിനസന്ദേശം നല്കി. ലോക രോഗീദിനാചരണ പരിപാടികൾക്ക് മെഡിക്കൽ സൂപ്രണ്ട് ഡോ. തോമസ് സഖറിയ, പോൾ മാത്യു, സി. മെറീനാ എസ്.ഡി. എന്നിവർ നേതൃത്വം നൽകി.

### വൈകുന്നേര ഒ.പി.

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിലെ വിവിധ ഡിപ്പാർട്ടുമെന്റുകളിൽ വൈകുന്നേര ഓ.പി. സജീവമാണ്. പൾമനോളജി, സർജറി, ഇ.എൻ.റ്റി., പീഡിയാട്രിക്, മെഡിസിൻ, ന്യൂറോളജി, ഡന്റെൽ വിഭാഗങ്ങളിൽ ധാരാളം രോഗികളെത്തി ചികിത്സതേടുന്നു. കൂടുതൽ വിവരങ്ങൾക്ക് 9207846999 എന്ന നമ്പറിൽ ബന്ധപ്പെടണം.

### ഡന്റെൽ ഇംപ്ളാന്റ് സൗകര്യം ലഭ്യമാണ്

ചെത്തിപ്പുഴ സെന്റ് തോമസ് ആശുപത്രിയിലെ ഡന്റെൽ ഡിപ്പാർട്ടുമെന്റിൽ ഡോ. മെറീസയുടെ നേതൃത്വത്തിൽ വൈകുന്നേരങ്ങളിൽ കുറഞ്ഞചിലവിൽ ഇംപ്ളാന്റ് സൗകര്യം ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9207846999 എന്ന നമ്പറിൽ വിളിക്കുക.

**ഫാ. ജെയിംസ് പി. കുന്നത്ത്**
അസി. ഡയറക്ടർ

**ഫാ. തോമസ് മംഗലത്ത്**
ഡയറക്ടർ

# പ്രവാസി അപ്പോസ്തലേറ്റ്
## PRAVASI APOSTOLATE

പ്രിയ പ്രവാസി സഹോദരങ്ങളേ,

പ്രവാസി അപ്പോസ്തലേറ്റിന്റെ പ്രവർത്തനങ്ങൾ രാജ്യാന്തരതലത്തിലേക്കു വ്യാപിപ്പിക്കുവാൻ സാധിച്ചതിന് ദൈവത്തിന് നന്ദിയും സഹകരിച്ച നിങ്ങൾക്കേവർക്കും അഭിനന്ദനങ്ങളും അറിയിക്കുന്നു. അന്താരാഷ്ട്രതലത്തിൽ പ്രവാസികളെ ഏകോപിപ്പിക്കുവാൻ സാധിച്ചുവെങ്കിലും അതിരൂപതാതലത്തിൽ മടങ്ങിയെത്തിയ പ്രവാസികളുടെ വിവരങ്ങൾ ശേഖരിച്ച് ഇടവകതലത്തിൽ ഒരു കൂട്ടായ്മയായി രൂപീകരിക്കേണ്ടതുണ്ട്. ഓരോ ഇടവകയിലേയും വികാരിയച്ചന്മാരുടെ സഹകരണത്തോടെ തിരിച്ചെത്തിയ പ്രവാസികളുടെ വിവരങ്ങൾ പ്രവാസി അപ്പോസ്തലേറ്റിന്റെ അതിരൂപതാ പ്രതിനിധികൾ വഴി ശേഖരിച്ചു കൊണ്ടിരിക്കുന്നു. ഈ പ്രവർത്തനങ്ങളിൽ പങ്കുചേരുവാൻ അസി. ഡയറക്ടറായി ബഹു. ഫാ. മാത്യു (ജിജോ) മാറാട്ടുകളത്തെ അതിരൂപതാകേന്ദ്രം നിയോഗിച്ചിരിക്കുന്നു. ബഹു. മാത്യു മാറാട്ടുകളത്തെ ഏറ്റവും സന്തോഷത്തോടെ സ്വാഗതം ചെയ്യുന്നു.

മേജർ ആർച്ച് ബിഷപ്പ് മാർ ആന്റണി പടിയറയുടെ ജന്മശതാബ്ദി ആഘോഷചടങ്ങുകളിൽ ഡയറക്ടറോടൊപ്പം എക്സിക്യൂട്ടീവ് അംഗങ്ങളും പങ്കെടുത്തു. അഭിവന്ദ്യ തോമസ് തറയിൽ പിതാവിന്റേയും അഭിവന്ദ്യ ജോർജ്ജ് കോച്ചേരി പിതാവിന്റേയും ജന്മദിനത്തിന് പ്രവാസി അപ്പോസ്തലേറ്റിന്റെ ആശംസകൾ അറിയിച്ചു. സിവിൽ സർവീസ് പരിശീലനത്തിനായി പ്രവാസി അപ്പോസ്തലേറ്റ് ആരംഭിച്ചിരിക്കുന്ന "Little star operations" ലേക്ക് ബിരുദധാരികളിൽനിന്നും അപേക്ഷകൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു.

### യൂ ട്യൂബ് ചാനൽ

ഗൾഫ് പ്രവാസ വാർത്തകൾ എല്ലാ ശനിയാഴ്ചയും സംപ്രേക്ഷണം ചെയ്യുന്നു.

### വീഡിയോ കോൺഫറൻസ്

വിവിധ ഗൾഫ് രാജ്യങ്ങളിലെ പ്രതിനിധികളുമായി എല്ലാ വെള്ളിയാഴ്ചകളിലും ഡയറക്ടറച്ചനും എക്സിക്യൂട്ടീവ് അംഗങ്ങളും മീറ്റിംഗ് നടത്തുന്നുണ്ട്. ഫെബ്രുവരി 12-ാം തീയതി ആഫ്രിക്കയിലും, 20-ാം തീയതി ഫാർ ഈസ്റ്റിലും മീറ്റിംഗുകൾ നടക്കുകയുണ്ടായി.

### അനുശോചനം

കുവൈറ്റിൽ നിര്യാതനായ തൃക്കൊടിത്താനം, കൊടിനാട്ടുംകുന്ന്, കണ്ണൻകുളം ജോബിൻ ആന്റണിയുടെ ഭവനം സന്ദർശിച്ച് ഡയറക്ടറച്ചനും എക്സിക്യൂട്ടീവ് അംഗങ്ങളും ഒപ്പീസുചൊല്ലി പ്രാർത്ഥിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു.

കുവൈറ്റിൽ നിര്യാതനായ മണിമല കടയനിക്കാട് ഇടവകാംഗമായ കണയാങ്കൽ എബ്രഹാം ഫിലിപ്പോസിന്റെ കുടുംബത്തോടും അബുദാബിയിൽ നിര്യാതനായ ചമ്പക്കുളം ഇടവകാംഗമായ ചക്കാത്തറ ജോസഫ്കുഞ്ഞിന്റെ കുടുംബത്തോടും പ്രവാസി അപ്പോസ്തലേറ്റിന്റെ ആദരാഞ്ജലികൾ അറിയിച്ചു.

## സൗദി അറേബ്യയിൽ ജോലി ഒഴിവ്

സൗദി അറേബ്യയിലെ Al Mouwasat Medical Services Co,ലേക്ക് BSc NURSES (Female) ന്റെ ഒഴിവിലേക്ക് ഇപ്പോൾ അപേക്ഷിക്കാം

| | |
|---|---|
| Qualifications: | B.Sc Nursing |
| Gender: | Female Only |
| Age Limit: | 22- 35 |
| Salary: | 4050 SAR (INR 80,000/- approx.) |
| Experience : | Minimum 1 year Required<br>(Till date working &without working Gap) |
| Other Perks: | Free Visa, Accommodation & Transportation; Air Ticket etc |

അപേക്ഷിക്കേണ്ട അവസാന തീയതി 05 /03 /2021

താത്പര്യമുള്ളവർ

- 6 മാസത്തിനുള്ളിൽ എടുത്ത ഫോട്ടോ പതിച്ച വിശദമായ ബയോഡാറ്റ
- പാസ്പോർട്ട്
- 6 മാസത്തിനുള്ളിൽ എടുത്ത പാസ്പോർട്ട് സൈസ്ഫോട്ടോ (വൈറ്റ് ബാക്ക്ഗ്രൗണ്ട്)
- ഡിഗ്രി സർട്ടിഫിക്കറ്റ് (ഒറിജിനൽ)
- എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ്

എന്നിവയുമായി ചങ്ങനാശേരി അതിരൂപതാ പ്രവാസി അപ്പോസ്തലേറ്റുമായി ബന്ധപ്പെടുക. ഇവിടെ അപേക്ഷകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്.

**ഫാ. ജിജോ മാറാട്ടുകളം**
അസി. ഡയറക്ടർ

**ഫാ. റെജി പുതുവീട്ടിൽക്കളം**
ഡയറക്ടർ

NB ഓഫീസ് സമയം രാവിലെ 10 മുതൽ വൈകിട്ട് 5 മണിവരെ.
വിളിക്കേണ്ട നമ്പർ 9207470117

ഈശോയിൽ സ്നേഹം നിറഞ്ഞവരെ,

*''മരുന്നോ ലേപനമോ അല്ല എല്ലാവരെയും സുഖപ്പെടുത്തുന്ന അങ്ങയുടെ വചനമാണ് അവരെ സുഖപ്പെടുത്തിയത്''* (ജ്ഞാനം 16:12).

വീണ്ടുമൊരു നോമ്പുകാലത്തിലൂടെ നാം കടന്നുപോകുകയാണ്. ദു:ശീലങ്ങൾക്ക് വിടപറയുന്ന ഒരു കാലഘട്ടമാണിത്. ഓർമ്മിക്കാം.... ഈ ഒരു കാലഘട്ടത്തിൽ ദു:ശീലങ്ങൾ ഉപേക്ഷിച്ചുകൊണ്ട് കുടുംബ പ്രാർത്ഥന ചൊല്ലിയും, പരിശുദ്ധ കുർബ്ബാന അർപ്പിച്ചും മുന്നേറുമ്പോൾ വലിയ സമാധാനവും സന്തോഷവും കുടുംബത്തിനും സമൂഹത്തിനും ലഭ്യമാകുന്നു. ഈ നോമ്പുകാലത്ത് മാത്രമായി ഒതുങ്ങാതെ എന്റെ ദുഃശീലങ്ങളെ വേരോടെ പിഴുതെറിയുവാൻ നന്മയിൽ നിലനിൽക്കുവാൻ സഹായിക്കുന്ന ആത്മതാകേന്ദ്രത്തിന്റെ പ്രവർത്തനങ്ങളോട് സഹകരിക്കാം.... കൗൺസിലിംഗ്, ഹോമിയോചികിത്സ, അവബോധന ക്ലാസ്സുകൾ ഇവയെല്ലാം ഫലപ്രദമായി ഉപയോഗിക്കാൻ പരിശ്രമിക്കാം....

**ഫാ. ജോസ് പുത്തൻചിറ**

## ഹോമിയോ ചികിത്സാ പദ്ധതി

ഓരോ ആഴ്ചയിലും വിവിധ ദിവസങ്ങളിലായി വിവിധ സ്ഥലങ്ങളിൽ ലഹരി വസ്തു ദുരുപയോഗത്തിനെതിരായ ഹോമിയോ ചികിത്സ നിർവ്വഹിച്ചു വരുന്നു ചൊവ്വാഴ്ച തത്തംപള്ളിയിലും, ബുധനാഴ്ച ഇരവുചിറയിലും, വ്യാഴാഴ്ച അതിരമ്പുഴയിലും, വെള്ളിയാഴ്ച ചങ്ങനാശേരി പാസ്റ്ററൽ സെന്ററിലും ആണ് ചികിത്സ നല്കി വരുന്നത്. വിദഗ്ധരായ ഡോക്ടേഴ്സിന്റെ നേതൃത്വത്തിൽ ആണ് ചികിത്സ മിതമായ നിരക്കിൽ നടത്തുന്നത്. പരമാവധി പ്രയോജനം എടുക്കുവാൻ ഏവർക്കും അവസരം.

## സപ്പോർട്ട് എ ചൈൽഡ് പദ്ധതി

നിത്യരോഗികളായവരുടെ പ്രതിമാസ സമ്മേളനം നടത്താൻ പറ്റാത്ത ഈ സാഹചര്യത്തിൽ ചങ്ങനാശേരിയിൽ വരുന്നവർക്ക് ഓരോരുത്തരെ ഓഫീസിൽ വിളിച്ച് സാമ്പത്തിക സഹായം നല്കുകയാണ്; സഹായിച്ചവർക്ക് നന്ദി.

## ബോധവത്ക്കരണ ക്ലാസ്സ്

ചമ്പക്കുളം പോരുക്കര കോളജിൽ എൻ.എസ്.എസ് ക്യാമ്പിൽ പങ്കെടുത്ത കുട്ടികൾക്ക് ലഹരിക്കെതിരായ ബോധവത്ക്കരണ ക്ലാസ്സ് ഫാ. ജോസ് പുത്തൻചിറ (20.02.2021) നയിച്ചു.

# ഫ്രാൻസിസ്കൻ അല്മായസഭ
## FRANCISCAN ALMAYA SABHA

*(Secular Franciscan Order - SFO)*
''സമാധാനം - സൗഭാഗ്യം''

പ്രിയ സഹോദരരേ,

നാം സഭയോടൊപ്പം ഒരു നോമ്പുകാലത്തിലൂടെ കടന്നുപോവുകയാണല്ലോ. തന്റെ പ്രവർത്തികളെക്കുറിച്ച് അന്വേഷിച്ചറിഞ്ഞു ജീവിതത്തിലേയ്ക്ക് തിരിഞ്ഞു നോക്കാൻ ഒരവസരം. മറ്റുള്ളവരിലേയ്ക്ക് വിരൽ ചൂണ്ടി തെറ്റുകൾ കണ്ടുപിടിച്ച ജീവിതം മാറ്റിവച്ച് തന്റെ നേരേ വിരൽ ചൂണ്ടി തന്റെ തെറ്റുകളും കുറ്റങ്ങളും കണ്ടെത്തി, തന്റെ ജീവിതം നമ്മുടെ പിതാവായ ദൈവത്തിന്റെ ആഗ്രഹത്തിനൊത്താണോ? അതോ നശ്വരമായ ഈ ലോകനേട്ടങ്ങളും സമ്പത്തും അംഗീകാരങ്ങളും പദവികളും ലഭിക്കുന്നതിനാണോ? തന്റെ ജീവിതം കൊണ്ട് മറ്റാർക്കെങ്കിലും എന്തെങ്കിലും ദോഷങ്ങൾ ഉണ്ടാകാറുണ്ടോ നേട്ടങ്ങൾ ഉണ്ടാകാറുണ്ടോ എന്നൊക്കെ അന്വേഷിച്ചറിഞ്ഞ് തെറ്റുണ്ടെങ്കിൽ കണ്ടെത്തി തിരുത്തി അനുതപിച്ച് ദൈവത്തോടു മാപ്പ് പറഞ്ഞ് രമ്യതപ്പെട്ട് സ്വർഗ്ഗരാജ്യം ലക്ഷ്യമാക്കി സന്തോഷത്തോട് ജീവിക്കേണ്ട കാലമല്ലേ നോമ്പുകാലം.

പ്രത്യേകിച്ച് സഭാമക്കളായ നമ്മെളെല്ലാവരും ദൈവത്തേയും സ്വർഗ്ഗരാജ്യത്തേയും അറിഞ്ഞവരാണ്. നമ്മുടെ സ്വർഗ്ഗീയ മദ്ധ്യസ്ഥനായ വി. ഫ്രാൻസ്സീസ്സ് അസ്സീസ്സി നമുക്ക് കാണിച്ചുതന്ന ജീവിതമാർഗ്ഗം എത്ര മഹത്വരമാണ്. തന്റെ ജീവിതംകൊണ്ട് ആർക്കും ഒരു ദോഷവും ഉണ്ടാകാതെ കഴിയുന്നത്ര സഹായം മാത്രം ചെയ്ത് ദൈവസൃഷ്ടികളായ സകലതിനേയും സ്നേഹിച്ചു! സസ്യങ്ങളേയും ജീവികളേയും സഹോദരിസഹോദരന്മാരേയും ഒന്നുപോലെ സ്നേഹിച്ചു എല്ലാറ്റിനും ഉപരിയായി ദൈവത്തെ സ്നേഹിച്ചു. അതിനാൽ ഈ ലോകനേട്ടങ്ങളെ സ്നേഹിച്ചില്ല സുഖങ്ങളെ ഉപേക്ഷിച്ചു! അതുപോലെ നമുക്കും ദൈവസൃഷ്ടികളെ സ്നേഹിച്ച് ചെടികളേയും ജീവികളേയും സഹോദരങ്ങളേയും സ്നേഹിക്കാൻ പരിശ്രമിക്കാം. അതിനു നമുക്ക് ദൈവത്തോടു പ്രാർത്ഥിക്കാം. (മത്തായി 7:7) ''ചോദിക്കുവിൻ നിങ്ങൾക്കു ലഭിക്കും. അന്വേഷിക്കുവിൻ നിങ്ങൾ കണ്ടെത്തും. മുട്ടുവിൻ നിങ്ങൾക്കു തുറന്നു കിട്ടും'' നമുക്ക് എല്ലാറ്റിനേയും സ്നേഹിക്കാൻ കഴിവു തരാൻ ദൈവത്തോടു പ്രാർത്ഥിക്കാം.

ഈ നോമ്പുകാലം അന്യരെ സഹായിക്കാനും ദാനധർമ്മം ചെയ്യാനും കൂടുതൽ പരിശ്രമിക്കേണ്ട കാലമല്ലേ? (മത്തായി 25:40) ''രാജാവു മറുപടി പറയും സത്യമായി ഞാൻ നിങ്ങളോടു പറയുന്നു എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇതു ചെയ്തുകൊടുത്തപ്പോൾ എനിക്കു തന്നെയാണ് ചെയ്തു തന്നത്''. പലരും ദൈവത്തെ കണ്ടെത്താനും ദൈവത്തിനു കൊടുക്കാനും, രാജ്യങ്ങൾ താണ്ടിയും ലക്ഷങ്ങളും കോടികളും മുടക്കുമ്പോഴും

അടുത്തുള്ള ദൈവത്തെ കണ്ടെത്തി കൊടുക്കാൻ സാധിക്കാതെ വിഷമിക്കുന്നു. നമുക്ക് സ്വർഗ്ഗരാജ്യത്തിൽ നിക്ഷേപം കൂട്ടി വയ്ക്കുന്നതിനായി പരിശ്രമിക്കാം. വാഗ്ദാനങ്ങൾ നിറവേറ്റുന്ന ദൈവത്തെ വിശ്വസിക്കാം ആശ്രയിക്കാം ആരാധിക്കാം. നമ്മുടെ സഹോദരർക്കു ചെയ്യുന്ന നന്മകളെല്ലാം ദൈവമാണ് സ്വീകരിക്കുന്നത് ചെയ്യുന്ന നന്മകൾക്കെല്ലാം പ്രതിഫലം നല്കാമെന്നും വാഗ്ദാനം ചെയ്തിരിക്കുന്ന ഏക ദൈവമാണു നമ്മുടെ കർത്താവ്. ഇതു മനസ്സിലാക്കിയ അപൂർവ്വ വ്യക്തികളിൽ ഒരാളല്ലേ നമ്മുടെ വി. ഫ്രാൻസ്സീസ്സ് അസ്സീസ്സി. നമുക്കും ആ പാതയിലൂടെ പോകാം. ആത്മാവിനെ ദൈവത്തിനു കൊടുക്കാം. എല്ലാവർക്കും എല്ലാ നന്മകളും ദൈവാനുഗ്രഹങ്ങളും ലഭിക്കട്ടേയെന്നു പ്രാർത്ഥിക്കുന്നു. സമാധാനം സൗഭാഗ്യം.

## നിര്യാതരായി

വാഴപ്പള്ളി ഗദ്സമനി ആശ്രമ ഭ്രാതൃത്വ അംഗം കൊച്ചുകണ്ണാത്ത് ശ്രീമതി റോസമ്മ ചാക്കോ, കാവാലം സെന്റ് തോമസ് ആശ്രമ ഭ്രാതൃത്വ അംഗം പട്ടർകളം മറിയാമ്മ ജോസഫ്, ചാഞ്ഞോടി സെന്റ് സെബാസ്റ്റ്യൻസ് ഭ്രാതൃത്വ അംഗം കുളങ്ങര മാമ്മൂട്ടിൽ കെ.വി. ഫ്രാൻസീസ്, ഗദ്സമനി ആശ്രമ ഭ്രാതൃത്വ അംഗം പാമല്ലൂർ സേവ്യർ ജോസഫ്, നാലുകോടി ഭ്രാതൃത്വ പ്രസിഡന്റ് ജോർജ്ജുകുട്ടിയുടെ മാതാവ് എർണാകേരിൽ ത്രേസ്യാമ്മ എബ്രഹാം, എടത്വാ സെന്റ് ജോർജ്ജ് ഭ്രാതൃത്വ അംഗം പള്ളിച്ചിറ സാറാമ്മ ജോർജ്ജിന്റെ ഭർത്താവ് ഔസേഫ് ജോർജ്ജ്, പാറേൽ സെന്റ് മേരീസ് ഭ്രാതൃത്വ അംഗം മൂലയിൽ കുഞ്ഞൂഞ്ഞമ്മയുടെ മകൻ അലക്സ് എന്നിവർ നിര്യാതരായി. പരേതർക്കുവേണ്ടി നമുക്കു പ്രാർത്ഥിക്കാം. അവർക്ക് നിത്യശാന്തി ലഭിക്കട്ടെ.

**ബ്ര. അലക്സ് വലിയപറമ്പിൽ**
അതിരൂപത പ്രസിഡന്റ്

**ഫാ. മൈക്കിൾ പറൂശ്ശേരിൽ** OFM Cap.
SFO അതിരൂപത സ്പിരിച്വൽ അസിസ്റ്റന്റ്

*''ദരിദ്രരോടു ദയ കാണിക്കുന്നവൻ കർത്താവിനാണ് കടം കൊടുക്കുന്നത്. അവിടുന്ന് ആ കടം വീട്ടും''* (സുഭാ. 19:17).

പ്രിയ വിൻസെൻഷ്യൻ സഹോദരങ്ങളെ,

വലിയ നോമ്പിലൂടെ നാം കടന്നുപോവുകയാണല്ലോ. Lent അഥവാ നോമ്പ് എന്നാൽ ആത്മവിശുദ്ധീകരണത്തിലൂടെ ഉത്ഥാനത്തിന്റെ വസന്തത്തിലേക്കുള്ള യാത്രയുടെ കാലഘട്ടമാണ്. വിശുദ്ധിയിൽ നിറയാനും, ദൈവഹിതത്തിന് അനുരൂപരാകാനും ഈ കാലഘട്ടത്തിൽ നാം കൂടുതലായി ശ്രമിക്കുന്നു. ഉയിർപ്പുതിരുനാളിന്റെ ഉചിതമായ ആചരണത്തിനുള്ള ഒരുക്കത്തിന്റെ സമയമാണ് നോമ്പുകാലം. മൂന്നാം നൂറ്റാണ്ടുമുതൽ സഭയിൽ നോമ്പാചരണം നിലനിന്നിരുന്നതായി കാണുന്നു. ആദിമസഭയിൽ നോമ്പാചരണം നടത്തിയിരുന്നത് മാമ്മോദീസയ്ക്കുള്ള ഒരുക്കമായിട്ടാണ്. പഴയ മനുഷ്യനെ ഉരിഞ്ഞുകളഞ്ഞ് പുതിയ മനുഷ്യനെ ധരിക്കുവാൻ വേണ്ട വിശുദ്ധി പ്രാപിക്കുന്നതിനുള്ള തയ്യാറെടുപ്പിന്റെ ഭാഗമായി വചനം പഠിക്കുന്നതിനും, സഭയുടെ വിശ്വാസവും ക്രൈസ്തവമൂല്യങ്ങളുമൊക്കെ സ്വന്തമാക്കുന്നതിനും വേണ്ടിയുള്ള പരിശ്രമങ്ങളുടെ കാലമായിരുന്നു നോമ്പ്.

ആധ്യാത്മികതയുടെ മൂന്നു പ്രധാന തൂണുകളാണല്ലോ പ്രാർത്ഥന, ഉപവാസം, ദാനധർമ്മം എന്നിവ. എങ്ങനെയാണ് പ്രാർത്ഥിക്കുകയും ഉപവസിക്കുകയും ചെയ്യേണ്ടതെന്ന് വി. മത്തായിയുടെ സുവിശേഷം 6-ാം അധ്യായത്തിൽ കർത്താവു വ്യക്തമാക്കിത്തരുന്നുണ്ട്. ദൈവവുമായുള്ള ബന്ധത്തിൽ ആഴപ്പെടുന്നതിന് പ്രാർത്ഥനയും ഉപവാസവും നമ്മെ സഹായിക്കുന്നു. ഈ ബന്ധത്തിൽ ആഴപ്പെടുമ്പോൾ മറ്റൊന്നും പ്രധാനമല്ല എന്ന ബോധ്യം നമുക്കു ലഭിക്കും. ഇതിനായി ഒരു മരുഭൂമി അനുഭവത്തിലൂടെ കടന്നുപോകാൻ നമ്മെത്തന്നെ വിട്ടുകൊടുക്കാൻ നമുക്കു സാധിക്കണം. മരുഭൂമിയുടെ നിശബ്ദതയിലും ശാന്തതയിലും 40 ദിനരാത്രങ്ങൾ ഉപവാസത്തിലും പ്രാർത്ഥനയിലും പിതാവുമായുള്ള ഐക്യത്തിൽ ചെലവഴിച്ച യേശു പ്രലോഭനങ്ങളെ അതിജീവിക്കുന്നതിനും പീഢാസഹനങ്ങൾ സ്വയം ഏറ്റെടുക്കുന്നതിനും പ്രാപ്തനാകുന്നു. സീനായ് മലമുകളിൽ 40 ദിവസങ്ങൾ ദൈവത്തോടൊപ്പം ചെലവഴിച്ച മോശക്കുണ്ടായ ദൈവാനുഭവം നാം കാണുന്നുണ്ട്. ഇസ്രായേൽ ജനം മോശയുടെ മുഖം കണ്ടു. മോശയുടെ മുഖം പ്രകാശിച്ചിരുന്നു (പുറ. 34:35). ദൈവത്തോടൊപ്പം ആയിരിക്കുമ്പോൾ ലഭിക്കുന്ന ആത്മീയ പ്രകാശം ഉജ്വലിപ്പിക്കുവാനും, പകർന്നു നല്കാനും നോമ്പ് നമ്മെ പ്രാപ്തരാക്കുന്നു. ദൈവത്തോടുള്ള നമ്മുടെ ബന്ധത്തെ ഭദ്രമാക്കുന്നത് പ്രാർത്ഥനയാണ്. ദൈവത്തെ തേടുന്ന മനുഷ്യനും മനുഷ്യനെ തേടുന്ന ദൈവവും കണ്ടുമുട്ടുന്ന മനോഹരമായ അവസരമാണല്ലോ പ്രാർത്ഥന. ദൈവത്തിനുവേണ്ടി ദാഹിക്കുന്ന സങ്കീർത്തകൻ ഇപ്രകാരം പ്രാർത്ഥിക്കുന്നു 'നീർച്ചാൽ തേടുന്ന മാൻപേടയെപ്പോലെ ദൈവമേ എന്റെ ഹൃദയം അങ്ങയെ തേടുന്നു' (സങ്കീ. 42:1).

പൂർണ്ണമായും ദൈവത്തിന്റേതായി തീരുക എന്ന തീവ്രമായ ആഗ്രഹത്തോടെ വി. അഗസ്തീനോസ് ഇപ്രകാരം പറയുന്നുണ്ട് 'ദൈവമേ നിന്നിൽ വിലയം പ്രാപിക്കുന്നതുവരെ എന്റെ ആത്മാവ് അസ്വസ്ഥമായിരിക്കും'. വിശുദ്ധ കുർബാനയും കൂദാശകളും പ്രാർത്ഥനകളുമൊക്കെ ദൈവാനുഭവം നമ്മിലേക്കൊഴുക്കുന്ന കൃപയുടെ നീർച്ചാലുകളാണ്. പ്രാർത്ഥനയോടു ചേർന്നുപോകേണ്ട സുകൃതമാണല്ലോ ഉപവാസം. നമ്മോടുതന്നെയുള്ള ബന്ധത്തിൽ ആത്മനിയന്ത്രണം സാധ്യമാക്കുന്ന അവസ്ഥയാണ് ഉപവാസം. ശരീരത്തിന്റെ താത്പര്യങ്ങളെ നിയന്ത്രിക്കാൻ ചില ത്യജിക്കലുകൾക്കും നിയന്ത്രണങ്ങൾക്കും സ്വയം വിധേയപ്പെടുന്നത് തിന്മയോടുള്ള പോരാട്ടത്തിൽ നമുക്കു കരുത്തുപകരുന്നു. എന്റെ ശരീരത്തെ ഞാൻ കർശനമായി നിയന്ത്രിച്ചു കീഴടക്കുന്നു (1 കൊറി 9:27) എന്നാണ് വി. പൗലോസ് പറയുന്നത്. ശരീരത്തിന്റെ താത്പര്യങ്ങളെ ആത്മാവിൽ നിഹനിക്കുവാനുള്ള കൃപയ്ക്കായി പ്രാർത്ഥിക്കാം.

നോമ്പുകാലത്ത് പ്രാർത്ഥനയ്ക്കും ഉപവാസത്തിനുമൊപ്പം പ്രധാനപ്പെട്ടതാണ് ദാനധർമ്മം. എന്റെ സഹോദരന്റെ കാവല്ക്കാരൻ എന്ന നിലയിൽ അവന്റെ അനുദിന ആവശ്യങ്ങളിലേക്ക് എല്ലാ കാലവും ശ്രദ്ധ വയ്ക്കാൻ കടപ്പെട്ടവരാണല്ലോ നാം. സ്നേഹത്തിന്റെയും കരുതലിന്റെയും കരുണയുടെയും അനുഭവങ്ങളിലേക്കു കൂടുതലായി കടന്നെത്തുവാൻ നോമ്പുകാലത്തു നമുക്കു സാധിക്കണം. പ്രാർത്ഥനയിലൂടെ ദൈവത്തോടും ഉപവാസത്തിലൂടെ നമ്മോടുതന്നെയും ദാനധർമ്മത്തിലൂടെ സഹോദരങ്ങളോടുമുള്ള ബന്ധത്തിൽ ആഴപ്പെടുമ്പോഴാണ് നോമ്പ് അർത്ഥപൂർണ്ണമാകുന്നത്. കാണപ്പെടുന്ന സഹോദരനെ സ്നേഹിക്കാത്തവന് കാണപ്പെടാത്ത ദൈവത്തെ സ്നേഹിക്കാൻ കഴിയുകയില്ല എന്ന വി. യോഹന്നാന്റെ വാക്കുകൾ അനുസ്മരിക്കുന്നു. വിശക്കുന്നവനുമായി ആഹാരം പങ്കുവയ്ക്കുകയും നഗ്നനെ ഉടുപ്പിക്കുകയും സ്വന്തക്കാരിൽനിന്ന് ഒഴിഞ്ഞുമാറാതിരിക്കുകയും (ഏശയ്യാ 58:7) ചെയ്യുമ്പോൾ നിന്റെ പ്രാർത്ഥനയ്ക്ക് കർത്താവ് ഉത്തരമരുളും എന്നു പ്രവാചകൻ സാക്ഷ്യപ്പെടുത്തുന്നു.

നമ്മുടെ കരുതലും കരുണയും സമൂഹത്തിന് ഏറ്റവും ആവശ്യമായ ഒരു കാലഘട്ടത്തിലൂടെയാണല്ലോ നാം കടന്നുപോകുന്നത്. ചില കോൺഫറൻസുകളിലെങ്കിലും പ്രവർത്തനങ്ങൾ വളരെ മന്ദീഭവിച്ചതായി മനസ്സിലാക്കുന്നു. കോവിഡ് – 19 ന്റെ സാഹചര്യത്തിൽ പ്രതിവാരയോഗങ്ങൾ, ദത്തുകുടുംബങ്ങൾക്കുള്ള സഹായം, സഹായകാംഗങ്ങളിൽ നിന്നു സംഭാവന സ്വീകരിക്കൽ തുടങ്ങിയ പ്രധാനപ്പെട്ട കാര്യങ്ങൾ ആദ്യമൊക്കെ എല്ലാവർക്കും വളരെ ബുദ്ധിമുട്ടായിരുന്നെങ്കിലും, ഭൂരിഭാഗം കോൺഫറൻസുകളും ഇപ്പോൾ ഭംഗിയായി പ്രവർത്തിക്കുന്നു എന്നത് സന്തോഷകരമാണ്. നമുക്കു നന്മ ചെയ്യാനും, നമ്മെ സഹായിക്കുന്നതിലൂടെ മറ്റുള്ളവർക്കു നന്മചെയ്യാൻ ആഗ്രഹിക്കുന്നവർക്കും ഉള്ള അവസരങ്ങൾ നഷ്ടമാക്കരുതെന്ന് അഭ്യർത്ഥിക്കുന്നു. വിൻസെൻഷ്യൻ ദൈവവിളിയുടെ പ്രത്യേക ലക്ഷണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത് അത് വ്യക്തിപരമായും പ്രത്യക്ഷമായും ദരിദ്രസേവനത്തിനുള്ള തീവ്രമായ ആഗ്രഹമായിരിക്കണം എന്നതാണ്. ഇതു സാധിക്കുവാൻ നമുക്കു ത്യാഗം സഹിക്കേണ്ടതായി വരും. സമയത്തിന്റെയും സമ്പത്തിന്റെയും ഓഹരി വാഗ്ദാനം ചെയ്തവരാണല്ലോ നാം. ഈ വാഗ്ദാനം

*ശേഷം പേജ് 76 ൽ.....»*

## അറിയിപ്പുകൾ

കരിസ്മാറ്റിക് സെൻട്രൽ ടീമിന്റെ സോണൽ സന്ദർശനം മാർച്ച് 11 വ്യാഴാഴ്ച, വെരൂർ സെന്റ് ജോസഫ് പള്ളി ഹാളിൽ 10 a.m. മുതൽ 4 p.m. വരെ. സോണൽ സർവ്വീസ് ടീമിനൊപ്പം സബ് സോൺ കോർ ഗ്രൂപ്പ്, വിവിധ മിനിസ്ട്രികളുടെ കോർഡിനേറ്റർമാർ, സെക്രട്ടറിമാർ തുടങ്ങിയവർ നിശ്ചയമായും പങ്കെടുക്കണം.

മെന്റേഴ്സ് ടീമിനും മോനിട്ടേഴ്സ് ടീമിനുമായി നടത്തപ്പെടുന്ന L.S.S ക്ലാസുകൾ പുരോഗമിക്കുന്നു. എല്ലാ അംഗങ്ങളും സജീവമായി പങ്കെടുക്കുകയും തുടർന്നുള്ള ദിവസങ്ങളിൽ തങ്ങളുടെ ബോദ്ധ്യങ്ങൾ പങ്കുവെയ്ക്കുകയും ചെയ്യുന്നു.

മിനിസ്ട്രികളുടെ പ്രവർത്തനങ്ങൾ കൂടുതൽ സജീവമാക്കുവാൻ ചുമതലപ്പെട്ടവർ പരിശ്രമിക്കേണ്ടതാണ്. ബുധനാഴ്ചകളിലെ പ്രാർത്ഥനാകൂട്ടായ്മയിൽ സോണിൽ ധാരാളം പേർ പങ്കെടുക്കുന്നു.

**മോൻ ചെത്തിമറ്റം**
(കോ-ഓർഡിനേറ്റർ)

**ഫാ. മാത്യു താന്നിയത്ത്**
(ഡയറക്ടർ)

---

*» വിൻസെന്റ് ഡി പോൾ സൊസൈറ്റി തുടർച്ച*

പാലിച്ചുകൊണ്ട് നമ്മുടെ ചെറിയ ത്യാഗങ്ങൾ കാൽവരിയിലെ മഹാത്യാഗത്തോടു ചേർത്തുവച്ച് ആത്മവിശുദ്ധീകരണം പ്രാപിക്കുവാൻ നമുക്കു സാധിക്കട്ടെ എന്നാശംസിക്കുന്നു.

നമ്മുടെ പുളിങ്കുന്ന്, ചങ്ങനാശേരി, കുറുമ്പനാടം ഏരിയാ കൗൺസിലുകളുടെ പ്രസിഡന്റുമാരായി തെരഞ്ഞെടുക്കപ്പെട്ട ബ്ര. സിജി കുര്യൻ പതിനാലിൽ, ബ്ര. പി.വി. ജെയിംസ് (ജിമ്മിച്ചൻ) പുല്ലാംകുളം, ബ്ര. ജോസഫുകുട്ടി ജേക്കബ് ഓവേലിൽ എന്നിവർക്ക് സി സി യുടെ ഭാവുകങ്ങളും പ്രാർത്ഥനകളും. സ്ഥാനമൊഴിഞ്ഞ പ്രസിഡന്റുമാരായ ബ്ര. പി.എം. തോമസ് പത്തിൽ, ബ്ര. തോമസ് വർഗീസ് (സണ്ണി) തെക്കേക്കര, ബ്ര. ജോസഫ് തോമസ് ചിറക്കൽ എന്നിവരെയും ഒപ്പം നിന്ന് എ.സി. പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയവരെയും നന്ദിയോടെ ഓർക്കുന്നു.

ഈശോയിൽ സ്നേഹപൂർവ്വം,

**ബ്ര. തോമസ് ടി മൂലയിൽ**
സി.സി. പ്രസിഡന്റ്

## DCMS ന്റെ യൂണിറ്റുതല തെരഞ്ഞെടുപ്പുകൾ

KCBC SC/ST/BC കമ്മീഷന്റെ നിർദ്ദേശപ്രകാരം സംസ്ഥാനത്തെ എല്ലാ രൂപതകളിലുമുള്ള യൂണിറ്റ്, ഫൊറോനാ, രൂപതാതല തെരഞ്ഞെടുപ്പുകൾ നടത്തുന്നതിന്റെ ഭാഗമായി ചങ്ങനാശേരി അതിരൂപതയിലെ ഇടവകകളിലും തെരഞ്ഞെടുപ്പുകൾ നടത്തുന്നു. അതിരൂപതാ ഡയറക്ടർ ഫാ. ജോൺസൺ ചാലയ്ക്കൽ, അതിരൂപതാ ഭാരവാഹികൾ എന്നിവർ ചേർന്ന് ഇടവകകൾ സന്ദർശിക്കുകയും ബഹു. വികാരിയച്ചന്മാരുമായി ആലോചിച്ച് തെരഞ്ഞെടുപ്പു നടത്തുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്തുകയും ചെയ്തു വരുന്നു.

14.02.2021 ൽ നെടുംകുന്നം, നെടുമണ്ണി, മണിമല എന്നീ യൂണിറ്റുകളിലും. 28.02.2021 ൽ ചങ്ങനാശേരി, പുളിംങ്കുന്ന്, കോട്ടയം. ചമ്പക്കുളം എന്നീ ഫൊറോനാകളിലെ യൂണിറ്റുകളിൽ തെരഞ്ഞെടുപ്പുകൾ നടന്നു. ബാക്കി വരുന്ന ഫൊറോനകളിലെ യൂണിറ്റുകളിൽ 07.03.2021 ലും നടക്കുന്നതാണ്. ബഹു. വികാരിയച്ചന്മാരുടെയും യൂണിറ്റു പ്രവർത്തകരുടെയും സഹകരണം പ്രതീക്ഷിച്ചുകൊണ്ട്

സ്നേഹപൂർവ്വം,

**മാത്യു ജോസഫ്**
(ജന. സെക്രട്ടറി)

**ഫാ. ജോൺസൺ ചാലയ്ക്കൽ**
(ഡയറക്ടർ)

മല്പാൻ ഫാ. മാത്യു വെള്ളാനിക്കൽ





# അജപാലനശുശ്രൂഷാജീവിതം

(തിരുവചനഭാഗം: 1 പത്രോ 5,1-14)

'ദൈവഭവനത്തിന്റെ കരുതൽ' എന്നു ശീർഷകം കൊടുക്കാവുന്ന ഒരദ്ധ്യായമാണിത്. സഭയിലെ ശ്രേഷ്ഠന്മാർക്കും സഭാംഗങ്ങൾക്കും ഒരുമിച്ച് പത്രോസ്ശ്ലീഹാ നല്കുന്ന ഉപദേശങ്ങളാണ് ഈ അദ്ധ്യായം അവതരിപ്പിക്കുന്നത്. ഈ അദ്ധ്യായത്തെ ഇപ്രകാരം വിഭജിക്കാം:

1. അജപാലകരുടെ ശുശ്രൂഷാജീവിതം (5,1-4)
2. അനുസരണയുടെയും എളിമയുടെയും ജീവിതം (5,5-6)
3. സമചിത്തതയും ഉണർവ്വുമുള്ള ജീവിതം (5,7-8)
4. വിശ്വാസസ്ഥിരതയുള്ള ജീവിതം (5,9-11)
5. സഭാകൂട്ടായ്മയിലുള്ള ജീവിതം (5,12-14)

അജപാലനശുശ്രൂഷയുടെ സ്വഭാവവും അജപാലകർ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമായ കാര്യങ്ങളും ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കപ്പെടുന്നുണ്ട്. അജപാലകർക്കും അജഗണങ്ങൾക്കും ആദ്ധ്യാത്മികജീവിതത്തിന് പ്രയോജനപ്പെടുന്ന ചിന്തകളാണ് ഈ അദ്ധ്യായം അവതരിപ്പിക്കുന്നത്.

## 1. അജപാലകരുടെ ശുശ്രൂഷാജീവിതം

*''ഒരു സഹശ്രേഷ്ഠനും മിശിഹായുടെ സഹനങ്ങളുടെ ദൃക്സാക്ഷിയും വെളിപ്പെടാനിരിക്കുന്ന മഹത്ത്വത്തിന്റെ പങ്കുകാരനും എന്ന നിലയിൽ ഞാൻ നിങ്ങളുടെയിടയിലെ ശ്രേഷ്ഠന്മാരെ ഉപദേശിക്കുന്നു: നിങ്ങളെ ഏല്പിച്ചിരിക്കുന്ന ദൈവത്തിന്റെ അജഗണത്തെ പരിപാലിക്കുവിൻ. അതു നിർബന്ധം മൂലമായിരിക്കരുത്. ദൈവത്തെപ്രതി സന്മനസ്സോടെ ആയിരിക്കണം; ലാഭേച്ഛയോടെ ആയിരിക്കരുത്, തീക്ഷ്ണതയോടെ ആയിരിക്കണം; അജഗണത്തിന്റെമേൽ ആധിപത്യം പുലർത്തിക്കൊണ്ടായിരിക്കരുത്, സന്മാതൃക നല്കിക്കൊണ്ടായിരിക്കണം''* (5,1-3).

'ശ്രേഷ്ഠന്മാർ' എന്ന് ഇവിടെ പറയുന്നത് സഭയിൽ അജപാലനശുശ്രൂഷ നിർവഹിക്കുന്നവരെ ഉദ്ദേശിച്ചാണ്. ആദിമസഭയിൽ ശ്ലീഹന്മാരുടെ പിൻഗാമികളെ യഹൂദപശ്ചാത്തലത്തിൽ 'ശ്രേഷ്ഠന്മാർ' (Presbyteroi) (Col 15,2) എന്നും ഗ്രീക്കുപശ്ചാത്തലത്തിൽ 'മെത്രാന്മാർ' (Episcopoi) (ഫിലി 1,1) എന്നും വിശേഷിപ്പിക്കുന്നുണ്ട്. പത്രോസ്ശ്ലീഹാ 'ഒരു സഹശ്രേഷ്ഠൻ' എന്ന് സ്വയം വിശേ

ഷിപ്പിച്ചുകൊണ്ടാണ് ഇവിടെ ശ്രേഷ്ഠന്മാരെ ഉപദേശിക്കുന്നത്. അതുകൊണ്ട് ഈ ഉപദേശം അജപാലകരെ പ്രത്യേകം മുന്നിൽ കണ്ടുകൊണ്ടുള്ളതാണ്. അവരുടെ അജപാലനശുശ്രൂഷ അവർ നിർവഹിക്കേണ്ടത് 'അജഗണത്തെ പരിപാലിച്ചു'കൊണ്ടാണെന്ന് വ്യക്തമായി പറയുന്നു. അജഗണം ദൈവത്തിന്റെ സ്വന്തമാണ്. ''എന്റെ ആടുകളെ മേയിക്കുക'' (യോഹ 21,15-19) എന്നാണല്ലോ ഈശോ പത്രോസിനോടു പറഞ്ഞത്. അതുകൊണ്ട് ദൈവത്തോടുള്ള ഉത്തരവാദിത്വബോധത്തോടെ നാം അജപാലനശുശ്രൂഷ നിർവഹിക്കണം. ദൈവത്തിന്റെ സ്നേഹവും കരുതലും നല്കുന്നതിൽ അജപാലകർ ശ്രദ്ധിക്കണം. കേവലം മാനുഷികമായ പരിഗണനകളല്ല അജപാലനശുശ്രൂഷയിൽ മാനദണ്ഡമായിരിക്കേണ്ടത്.

അജപാലനശുശ്രൂഷയുടെ ഉത്തരവാദിത്വങ്ങൾ ഒരു ഭാരമായി കരുതാതെ സന്തോഷത്തോടെ ചെയ്യണം. അതുപോലെതന്നെ ആധിപത്യമനോഭാവം വെടിഞ്ഞ് കൂട്ടായ്മയിൽ ശുശ്രൂഷ ചെയ്യുവാൻ അജപാലകർക്കു കഴിയണം. അധികാരം സഭയിൽ എങ്ങനെയാണു കൈകാര്യം ചെയ്യേണ്ടതെന്ന് ഈശോ തന്നെ തന്റെ ശിഷ്യരെ പഠിപ്പിക്കുന്നുണ്ട്. ലൗകികാധികാരികൾ അധികാരം കൈകാര്യം ചെയ്യുന്നതുപോലെ ആകരുത് എന്നു വ്യക്തമായി പറയുന്നുണ്ട് (മർക്കോ 10,42-45). സഭയിൽ അധികാരികൾ 'ശുശ്രൂഷകരും' 'ദാസരും' ആയിരിക്കണമെന്നും, അതിനു മാതൃക, ശുശ്രൂഷിക്കാനും സ്വന്തം ജീവൻ അവർക്കുവേണ്ടി മോചനദ്രവ്യമായി നല്കാനും വന്ന, മനുഷ്യപുത്രനായ അവിടുന്നുതന്നെയാണെന്നും ഈശോ വ്യക്തമായി പറയുന്നു (മർക്കോ 10,45). നല്ല ഇടയനായ ഈശോയെപ്പോലെ സന്മാതൃക നല്കി ഇടവകജനത്തെ നയിക്കണമെന്നും ശ്ലീഹാ വ്യക്തമാക്കുന്നുണ്ട്. ഇതു തീർച്ചയായും സഹനത്തിന്റെ ജീവിതമായതുകൊണ്ട് ഇടയന്മാരുടെ തലവനായ മിശിഹായുടെ മഹത്ത്വത്തിൽ പങ്കുചേരുവാൻ കഴിയുമെന്ന പ്രത്യാശയും ശ്ലീഹാ നല്കുന്നുണ്ട്.

## 2. അനുസരണയുടെയും എളിമയുടെയും ജീവിതം

*''അപ്രകാരംതന്നെ യുവാക്കന്മാരേ, നിങ്ങൾ ശ്രേഷ്ഠന്മാർക്കു വിധേയരായിരിക്കുവിൻ. പരസ്പരവിനയത്തിന്റെ അങ്കി അണിയുവിൻ. ദൈവം അഹങ്കാരികളെ എതിർക്കുകയും വിനയമുള്ളവർക്കു കൃപ നല്കുകയും ചെയ്യുന്നു. ദൈവത്തിന്റെ ശക്തമായ കരത്തിൻകീഴിൽ, നിങ്ങൾ താഴ്മയോടെ നില്ക്കുവിൻ. അവിടുന്നു തക്കസമയത്തു നിങ്ങളെ ഉയർത്തിക്കൊള്ളും. നിങ്ങളുടെ ഉത്ക്കണ്ഠകളെല്ലാം അവിടുത്തെ ഏല്പിക്കുവിൻ. അവിടുന്നു നിങ്ങളുടെ കാര്യത്തിൽ ശ്രദ്ധാലുവാണ്''* (5,5-6).

യുവാക്കൾക്കുള്ള ഉപദേശമായിട്ടാണ് ഈ വാക്യങ്ങൾ എഴുതിയിരിക്കുന്നത്. എന്നാൽ ലേഖനത്തിന്റെ ആമുഖപശ്ചാത്തലത്തിൽ ഇവിടെ വിവക്ഷിക്കപ്പെടുന്നത് ശ്രേഷ്ഠന്മാരോട് അഥവാ മെത്രാന്മാരോട് ചേർന്നുനിന്ന് പൗരോഹിത്യത്തിന്റെ വിവിധ പദവികൾ, അതായത് പുരോഹിതർ, ശമ്മാശന്മാർ, മറ്റു ശുശ്രൂഷകൾ കൈകാര്യം ചെയ്യുന്നവർ എന്നിവരെല്ലാവരുമാണ്. അനുസരണയും എളിമയുമാണ് അവരിൽനിന്നും ആവശ്യപ്പെടുന്നത്. അനുസരണം സ്നേഹത്തിന്റെ അഥവാ കൂട്ടായ്മയുടെ ഒരു പ്രധാനപ്പെട്ട വശമാണ്. അതുണ്ടെങ്കിലേ പൗരോഹിത്യധർമ്മം ശരിയായവിധം നിർവഹിക്കാൻ കഴിയൂ. പുരോഹിതാഭിഷേകത്തിനുമുമ്പ് രൂപതാദ്ധ്യക്ഷനോട് അനുസരണം വാഗ്ദാനം ചെയ്യുന്ന പതിവ്

അഭിഷേകകർമ്മത്തിലുണ്ടല്ലോ. പുരോഹിതശുശ്രൂഷ അവശ്യം പുരോഹിതകൂട്ടായ്മയിൽ നിർവഹിക്കപ്പെടേണ്ടതാണ്. അതിന് അനുസരണവും എളിമയും അത്യന്താപേക്ഷിതമാണ്.

അരൂപിയുടെ വരദാനങ്ങളുള്ള എല്ലാ സഭാശുശ്രൂഷകർക്കും ഇതു ബാധകമാണ്. എല്ലാ സഭാംഗങ്ങൾക്കും വരദാനങ്ങളുണ്ടെന്ന് പൗലോസ്ശ്ലീഹാ വ്യക്തമാക്കുന്നുണ്ടല്ലോ (1 കൊറി 12,12-26). വരദാനങ്ങളെല്ലാം സഭാശുശ്രൂഷയ്ക്കുവേണ്ടിയാണ് നല്കപ്പെടുന്നത്. പക്ഷേ സഭാശുശ്രൂഷകരെല്ലാം ശ്ലൈഹികശുശ്രൂഷയ്ക്കു വിധേയപ്പെട്ടും ശ്ലൈഹികശുശ്രൂഷയോടുള്ള കൂട്ടായ്മയിലും തങ്ങളുടെ ദൗത്യങ്ങൾ നിർവഹിക്കണമെന്ന് ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നുണ്ട്. വരദാനങ്ങളിൽ ഒന്നാമത്തേത് ശ്ലീഹന്മാരുടേതായിട്ടാണല്ലോ പൗലോസ്ശ്ലീഹാ അവതരിപ്പിക്കുന്നത് (1 കൊറി 12,28-29). ഇപ്രകാരം അനുസരണയിലും കൂട്ടായ്മയിലും ശുശ്രൂഷ നിർവഹിക്കണമെങ്കിൽ എളിമ അനിവാര്യമാണ്. അതുകൊണ്ട് എളിമയോടെ, ജീവിതപ്രശ്നങ്ങളെക്കുറിച്ചുള്ള ഉത്ക്കണ്ഠ ഒഴിവാക്കി, ദൈവപരിപാലനയിൽ വിശ്വസിച്ചുകൊണ്ട് തങ്ങളുടെ ശുശ്രൂഷ നിർവഹിക്കുവാൻ സഭാശുശ്രൂഷകർക്കു കഴിയണം.

## 3. സമചിത്തതയും ഉണർവ്വുമുള്ള ജീവിതം

*''നിങ്ങൾ സമചിത്തതയോടെ ഉണർന്നിരിക്കുവിൻ. നിങ്ങളുടെ ശത്രുവായ പിശാച് അലറുന്ന സിംഹത്തെപ്പോലെ, ആരെ വിഴുങ്ങണമെന്ന് അന്വേഷിച്ചുകൊണ്ടു ചുറ്റിനടക്കുന്നു''* (5,7-8).

സമചിത്തത ഈശോയെ അനുഗമിക്കുന്നവരെല്ലാം ആർജ്ജിക്കേണ്ട ഒരു സവിശേഷതയാണ്. ഈശോയുടെ വാക്കുകൾ വി. മത്തായിസുവിശേഷകൻ ഇപ്രകാരം രേഖപ്പെടുത്തുന്നു: ''ഞാൻ ശാന്തശീലനും വിനീതഹൃദയനുമാകയാൽ എന്റെ നുകം വഹിക്കുകയും എന്നിൽനിന്നു പഠിക്കുകയും ചെയ്യുവിൻ. അപ്പോൾ നിങ്ങൾക്ക് ആശ്വാസം ലഭിക്കും'' (മത്താ 11,29). 'ശാന്തശീലം' എന്നു പറഞ്ഞാൽ അതിന്റെ അർത്ഥം നമുക്ക് പ്രകോപനമുണ്ടാകുന്ന സന്ദർഭങ്ങളിൽ 'സമചിത്തത' പാലിക്കുക എന്നതാണ്. തന്നെ കണ്ടുപഠിക്കുവാൻ ഈശോ ആവശ്യപ്പെടുന്ന ഏക സവിശേഷതയാണിത്. എല്ലാ വിശ്വാസികൾക്കും ഇതാവശ്യമാണെങ്കിലും ഇടവകവൈദികരെ സംബന്ധിച്ചിടത്തോളം ഇത് അത്യന്താപേക്ഷിതമാണ്. കാരണം അവർക്ക് വിവിധ സ്വഭാവമുള്ള വ്യക്തികളെയും വിവിധ പ്രശ്നങ്ങളുള്ള സാഹചര്യങ്ങളെയും നേരിടേണ്ടിവരും. അതുകൊണ്ട് അവർ സമചിത്തത കൈവെടിയാതെ ജീവിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കണം.

അതിന് ഉണർവ്വുള്ള ജീവിതം നയിക്കേണ്ടിയിരിക്കുന്നു. 'ഉണർവ്വ്' എന്നു പറയുന്നത് ദൈവസാന്നിദ്ധ്യത്തിലേക്കുള്ള ഉണർവ്വാണ്. അതായത്, പ്രാർത്ഥനാജീവിതമാണ്. പ്രാർത്ഥന അവശ്യം ദൈവസാന്നിദ്ധ്യത്തിലേയ്ക്കുള്ള 'ഉണർവ്വ്' ഉൾക്കൊള്ളുന്നതാണ്. ദൈവസാന്നിദ്ധ്യസ്മരണയില്ലാതെ പ്രാർത്ഥന പ്രാർത്ഥനയാവുകയില്ലല്ലോ. ഇരുപത്തിനാലു മണിക്കൂറും നമ്മുടെ ജീവിതത്തിൽ സന്നിഹിതനായിരിക്കുന്ന, സ്നേഹംതന്നെയാകുന്ന ദൈവത്തിന്റെ സാന്നിദ്ധ്യത്തിലേക്ക് ഉണർന്നിരിക്കുന്ന ജീവിതമാണ് പ്രാർത്ഥനാജീവിതം. അപ്രകാരം പ്രാർത്ഥനാജീവിതം നയിച്ചാൽ ശാന്തത കൈവെടിയാതെ ജീവിക്കാനും പ്രവർത്തിക്കാനും നമുക്കു കഴിയും. അതോടൊപ്പം സാത്താന്റെ സാന്നിദ്ധ്യത്തിലേക്കും ഉണർവ്വുള്ള ജീവിതം നയിക്കണമെന്ന് വി. പത്രോസ്ശ്ലീഹാ ഉപദേശിക്കുന്നു (5,8). സാത്താൻ

നേരിട്ടു നടത്തുന്ന ആക്രമണങ്ങളെ എന്നതിനെക്കാൾ മതമർദ്ദകരും സഭാദ്വേഷികളുമായ വ്യക്തികളിലൂടെ പ്രവർത്തനനിരതമാകുന്ന തിന്മയുടെ ശക്തിയെ അതിജീവിക്കുവാനും പുരോഹിതന് പ്രാർത്ഥനാജീവിതം ആവശ്യമാണ്.

## 4. വിശ്വാസസ്ഥിരതയുള്ള ജീവിതം

*''വിശ്വാസത്തിൽ ഉറച്ചുനിന്നുകൊണ്ട് അവനെ എതിർക്കുവിൻ. ലോകമെങ്ങുമുള്ള നിങ്ങളുടെ സഹോദരിൽനിന്ന് ഇതേ സഹനംതന്നെ ആവശ്യപ്പെട്ടിരിക്കുന്നെന്ന് അറിയുകയും ചെയ്യുവിൻ; തന്റെ നിത്യമഹത്ത്വത്തിലേക്കു മിശിഹായിൽ നിങ്ങളെ വിളിച്ചിരിക്കുന്ന അനുഗ്രഹദാതാവായ ദൈവം നിങ്ങളെ അല്പകാലത്തെ സഹനത്തിനുശേഷം പൂർണ്ണരാക്കുകയും സ്ഥിരീകരിക്കുകയും ശക്തരാക്കുകയും ചെയ്യും''* (5,9-10).

വിശ്വാസജീവിതം അവശ്യം സഹനം ഉൾക്കൊള്ളുന്ന ജീവിതമാണ്. അത് വ്യക്തിപരമോ പ്രാദേശികമോ മാത്രമല്ല, സാർവ്വത്രികസഭയുടെതന്നെ അടിസ്ഥാന സ്വഭാവമാണ്. 'വിശ്വാസികളുടെ സമൂഹം' എന്നാണല്ലോ സഭ ആദിമുതലേ അറിയപ്പെട്ടിരുന്നത് (ശ്ലീഹ 4,32). ക്രിസ്തീയജീവിതം അവശ്യം സഹനമുള്ള ജീവിതമാണ്. കാരണം ഈ ലോകത്തിൽ, ഈ ലോകത്തിന്റേതാകാതെ, ദൈവത്തിന്റേതായി ജീവിക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നവരുടെ സമൂഹമാണ് വിശ്വാസികളുടെ സമൂഹം. അതുകൊണ്ട് ലോകത്തിന്റെ ഭാഗത്തുനിന്ന് സഭാമക്കൾക്ക് വിദ്വേഷവും പീഡനങ്ങളും എപ്പോഴും എവിടെയും ഉണ്ടായിക്കൊണ്ടിരിക്കും. ''ലോകം നിങ്ങളെ ദ്വേഷിക്കും'' (യോഹ 15,18) എന്ന് ഈശോതന്നെ അരുൾച്ചെയ്തിട്ടുണ്ടല്ലോ. ഈ സഹനം ആഗോളസഭയുടെ പ്രതിഭാസമാണ്. അതുകൊണ്ട് ദൈവമക്കൾക്കടുത്ത സാഹോദര്യമനോഭാവത്തോടെയും പ്രതിബദ്ധതയോടെയും വിശ്വാസത്തിൽ സ്ഥിരതയോടെ നിലനില്ക്കണം എന്നത് അജപാലന ശുശ്രൂഷയിൽ ഏർപ്പെട്ടിരിക്കുന്ന പുരോഹിതർക്ക് തികച്ചും പ്രസക്തമാണ്.

സമാഗതമാകുന്ന യുഗാന്ത്യത്തിൽ സകല ദുഃഖങ്ങളും പീഡനങ്ങളും ആനന്ദമായി മാറുമെന്ന ചിന്തയും ഇതോടൊപ്പം ശ്ലീഹാ ഓർമ്മിപ്പിക്കുന്നുണ്ട്. ഇതിനുള്ള തെളിവായി ദൈവത്തിന്റെ സ്നേഹവും കാരുണ്യവുമാണ് ചൂണ്ടിക്കാണിക്കുന്നത്. ദൈവത്തിന്റെ ലക്ഷണങ്ങളായി ഇക്കാര്യം പലപ്പോഴും പത്രോസ്ശ്ലീഹ തന്റെ ലേഖനത്തിൽ പരാമർശിക്കുന്നുണ്ട്. ദൈവം കൃപാദായകനാണ് (1,2.10.13; 2,9.21; 3,9). മഹത്ത്വപൂർണ്ണനായ ദൈവം തന്റെ മഹത്ത്വത്തിലേക്കു വിശ്വാസികളെ ക്ഷണിക്കുന്നു (1,7.11.21; 4,11.13-14; 5,1.4). ഈശോ തന്റെ സഹനത്തിലൂടെ സാത്താന്റെമേൽ നേടിയ വിജയത്തിന്റെ പൂർണ്ണത വിശ്വാസികൾക്കു സംലഭ്യമാകുന്ന യുഗാന്ത്യംവരെയുള്ള ഇടവേളയുടെ സവിശേഷതയായി ഇപ്പോൾ അനുഭവിക്കുന്ന സഹനങ്ങളെ നാം മനസ്സിലാക്കണം. സാത്താനെയും അതിന്റെ വക്താക്കളായി ഇപ്പോൾ പ്രവർത്തിക്കുന്ന മതവിദ്വേഷകരെയും ദൈവം അന്തിമമായി പരാജയപ്പെടുത്തും എന്നതിനാൽ നഷ്ടധൈര്യരാകാതെ വിശ്വാസത്തിൽ സ്ഥിരതയോടെ പുരോഹിതർ നിലകൊള്ളണം.

## 5. സഭാകൂട്ടായ്മയിലുള്ള ജീവിതം

*''നിങ്ങളെപ്പോലെ തെരഞ്ഞെടുക്കപ്പെട്ട ബാബിലോണിലെ സഭയും എന്റെ പുത്രനായ മർക്കോസും നിങ്ങൾക്കു വന്ദനം പറയുന്നു. സ്നേഹചുംബനം കൊണ്ടു നിങ്ങൾ പരസ്പരം അഭിവാദനം ചെയ്യുവിൻ. മിശിഹായിലായിരിക്കുന്ന*

*നിങ്ങൾക്കെല്ലാവർക്കും സമാധാനം''* (5,13-14).

സഭ ഒരു കൂട്ടായ്മയാണ്. അതു കേവലം മാനുഷിക കൂട്ടായ്മയല്ല, ദൈവിക മായ, ത്രിത്വാത്മകകൂട്ടായ്മയാണെന്നും, അവർ തമ്മിലുള്ള കൂട്ടായ്മ പരസ്പരാ ശംസകളിലൂടെ പ്രകടമാക്കണമെന്നും സൂചിപ്പിച്ചുകൊണ്ടാണ് പത്രോസ്ശ്ലീഹാ ഈ ലേഖനം ഉപസംഹരിക്കുന്നത്. 'ബാബിലോണിലെ സഭ' (5,13) എന്നത് റോമിലെ സഭയെക്കുറിച്ചുള്ള സൂചനയാണ്. റോമിനെ സൂചിപ്പിക്കാൻ ആദിമ ക്രൈസ്തവരും യഹൂദരും ഉപയോഗിച്ചിരുന്ന രഹസ്യസംജ്ഞയാണ് 'ബാബി ലോൺ' എന്നത് (വെളി 14,8; 16,19; 17,5.18). ഇതിന് പ്രത്യേകമായ ഒരർത്ഥമുണ്ട്. ബാബിലോൺ യൂദയായുടെ പ്രവാസഭൂമിയായിരുന്നു. മതമർദ്ദനമനുഭവിക്കുന്ന ക്രൈസ്തവർ പ്രവാസകാലത്തിനു സമാനമായ പീഡനങ്ങളിലൂടെയാണു കടന്നു പോകുന്നത് എന്ന സന്ദേശമാണ് ഇവിടെ നല്കുന്നത്. ബാബിലോൺപ്രവാസം അര നൂറ്റാണ്ടിനുള്ളിൽ അവസാനിച്ചതുപോലെ സഭാംഗങ്ങളുടെ പീഡനങ്ങളും അവസാനിക്കും എന്ന പ്രത്യാശ ഈ പദപ്രയോഗത്തിലുണ്ട്.

സമാധാനം സകലർക്കും ആശംസിച്ചുകൊണ്ടുമാണ് ലേഖനം അവസാനി പ്പിക്കുന്നത്. സഹനത്തെ ദൈവഹിതാനുസൃതം നേരിടുന്നതിലൂടെ സമൂഹ ത്തിലും ഹൃദയത്തിലും സംജാതമാകുന്ന സമാധാനത്തെയാണ് പത്രോസ്ശ്ലീഹാ ഇവിടെ വിവക്ഷിക്കുന്നത്. ഈശോ കുരിശിൽ സഹനത്തെ നേരിട്ട് ലോകത്തിനു നേടിത്തന്ന സമാധാനം, ഈശോയെ അനുകരിച്ച് സ്വന്തമാക്കാനാണ് ശ്ലീഹാ ഉപദേശിക്കുന്നത്. ''സ്നേഹചുംബനംകൊണ്ട് നിങ്ങൾ പരസ്പരം അഭിവാദനം ചെയ്യുവിൻ'' (5,14) എന്നു പറയുന്നത് സഭാംഗങ്ങൾ തമ്മിലുള്ള കൂട്ടായ്മയും സഭകൾ തമ്മിലുള്ള കൂട്ടായ്മയും ആരാധനക്രമാഘോഷങ്ങളിൽമാത്രം ഒതു ങ്ങിനില്ക്കാതെ പ്രായോഗികജീവിതത്തിൽ പ്രാവർത്തികമാക്കി പരസ്പരം വിശ്വാസത്തിൽ ശക്തിപ്പെടുത്തണമെന്നും സൂചിപ്പിക്കുന്നുണ്ട്. ഇപ്രകാരമുള്ള ഒരു കൂട്ടായ്മയായി സഭാസമൂഹത്തെ വളർത്തുവാൻ പുരോഹിതരുടെ അജപാ ലനപ്രവർത്തനങ്ങൾ സഹായകരമാകണം.

## ജീവിതസൂചിക

1. നല്ല ഇടയനായ ഈശോയുടെ സാന്നിദ്ധ്യാനുഭവം നല്കി അജ പാലനശുശ്രൂഷ നിർവഹിക്കുവാൻ എനിക്കു കഴിയുന്നുണ്ടോ?
2. ദൈവപരിപാലനയിൽ വിശ്വസിച്ചുകൊണ്ട് അനുസരണയിലും എളിമയിലും പൗരോഹിത്യശുശ്രൂഷ നിർവഹിക്കുവാൻ ഞാൻ ശ്രമിക്കുന്നുണ്ടോ?
3. പ്രാർത്ഥനാജീവിതത്തിലൂടെ, ദൈവസാന്നിദ്ധ്യത്തിലേക്കുള്ള ഉണർവ്വോടെയും സമചിത്തതയോടെയും അജപാലനശുശ്രൂഷ നിർവഹിക്കുവാൻ ഞാൻ എങ്ങനെ പരിശ്രമിക്കുന്നു?
4. വിശ്വാസസ്ഥിരതയോടെ ജീവിക്കുവാൻ വിശ്വാസികളെ ഞാൻ പരി ശീലിപ്പിക്കുന്നുണ്ടോ?
5. ഇടവകയെയും രൂപതയെയും സഭയെയും കൂട്ടായ്മയിൽ വളർത്തു വാൻ ഞാൻ എങ്ങനെ ശ്രമിക്കുന്നു?



# അഭിവന്ദ്യ പിതാക്കന്മാരുടെ ഡയറി

## മാർ ജോസഫ് പെരുന്തോട്ടം

**ജനുവരി 2021**

30 രാവിലെ കുറിച്ചി മൈനർ സെമിനാരിയിൽ ഒന്നാം വർഷ വൈദിക വിദ്യാർഥികൾക്ക് ക്ലാസ് എടുത്തു. ചങ്ങനാശേരി എസ്.ബി. ഹയർസെക്കൻഡറി സ്കൂളിൽ സംഘടിപ്പിച്ച സംസ്ഥാനതല മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കി വിജയികളായ ചങ്ങനാശേരി കെ. സി. എസ്. എൽ. പ്രസ്ഥാനത്തിന് അനുമോദനങ്ങൾ നേർന്നു.

31 രാവിലെ ചങ്ങനാശേരി വിമലാ ഹോസ്റ്റലിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. പാസ്റ്റർ കൗൺസിൽ സംഘടിപ്പിച്ച ഫൊറോന ഭാരവാഹികളുടെ സെമിനാറിൽ പങ്കെടുത്ത് ആശംസകളും നിർദ്ദേശങ്ങളും നൽകി ഉദ്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ ഫാ. ചാൾസ് പൈങ്ങോട് സി.എം.ഐ. രചിച്ച *'സുറിയാനിക്കാരുടെ സഭാ ജീവിതവും ചില ചരിത്രരേഖകളും'* എന്ന പുസ്തകത്തിന്റെ പ്രകാശന കർമ്മം നിർവഹിച്ചു. വൈകുന്നേരം ദീപിക പ്രചാരണ പദ്ധതിയോടനുബന്ധിച്ച് ചങ്ങനാശേരി അതിരൂപത ഡി.എഫ്.സി. ഭാരവാഹികളുടെ ഓൺലൈൻ കോൺഫറൻസിൽ പങ്കെടുത്തു.

**ഫെബ്രുവരി 2021**

01 രാവിലെ ചങ്ങനാശേരി സെന്റ് മേരിസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. വൈകുന്നേരം നിരണം നാലാം വർഷ വൈദിക വിദ്യാർഥികൾക്ക് ക്ലാസ് എടുത്തു.

02 ഉച്ചകഴിഞ്ഞ് കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ക്രൈസ്തവസഭയിലെ മെത്രാന്മാരുമായുള്ള കൂടിക്കാഴ്ച്ച നടത്തിയ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്ത് അഭിപ്രായം രേഖപ്പെടുത്തി. വൈകുന്നേരം പുളിങ്കുന്ന് ഫൊറോനയുടെ ആഭിമുഖ്യത്തിൽ യുവദീപ്തി S. M.Y. M. സംഘടിപ്പിച്ച ദൈവാലയ ശുശ്രൂഷകരെ ആദരിക്കുന്ന *'മണിനാദം നിലച്ചിട്ടില്ല'* എന്ന പരിപാടി ഉദ്ഘാടനം ചെയ്തു ആശംസകൾ നേർന്നു.

03 രാവിലെ സന്ദർശകരെ സ്വീകരിച്ചു. ഈ വർഷം നവതി ആഘോഷിക്കുന്ന ചങ്ങനാശേരി അതിരൂപത ഇടവക വൈദികർക്കുവേണ്ടി ഇത്തിത്താനം സെന്റ് ജോസഫ് പ്രീസ്റ്റ് ഹോമിൽ സംഘടിപ്പിച്ച പരിപാടിയിൽ പങ്കെടുത്ത് ആശംസകൾ നേർന്ന് സംസാരിച്ചു. വൈകുന്നേരം താഴത്തുവടകര ലൂർദ് മാതാ ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് പരിശുദ്ധ കുർബാന അർപ്പിച്ച് സന്ദേശം നൽകി.

04 രാവിലെ കുറുമ്പനാടം സെന്റ് പീറ്റേഴ്സ് ഹയർ സെക്കൻഡറി സ്കൂളിന്റെ ശതാബ്ദി ആഘോഷങ്ങളിൽ പങ്കെടുത്ത് ഉദ്ഘാടനം ചെയ്തു. *'ഇന്റർനാഷ*

*ണൽ ഹ്യൂമൻ ഫ്രട്ടേണിറ്റി ഡേ'*യോടനുബന്ധിച്ച് ചെത്തിപ്പുഴ നേഴ്സിങ് കോളേജ് തയ്യാറാക്കിയ മീറ്റിങ്ങിൽ പങ്കെടുത്ത് ആശംസകൾ നേർന്ന് സംസാരിക്കുകയും, തുടർന്ന് പുതുതായി നിർമ്മിച്ച ഓക്സിജൻ ജനറേറ്റർ ആശീർവദിക്കുകയും ചെയ്തു. ചങ്ങനാശേരി എസ്.ബി. ഹയർ സെക്കൻഡറി സ്കൂളിൽ സംഘടിപ്പിച്ച സെൻട്രൽ പി.റ്റി.എ. മീറ്റിംഗിൽ പങ്കെടുത്ത് ഉദ്ഘാടനം ചെയ്തു. ഉച്ചകഴിഞ്ഞ് അതിരൂപതാ കേന്ദ്രത്തിൽ സംഘടിപ്പിച്ച എസ്.ബി. കോളേജ് മാനേജിങ് ബോർഡ് യോഗത്തിൽ പങ്കെടുത്തു. സന്ദർശകരെ അതിരൂപതാ കേന്ദ്രത്തിൽ സ്വീകരിച്ചു. വൈകുന്നേരം ഇന്റർനാഷണൽ ഹ്യൂമൻ ഫ്രട്ടേണിറ്റിഡേയോടനുബന്ധിച്ച് ഫ്രാൻസിസ് പാപ്പായുടെ നേതൃത്വത്തിലുള്ള ബ്രോഡ്കാസ്റ്റ് മീറ്റിംഗിൽ പങ്കെടുത്തു.

05 ഉച്ചകഴിഞ്ഞ് സന്ദർശകരെ അതിരൂപതാകേന്ദ്രത്തിൽ സ്വീകരിച്ചു. വൈകുന്നേരം ചങ്ങനാശേരി അതിരൂപത മഹായോഗത്തിനോടനുബന്ധിച്ച് ഓൺലൈനിൽ സംഘടിപ്പിച്ച ചർച്ചയിൽ പങ്കെടുത്ത് നിർദ്ദേശം നൽകി.

06 രാവിലെ നസ്രത്ത് സെന്റ് ജെറോം ദൈവാലയത്തിൽ കുരിശടി വെഞ്ചിരിപ്പും കുട്ടികളുടെ ആഘോഷ പൂർവ്വമായ പരിശുദ്ധ കുർബാന സ്വീകരണത്തിനും കാർമ്മികത്വം വഹിച്ചു. ഇത്തിത്താനം സെന്റ് മേരിസ് ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. സി.എം.ഐ. സന്യാസസമൂഹത്തിലെ ബഹു. കോൺസ്റ്റന്റെൻ മണലേൽ അച്ചന്റെ നിര്യാണത്തിൽ മാന്നാനം ദൈവാലയത്തിൽ എത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ഉച്ചകഴിഞ്ഞ് സമർപ്പിത ദിനത്തോടനുബന്ധിച്ച് ചങ്ങനാശേരി അതിരൂപതയിലെ സന്യാസ സമൂഹങ്ങളുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്ത് ആശംസകൾ അറിയിച്ചു സംസാരിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽ ജൈവകൃഷിയുടെ മാർക്കറ്റിംഗ് ഉദ്ഘാടന കർമ്മം നിർവഹിച്ചു.

07 രാവിലെ വടക്കേക്കര സെന്റ് മേരിസ് ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു തുടർന്ന് മീഡിയ റൂമിന്റെ ഉദ്ഘാടനം കർമ്മം നിർവഹിച്ചു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ സംഘടിപ്പിച്ച ജനപ്രതിനിധിയോഗത്തിന്റെ ഉദ്ഘാടനകർമ്മം നിർവഹിച്ചു സംസാരിച്ചു.

08 രാവിലെ ചീരഞ്ചിറ എ.എസ്.എം.ഐ. ജനറലെറ്റിൽ അഭിവന്ദ്യ ആന്റണി പടിയറ പിതാവിന്റെ ജന്മശതാബ്ദിയോടനുബന്ധിച്ചുള്ള പരിശുദ്ധ കുർബാനയർപ്പണത്തിലും ഗ്രോട്ടോ വെഞ്ചരിപ്പിലും കാർമ്മികത്വം വഹിച്ചു. തുടർന്നുള്ള സമ്മേളനത്തിൽ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. വൈകുന്നേരം, പായിപ്പാട് ലൂർദ് മാതാ ദൈവാലയത്തിൽ വിവാഹം ആശീർവദിച്ചു. കുറിച്ചി മൈനർ സെമിനാരിയിൽ ഒന്നാം വർഷ വൈദിക വിദ്യാർഥികൾക്കായി ക്ലാസ്സെടുത്തു.

09 രാവിലെ കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക്ക് കത്തീഡ്രൽ ദൈവാലയത്തിൽ അഭിവന്ദ്യ മാത്യു അറയ്ക്കൽ പിതാവിന്റെ മെത്രാഭിഷേകത്തിന്റെ 20-ാം വാർഷികത്തോടും പൗരോഹിത്യ സ്വീകരണത്തിന്റെ സുവർണ്ണ ജൂബിലിയോടുമനുബന്ധിച്ച് നടന്ന സമ്മേളനത്തിൽ സംബന്ധിച്ച് ആശംസകളർപ്പിച്ചു. അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

10 രാവിലെ ചങ്ങനാശേരി എസ്.ബി കോളേജിൽ നിന്നും ഈ വർഷം വിരമിക്കുന്ന അദ്ധ്യാപക-അനദ്ധ്യാപകരുടെ യാത്രയയപ്പ് സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. ഉച്ചകഴിഞ്ഞ്, വടവാതൂരിലുള്ള ദീപികയുടെ പ്രസ്സിലെ പുതിയ കെട്ടിടത്തിന്റെ വെഞ്ചെരിപ്പുകർമ്മം നടത്തി. വൈകുന്നേരം, നാലുകോടിയിലുള്ള പുതുജീവൻ ട്രസ്റ്റിന്റെ നവീകരിച്ച ചാപ്പലിന്റെ വെഞ്ചെരിപ്പുകർമ്മം നടത്തി. എസ്.ബി ഹയർ സെക്കന്ററി സ്കൂളിലെ കുടുംബസംഗമത്തിൽ പങ്കെടുത്തു.

11 രാവിലെ ചങ്ങനാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ അഭിവന്ദ്യ മാർ ആന്റണി പടിയറ പിതാവിന്റെ ജന്മശതാബ്ദി ദിനത്തിൽ പരിശുദ്ധ കുർബാനയ്ക്ക് മുഖ്യകാർമ്മികത്വം വഹിച്ചു തുടർന്നുള്ള അനുസ്മരണ സമ്മേളനത്തിൽ പങ്കെടുത്തു. ഉച്ചകഴിഞ്ഞ്, അതിരൂപതാ കേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം, ദീപിക ഫ്രണ്ട്സ് ക്ലബ്ബിന്റെ തെക്കൻ മേഖല ഭാരവാഹികളുടെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

12 രാവിലെ അതിരമ്പുഴ സെന്റ് മേരീസ് ഹയർസെക്കൻഡറി സ്കൂളിലെ വാർഷിക ആഘോഷവും യാത്രയയപ്പ് സമ്മേളനവും ഉദ്ഘാടനം ചെയ്തു. അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. വൈകുന്നേരം ചങ്ങനാശേരി എസ്.ബി കോളേജിലെ അധ്യാപകരായ വൈദികരുടെ സംഗമത്തിൽ പങ്കെടുത്തു.

13 രാവിലെ പായിപ്പാട് ലൂർദ് മാതാ ദൈവാലയത്തിൽ കൽക്കുരിശും വെ ഞ്ചരിപ്പും ആഘോഷ പൂർവ്വമായ പരിശുദ്ധ കുർബാന സ്വീകരണത്തിനും കാർമ്മികത്വം വഹിച്ചു. ചങ്ങനാശേരി എസ്.ബി. ഹയർസെക്കൻഡറി സ്കൂളിൽ നടത്തിയ കോർപ്പറേറ്റ് മാനേജ്മെന്റിന് കീഴിലുള്ള സ്കൂളുകളിൽ നിന്നും വിരമിക്കുന്ന അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും യാത്രയയപ്പ് സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു. കുടുംബക്കൂട്ടായ്മ-ബൈബിൾ അപ്പോസ്തലേറ്റ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഓൺലൈൻ ലിറ്റർജിക്കൽ ക്വിസ് മത്സരത്തിൽ സമ്മാനാർഹരായവർക്ക് അതിരൂപതാകേന്ദ്രത്തിൽവച്ച് സമ്മാനവിതരണം നടത്തി. ഉച്ചകഴിഞ്ഞ് അഭിവന്ദ്യ മാർ ആന്റണി പടിയറപിതാവിന്റെ ജന്മശതാബ്ദി ദിനത്തോടനുബന്ധിച്ച് മണിമല സെന്റ് ബേസിൽ ഇടവകയിൽ സംഘടിപ്പിച്ച സമ്മേളനത്തിൽ പങ്കെടുത്തു. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ മെത്രാഭിഷേക സുവർണ ജൂബിലി ആരംഭത്തോടനുബന്ധിച്ച് നടത്തിയ മീറ്റിംഗിൽ പങ്കെടുത്ത് ആശംസകൾ അറിയിച്ചു.

14 രാവിലെ അരുവിക്കുഴി ലൂർദ് മാതാ ദൈവാലയത്തിന്റെ ജൂബിലി ആഘോഷ സമാപനത്തോടും ഇടവക തിരുന്നാളിനോടനുബന്ധിച്ച് പരിശുദ്ധ കുർബാന അർപ്പിച്ചു, തുടർന്ന് ഇടവകാതിർത്തിയിലുള്ള കെയർ ഹോമുകൾ സന്ദർശിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽ ഹൗസ് പ്രൊക്കുറേറ്ററായി ശുശ്രൂഷ ചെയ്ത ഫാ. ചെറിയാൻ കക്കുഴി അച്ചന്റെ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു. വൈകുന്നേരം പള്ളിക്കൂട്ടുമ്മ ഇടവകാംഗമായ തൊണ്ണൂറംചിറ ഔസേപ്പ് കുര്യന്റെ നിര്യാണത്തിൽ ഭവനത്തിൽ എത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

15 രാവിലെ ചങ്ങനാശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ ദൈവാലയത്തിൽ വിഭൂതി തിരുക്കർമ്മങ്ങൾക്കും പരിശുദ്ധ കുർബാനയർപ്പണത്തിനും കാർമ്മികത്വം വഹിച്ചു. വൈകുന്നേരം പുല്ലങ്ങടി തിരുകുടുംബ ദൈവാലയത്തിന്റെ ഡയറക്ടറി പ്രകാശന കർമ്മം നിർവഹിച്ചു. നിരണം മാർത്തോമ ശ്ലീഹാ സെമിനാരിയിൽ നാലാം വർഷ വിദ്യാർഥികൾക്ക് ക്ലാസ് എടുത്തു.

16 ഉച്ചകഴിഞ്ഞ് ചങ്ങനാശേരി അതിരൂപതയുടെ കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ഡയറക്ടേഴ്സിന്റെയും മീറ്റിംഗിൽ പങ്കെടുത്തു.

17 വൈകുന്നേരം 22–ാമത് ചങ്ങനാശേരി അതിരൂപത ബൈബിൾ കൺവെൻഷൻ പാറേൽ സെന്റ് മേരീസ് ദൈവാലയത്തിൽ സന്ദേശം നൽകി ഉദ്ഘാടനം ചെയ്തു.

18 രാവിലെ അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു. ഉച്ചകഴിഞ്ഞ് അതിരൂപതാകേന്ദ്രത്തിൽ സംഘടിപ്പിച്ച ചങ്ങനാശേരി അതിരൂപതയുടെ കീഴിലുള്ള സഭാത്മക സ്ഥാപനങ്ങളുടെ ഡയറക്ടേഴ്സ് മീറ്റിംഗിൽ പങ്കെടുത്തു.

19 അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

20 ഐക്കരചിറ സെന്റ് ജോർജ് ദൈവാലയത്തിൽ അഡ്വക്കേറ്റ് ജോപ്പന്റെ ചരമദിന വാർഷികത്തോടനുബന്ധിച്ച് പരിശുദ്ധ കുർബാനയർപ്പിച്ച് സെമിത്തിരിയിൽ ഒപ്പീസ്ച്ചൊല്ലി പ്രാർത്ഥിച്ചു.

21 രാവിലെ ചാഞ്ഞോടി സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. സന്ദേശനിലയം ഹാളിൽ വെച്ച് നടത്തപ്പെട്ട ചങ്ങനാശേരി അതിരൂപത യുവദീപ്തി S.M.Y.M സെനറ്റ് ഭാരവാഹികളുടെ സംഗമത്തിൽ പങ്കെടുത്ത് ഉദ്ഘാടനം ചെയ്തു. വൈകുന്നേരം ചങ്ങനാശേരി മെത്രാപ്പോലീത്തൻ ഹാളിൽ സംഘടിപ്പിച്ച ജനപ്രതിനിധി സംഗമം ഉദ്ഘാടനം ചെയ്തു പ്രസംഗിച്ചു. ഇത്തിത്താനം സെന്റ് മേരീസ് ഇടവകാംഗവും പെരിഞ്ചേരിയിൽ കുടുംബാംഗവുമായ അന്നമ്മ വർഗീസിന്റെ നിര്യാണത്തിൽ ഭവനത്തിൽ എത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

22 ചങ്ങനാശേരി അതിരൂപതയിൽ ഈ വർഷം സേവനമനുഷ്ഠിക്കുന്ന റീജൻസി ബ്രദേഴ്സിനോടൊപ്പം പീരുമേട്ടിൽ, പരിശുദ്ധ കുർബാന അർപ്പിച്ചും ക്ലാസുകൾക്ക് നേതൃത്വം നൽകിയും അവരോടൊപ്പം കടന്നുപോയ അജപാലന ശുശ്രൂഷയുടെ വഴികൾ പങ്കുവെച്ചു കൊടുത്തു.

23 നല്ലതണ്ണി ബഹു. സേവ്യർ കൂടപ്പുഴയച്ചന്റെ ആശ്രമ ദൈവാലയം സന്ദർശിച്ചു.

24 അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

25 ഉച്ചകഴിഞ്ഞ് അതിരുങ്കൽ സെന്റ് ജോർജ് മലങ്കര കാത്തലിക് ദൈവാലയത്തിൽ മല്പാൻ ഗീവർഗീസ് ചേടിയത്തച്ചന്റെ നിര്യാണത്തിൽ ദൈവാലയത്തിൽ എത്തി ഒപ്പീസ് ചൊല്ലി. വൈകുന്നേരം അതിരൂപതാകേന്ദ്രത്തിൽ സന്ദർശകരെ സ്വീകരിച്ചു.

## മാർ തോമസ് തറയിൽ

**ജനുവരി 2021**

29 പൊടിപ്പാറ തിരുക്കുടുംബ ദൈവാലയത്തിൽ പ്രവേശകകൂദാശകൾ പരികർമ്മം ചെയ്തു. തുടർന്ന് ഇടവക തിരുനാളിനോടനുബന്ധിച്ച് ആഘോഷമായ പരിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകുകയും സിമിത്തേരി സന്ദർശനം നടത്തുകയും ചെയ്തു.

30 വെട്ടിക്കപ്പുരയിടം സെന്റ് സെബാസ്റ്റ്യൻ ദൈവാലയത്തിൽ ആഘോഷമായ പരിശുദ്ധ കുർബാന സ്വീകരണത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് വൈദികമന്ദിരം വെഞ്ചെരിച്ചു. ചങ്ങനാശേരി സെർവെൻസ് ഓഫ് ദി ഇമ്മാക്കുലേറ്റ് ലേഡി സന്ന്യാസ സമൂഹത്തിന്റെ കോൺവെന്റിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. ചങ്ങനാശേരി കത്തീഡ്രൽ ഇടവകാംഗമായ ത്രേസ്യാമ്മ ജോൺ കുരിശിങ്കൽപറമ്പിലിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. വേഴപ്രയിൽ പുതിയതായി നിർമ്മിക്കുന്ന സെന്റ് പോൾ ദൈവാലയത്തിന്റെ ശിലാസ്ഥാപനം നടത്തി.

31 താഴത്തങ്ങാടി തിരുഹൃദയ ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. കാർഡിനൽ ടിസറാംഗ് ഹാളിൽ വച്ച് നടന്ന അതിരൂപത പാസ്റ്ററൽ കൗൺസിൽ കമ്മിറ്റി കൺവീനർമാരുടെയും ഫൊറോന കൗൺസിൽ സെക്രട്ടറിമാരുടെയും സംഗമത്തിൽ അദ്ധ്യക്ഷത വഹിച്ചു. ബഹുമാനപ്പെട്ട തോമസ് പ്ലാപ്പറമ്പിലച്ചന്റെ നേതൃത്വത്തിൽ തോട്ടയ്ക്കാട് നിർമ്മിച്ച രണ്ട് സ്നേഹവീടുകളുടെ വെഞ്ചെരിപ്പു കർമ്മം നടത്തി. അതിരൂപതാകേന്ദ്രത്തിൽ നടന്ന ഡി.എഫ്.സി. ജനറൽ ബോഡി മീറ്റിംഗിൽ പങ്കെടുത്തു.

**ഫെബ്രുവരി 2021**

01–05 മധുരയിൽ നാഗമലൈ പുതുക്കോട്ടയിലെ പില്ലാർ ക്യാമ്പസിൽവെച്ച് മാർത്താണ്ഡം രൂപതയിലെ വൈദികർക്ക് വാർഷികധ്യാനം നൽകി.

03 എം.എസ്.ടി. ജനറലേറ്റിന്റെ ആഭിമുഖ്യത്തിൽ പൗരോഹിത്യസ്വീകരണത്തിന്റെ സിൽവർ ജൂബിലി ആഘോഷിക്കുന്ന വൈദികർക്കുവേണ്ടി നടത്തിയ ഓൺലൈൻ മീറ്റിംഗിൽ സംസാരിച്ചു.

05 വിരുതുനഗറിൽ ബഹുമാനപ്പെട്ട പീറ്റർ കിഴക്കയിലച്ചന്റെ കീഴിലുള്ള മിഷൻ പ്രദേശങ്ങൾ സന്ദർശിക്കുകയും പരിശുദ്ധ കുർബാന അർപ്പിക്കുകയും ചെയ്തു. മധുരയിൽ ആരംഭിക്കുന്ന തക്കല രൂപതാ മിഷന്റെ ഉദ്ഘാടന കർമ്മത്തിൽ പങ്കെടുത്തു, പരിശുദ്ധ കുർബാനയിൽ സഹകാർമ്മികനായി. അഭിവന്ദ്യ ജോർജ്ജ് രാജേന്ദ്രൻ പിതാവിനെ ബിഷപ് ഹൗസിൽ സന്ദർശിച്ചു. തക്കലയിലെ സി.എം.സി. പ്രൊവിൻഷ്യൽ ഹൗസ്, എ.എസ്.എം.ഐ. കോൺവെന്റ് തുടങ്ങിയവ സന്ദർശിച്ചു.

06 തിരുവനന്തപുരം ലൂർദ്ദ് മാതാ ഫൊറോന ദൈവാലയത്തിൽ വിവാഹം ആശീർവ്വദിച്ചു. ചങ്ങനാശേരി അതിരൂപതയുടെ ആഭിമുഖ്യത്തിൽ നടന്ന ഓൺലൈൻ സന്യസ്തസംഗമത്തിൽ പങ്കെടുത്തു. അമ്പൂരിയിൽ TAASC ന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് ഓർഗ

നൈസേഷൻ (FPO) മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. ഫൊറോന വൈദികസമ്മേളനത്തിൽ പങ്കെടുത്തു.

07 തിരുവനന്തപുരം ലൂർദ്ദ് മാതാ ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. മലങ്കര കാത്തലിക് യൂത്ത് മൂവ്മെന്റ് പത്തനംതിട്ട ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിയ യുവജന സെമിനാറിൽ ക്ലാസ്സെടുത്തു. ചങ്ങനാശേരി അതിരൂപതാകേന്ദ്രത്തിൽ വിളിച്ചുകൂട്ടിയ ചങ്ങനാശേരി മുൻസിപ്പൽ കൗൺസിലേഴ്സിന്റെ മീറ്റിംഗിൽ സംസാരിച്ചു.

08 കുറുമ്പനാടം സെന്റ് പീറ്റേഴ്സ് ഹയർ സെക്കൻഡറി സ്കൂളിൽ നടത്തിയ സ്കൂൾ വാർഷികവും യാത്രയയപ്പ് സമ്മേളനവും ഉദ്ഘാടനം ചെയ്തു. ചീരഞ്ചിറ എ.എസ്.എം.ഐ സന്യാസസമൂഹം നടത്തിയ മാർ ആന്റണി പടിയറ ജന്മ-ശതാബ്ദി അനുസ്മരണ മീറ്റിംഗിൽ അദ്ധ്യക്ഷത വഹിച്ചു.

09 തത്തംപള്ളി സെന്റ് മൈക്കിൾസ് ദൈവാലയത്തിൽ പ്രവേശകകൂദാശകൾ പരികർമ്മം ചെയ്തു. പുന്നപ്ര ദനഹാലയിൽ ക്ലാസെടുത്തു. നിരണം മാർത്തോമ്മാശ്ലീഹാ സെമിനാരിയിൽ ഹോം ഡേ ആഘോഷത്തിൽ പങ്കെടുത്തു.

10 തിരുവനന്തപുരം സെക്രട്ടറിയേറ്റ് കവാടത്തിൽ നാടാർ-ക്രിസ്ത്യൻ സംയുക്തസമിതിയുടെ ആഭിമുഖ്യത്തിൽ നടത്തിയ നാടാർ-ക്രിസ്ത്യൻ സംവരണം പുന:സ്ഥാപിച്ച കേരള സർക്കാരിനെ അനുമോദിച്ചുകൊണ്ടുള്ള സമ്മേളനത്തിൽ പ്രസംഗിച്ചു.

11 ചങ്ങനാശേരി കത്തീഡ്രൽ ദൈവാലയത്തിൽ മാർ ആന്റണി പടിയറ പിതാവിന്റെ ജന്മ-ശതാബ്ദി ദിനത്തിൽ നടത്തിയ പരിശുദ്ധ കുർബാനയിൽ സഹകാർമ്മകത്വം വഹിച്ചു. തുടർന്ന് നടന്ന അനുസ്മരണ സമ്മേളനത്തിൽ സ്വാഗതം ആശംസിച്ചു. വൈകുന്നേരം അരുവിക്കുഴി ലൂർദ്ദ് മാതാ ദൈവാലയത്തിൽ ഇടവക തിരുനാളിനോടനുബന്ധിച്ചു നടന്ന ആഘോഷമായ പരിശുദ്ധ കുർബാനമധ്യേ വചനസന്ദേശം നൽകി. ചങ്ങനാശേരി അതിരൂപത ഡി.എഫ്.സി. യുടെ നേതൃത്വത്തിൽ നടത്തിയ തിരുവനന്തപുരം, അമ്പൂരി, ആയൂർ ഫൊറോനകളിലെ വൈദികരുടെ ഓൺലൈൻ കോൺഫറൻസിൽ പങ്കെടുത്തു.

12 പച്ച-ചെക്കിടിക്കാട് ലൂർദ്ദ് മാതാ ദൈവാലയത്തിൽ ഇടവക തിരുനാളിനോടനുബന്ധിച്ച് ആഘോഷമായ പരിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. ചെത്തിപ്പുഴ സെന്റ് തോമസ് നേഴ്സിംഗ് കോളിജിന്റെ ആഭിമുഖ്യത്തിൽ ഒന്നാം വർഷ ബി.എസ്.സി നേഴ്സിംഗ് വിദ്യാർത്ഥികൾക്കും അവരുടെ മാതാപിതാക്കൾക്കുംവേണ്ടി നടത്തിയ മോട്ടിവേഷൻ സെഷനിൽ ക്ലാസെടുത്തു. കാവാലം സെന്റ് തെരേസാസ് ദൈവാലയത്തിൽ ഇടവക സ്ഥാപനത്തിന്റെ 150-ാം വാർഷികത്തിൽ ആഘോഷമായ പരിശുദ്ധ കുർബാന അർപ്പിക്കുകയും സിമിത്തേരി ചാപ്പൽ വെഞ്ചെരിക്കുകയും ചെയ്തു.

13 വലിയതോവാള ക്രിസ്തുരാജ ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിക്കുകയും തുടർന്ന് സിമിത്തേരിയിൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിക്കുകയും ചെയ്തു. മണിമല സെന്റ് ബേസിൽ ദൈവാലയത്തിൽ മാർ ആന്റണി

പടിയറ പിതാവിന്റെ ജന്മ-ശതാബ്ദിയോടനുബന്ധിച്ച് പരിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. മണിമല ഹോളി മെജൈ ദൈവാലയത്തിൽ പ്രവേശകകൂദാശകൾ പരികർമ്മം ചെയ്തു. ചങ്ങനാശേരി അതിരൂപത ഡി.എഫ്.സി. യുടെ നേതൃത്വത്തിൽ നടത്തിയ അതിരുമ്പുഴ, കുടമാളൂർ, കോട്ടയം ഫൊറോനകളിലെ വൈദികരുടെ ഓൺലൈൻ കോൺഫറൻസിൽ പങ്കെടുത്തു. അതിരൂപതാകേന്ദ്രത്തിൽ നടന്ന അഭിവന്ദ്യ മാർ ജോസഫ് പവ്വത്തിൽ പിതാവിന്റെ മെത്രാഭിഷേക സുവർണജൂബിലി ആരംഭത്തോട നുബന്ധിച്ചു നടത്തിയ മീറ്റിംഗിൽ ആശംസകൾ നേർന്നു.

14 കുമരങ്കരി സെന്റ് മേരീസ് ദൈവലയത്തിൽ പുതിയതായി നിർമ്മിക്കുന്ന വൈദികമന്ദിരത്തിന്റെ ശിലാസ്ഥാപനം നടത്തി. വടക്കേക്കര സെന്റ് മേരീസ് ദൈവാലയത്തിൽ തിരുനാളിനോടനുബന്ധിച്ച് ആഘോഷമായ പരിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. നെടുമുടി സെന്റ് ജെറോം ദൈവാലയത്തിൽ ചമ്പക്കുളം ഫൊറോന യുവദീപ്തി എസ്.എം.വൈ. എം. ന്റെ ആഭിമുഖ്യത്തിൽ നടന്ന യുവജനസംഗമത്തിൽ ക്ലാസെടുത്തു. കൈനകരി ചാവറ ഭവനിൽ പരിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. കുറുമ്പനാടം സെന്റ് ആന്റണിസ് ഫൊറോന ഇടവകാംഗമായ മറിയമ്മ തോമസ് കൊട്ടാരത്തിലിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. അതിരൂപതാകേന്ദ്രത്തിൽ ബഹുമാനപ്പെട്ട ചെറിയാൻ കക്കുഴി അച്ചന്റെ യാത്രയയപ്പ് സമ്മേളനത്തിൽ ആശംസകൾ നേർന്നു.

15 കുടമാളൂർ സെന്റ് മേരീസ് മേജർ ആർക്കിഎപ്പിസ്കോപ്പൽ പിൽഗ്രിം സെന്റർ ദൈവാലയത്തിൽ വിഭൂതി തിരുനാളിനു മുഖ്യകാർമ്മികത്വം വഹിച്ചു. പുന്നപ്ര ദനഹാലയിൽ ക്ലാസെടുത്തു.

16 ചെത്തിപ്പുഴ എസ്.ഡി. പ്രൊവിൻഷ്യൽ ഹൗസിൽ പരിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി. ചങ്ങനാശേരി അതിരൂപത എ.കെ.സി.സി യുടെ തിരഞ്ഞെടുപ്പിനോടനുബന്ധിച്ചു നടത്തിയ കമ്മിറ്റി മീറ്റിംഗിൽ പങ്കെടുത്തു. അതിരൂപതാകേന്ദ്രത്തിൽ നടത്തിയ ഉന്നതവിദ്യാഭ്യാസ സ്ഥാപനാധികാരികളുടെ യോഗത്തിൽ പങ്കെടുത്തു

17 പാറേൽ സെന്റ് മേരീസ് ദൈവാലയത്തിൽ 22-ാമത് ചങ്ങനാശേരി അതിരൂപത ബൈബിൾ കൺവൻഷൻ ഉദ്ഘാടനത്തിൽ പങ്കെടുത്തു.

18 എം.ഒ.സി. യിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് ദൈവശാസ്ത്ര വിദ്യാർത്ഥികളായ സന്യാസിനികൾക്ക് ക്ലാസെടുത്തു. കോട്ടയം എസ്.എച്ച്. മെഡിക്കൽ സെന്ററിൽ ചികിത്സയിൽ കഴിയുന്ന ബഹുമാനപ്പെട്ട ജോൺ മണക്കുന്നേലച്ചനെ സന്ദർശിച്ചു. ചങ്ങനാശേരി കത്തീഡ്രൽ ഇടവകാംഗമായ അച്ചാമ്മ ആന്റണി കുളത്തുങ്കലിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. അതിരൂപതാകേന്ദ്രത്തിൽ നടത്തിയ Ecclesiastical Institutions Directors Meet ൽ പങ്കെടുത്തു.

19 പാറേൽ സെന്റ് മേരീസ് ദൈവാലയത്തിൽ നടന്ന ചങ്ങനാശേരി അതിരൂപത ബൈബിൾ കൺവൻഷനിൽ വചനപ്രഘോഷണം നടത്തി.

20 126-ാമത് മാരാമൺ കൺവൻഷനിൽ യുവവേദിക്ക് മുഖ്യസന്ദേശം നൽകി.

21 പള്ളിക്കുന്ന് സെന്റ് തോമസ് ദൈവാലയത്തിൽ പരിശുദ്ധ കുർബാന അർപ്പിച്ച് വചനസന്ദേശം നൽകുകയും തുടർന്ന് ഓഡിറ്റോറിയത്തിന്റെ ശിലാസ്ഥാപനം നടത്തുകയും ചെയ്തു. കത്തീഡ്രൽ ഓഡിറ്റോറിയത്തിൽ ചങ്ങനാശേരി അതിരൂപത നടത്തിയ അതിരൂപതാംഗങ്ങളായ ജനപ്രതിനിധികളുടെ സംഗമത്തിൽ ആമുഖപ്രസംഗം നടത്തി.

22 ഇത്തിത്താനം സെന്റ് മേരീസ് ഇടവകാംഗമായ പൊൻപുഴ കോട്ടയിൽ അന്നമ്മ വർഗ്ഗീസിന്റെ മൃതസംസ്കാര ശുശ്രൂഷയിൽ സിമിത്തേരിയിലെ കർമ്മങ്ങൾക്ക് നേതൃത്വം നൽകി. ചങ്ങനാശേരി അതിരൂപത എസ്.എം.വൈ.എം. ന്റെ ആഭിമുഖ്യത്തിൽ മീഡിയ കോർഡിനേറ്റേഴ്സിനായി നടത്തിയ എലൈറ്റ് 2021 ഓൺലൈൻ മീറ്റിംഗിൽ സംസാരിച്ചു.

23 രാജമറ്റം ഇൻഫന്റ് ജീസസ്സ് ശിശുഭവനിൽ പരിശുദ്ധ കുർബാന അർപ്പിച്ചു. ക്ലെർജി കമ്മീഷന്റെ ഓൺലൈൻ മീറ്റിംഗിൽ പങ്കെടുത്തു.

25 ഫാത്തിമാപുരം ഇടവകാംഗമായ പൊട്ടക്കുളം പി.റ്റി തോമസിന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ ഭവനത്തിലെ കർമ്മങ്ങൾക്കു നേതൃത്വം വഹിച്ചു. കോട്ടയം ബിഷപ്പ് ജേക്കബ് മെമ്മോറിയൽ ഹാളിൽ കേരള സംയുക്ത ക്രൈസ്തവ മദ്യവർജ്ജന സമിതി *'മയപ്പെടുത്തരുത് മദ്യനയം'* എന്ന വിഷയത്തെ ആസ്പദമാക്കി നടത്തിയ ക്രൈസ്തവ മതമേലധ്യക്ഷ സംഗമത്തിൽ പ്രഭാഷണം നടത്തി. പെരുന്ന പുതുപ്പറമ്പിൽ പി.എ എബ്രാഹാമിന്റെ മൃതദേഹത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. കേരള ജസ്യൂട്ട് പ്രൊവിൻസ് സംഘടിപ്പിച്ച *'കോവിഡും മാനസിക സംഘട്ടനങ്ങളും'* എന്ന ഓൺലൈൻ പരിപാടിയിൽ ആമുഖപ്രഭാഷണം നടത്തി.



# E N G A G E M E N T S

**Mar Joseph Perumthottam**
Metropolitan Archbishop of Changanacherry

## 2021 MARCH

| | | |
|---|---|---|
| 01 | **10:00 am** | Nedumkunnam Forane Priests' Conference @ Mundathanam |
| | **06:30 pm** | Alapuzha Forane Priests' Conference @ Charamangalam |
| 02 | **10.00 am** | Kurumpanadom Forane Priests' Conference |
| | **03.00 pm** | Assumption College |
| | **06:30 pm** | Thrikodithanam Forane Priests' Conference |
| 03 | **04:30 pm** | SJCC Trust meeting |
| 04 | **10:00 am** | Pulincunnoo Forane Priests' Conference @ Kayalpuram |
| | **06:00 pm** | Kudamaloor Forane Priests' Conference |
| 05 | **06:00 pm** | Edathua Forane Priests' Conference |
| 06 | **10:00 am** | Pulincunnoo Forane Council |
| 07 | | Engaged |
| 08 | | Engaged |
| 09 | **10:00 am** | Athirampuzha Forane Priests' Conference |
| | **06:30 pm** | Kottayam Forane Priests' Conference |
| 10 | **05:00 pm** | Holy *Qurbana* @ Pastoral Centre Chapel |
| | **06:30 pm** | Provincial Synod |
| 11 | | Provincial Synod |
| 12 | **05:00 pm** | Monthly Recollection |
| 13 | **06:00 pm** | Lourde Matha College Alumni association Meeting |
| 14 | **07:15 am** | Holy *Qurbana* @ Kurumpanadom St. Antony’s Forane Church |
| 15 | **10:00 am** | Presbyteral Council |
| | **06:00 pm** | Thuruthy Forane Priests' Conference |

| | | |
|---|---|---|
| 16 | | Engaged |
| 17 | **04:30 pm** | Presbytery Blessing@ St. Joseph's Kavalam |
| 18 | **12:00 pm** | Priest Home |
| | **04:30 pm** | Holy *Qurbana* & Inauguration of the Year of St. Joseph@ Champakulam Basilica Church |
| 19 | **07:00 am** | Blessing of Renovated Church @ Vaipur St.Joseph's Church. |
| 20 | **10:00 am** | AKCC Election |
| 21 | **07:30 am** | Holy *Qurbana* @ Veroor St.Joseph Church |
| 22 | | Engaged |
| 23 | **10:00 am** | Goodness TV Interview |
| 24 | **06:15 am** | Holy *Qurbana* @ Priest Home |
| 25 | **06:00 am** | Diaconate |
| 26 | **02:30 pm** | Anniversary Celebration @ Asha Bhavan |
| 27 | **10:30 am** | Matru-Pitru Vedhi Anniversary |
| | **02:30 pm** | Class@ Amala Theological Collage |
| 28 | | Engaged |
| 29 | | Engaged |
| 30 | **10:00 am** | Manimala Forane Priests' Conference |
| | **05:00 pm** | Champakulam Forane Priests' Conference |
| 31 | | Engaged |



# E N G A G E M E N T S

**Mar Thomas Tharayil**
Auxiliary Bishop of Changanacherry

## 2021 MARCH

| | | |
|---|---|---|
| 01 | **10:00 am** | Nedumkunnam Forane Priests' Conference |
| | **05:30 pm** | Alappuzha Forane Priests' Conference |
| 02 | **06:30 am** | Holy *Qurbana* @ Priests' Home |
| | **10:00 am** | Kurumbanadam Forane Priests' Conference |
| | **05:30 pm** | Thrikodithanam Forane Priests' Conference |
| 03 | **03:00 pm** | **Visitors Time** |
| | **06:00 pm** | St. Joseph College of Communication Trust Meeting @ Media Village |
| 04 | **10:00 am** | Pulincunnoo Forane Priests' Conference |
| | **05:30 pm** | Kudamaloor Forane Priests' Conference |
| 05 | **03:00 pm** | **Visitors Time** |
| | **06:00 pm** | Edathua Forane Priests' Conference |
| 06 | **10:00 am** | LMIHM Board of Governors Meet @ Kuttichal |
| 07 | | Thiruvanandapuram |
| 08 | **10:30 am** | MBA Governing Board Meet @ Kuttichal, LMCST |
| | **05:00 pm** | Holy *Qurbana* @ St. Antony’s Chapel, Kavalam |
| 09 | **10:00 am** | Athirampuzha Forane Priests' Conference |
| | **05:30 am** | Kottayam Forane Priests' Conference |
| 10 - 11 | | Provincial Synod |
| 12 | **03:00 pm** | **Visitors Time** |
| | **05:00 pm** | Monthly Recollection |
| 13 | **06:00 pm** | Alumni Association Meet @ Kuttichal, LMCST |
| | **09:30 pm** | Online Seminar for Catechism Teachers, Mississauga Diocese |

| | | |
|---|---|---|
| 15 | **10:00 am** | Presbyteral Council |
| | **06:00 pm** | Thuruthy Forane Priests' Conference |
| 16 | | Engaged |
| 17 | **03:00 pm** | **Visitors Time** |
| 18 | **04:00 pm** | Holy *Qurbana* @ Champakulam Basilica |
| 19 | **09:00 am** | Holy *Qurbana* @ St. Jospeh's Kayalpuram |
| | **02:30 pm** | Class @ Amala Theological Center, Parel |
| 20 | **02:30 pm** | Youth Convention @ Mavelikkara |
| 21–26 | | Priests' Retreat @ Rajagiri CMI Province |
| 27–29 | | Thiruvanandapuram |
| 30 | **10:00 am** | Manimala Forane Priests' Conference |
| | **05:00 pm** | Champakulam Forane Priests' Conference |
| 30–31 | | Engaged |